بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 5

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 46

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 നവംബർ 12/ഹി.ശം. 1399 നുബുവ്വത്ത് 12/1442 റബീഉൽ അവ്വൽ 25

## അല്ലാഹുവിന്റെ വചനം

وَمَنۡ یَّکۡسِبۡ خَطِیۡٓئَۃً اَوۡ اِثۡمًا ثُمَّ یَرۡمِ بِہٖ بَرِیۡٓـًٔا فَقَدِ احۡتَمَلَ بُہۡتَانًا وَّاِثۡمًا مُّبِیۡنًا ۝

(النساء:112)

'ഏതൊരാൾ ഒരു തിന്മ പ്രവർത്തിക്കുന്നുവോ അയാൾ തന്റെ ആത്മാവിന് ദോഷകരമായിട്ടുതന്നെയായിരിക്കും അത് പ്രവർത്തിക്കുന്നത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിജ്ഞനുമാകുന്നു.' (4:112)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

☼(877) ഇബ്നു ഉമർ(റ) നിവേദനം: 'നിങ്ങളിൽ വല്ലവനും ജുമുഅയ്ക്കു വന്നാൽ അവൻ കുളിക്കണം.'

☼(879) അബൂസയീദുൽ ഖുദ്രി (റ) നിവേദനം: നബി(സ)തിരുമേനിപറഞ്ഞു:'പ്രായപൂർത്തിയെത്തിയ എല്ലാ മനുഷ്യർക്കും വെള്ളിയാഴ്ച ദിവസം കുളി നിർബന്ധമാണ്.'

☼(880) അബൂസയീദുൽ ഖുദ്രി (റ)നിവേദനം: നബി(സ)തിരുമേനി ഇപ്രകാരം പറഞ്ഞതായി ഞാനിതാ സാക്ഷ്യം വഹിച്ചുകൊള്ളുന്നു: 'പ്രായപൂർത്തിയെത്തിയ എല്ലാ മനുഷ്യർക്കും വെള്ളിയാഴ്ച ദിവസം കുളി നിർബന്ധമാണ്. അപ്രകാരംതന്നെ ദന്തശുദ്ധീകരണവും കിട്ടിയെങ്കിൽ സുഗന്ധവസ്തു ഉപയോഗിക്കലും.'

(ഹദ്റത്ത് സയ്യിദ് സയ്നുൽആബിദീൻ വലിയുല്ലാഹ് സാഹിബ് പറയുന്നു: 'അതായത് ശ്രേഷ്ഠത എന്നതിന്റെ അടിസ്ഥാനത്തിൽ ജുമുഅ ദിവസം കുളിക്കുന്നത് അനിവാര്യമാണ്. അതുപോലെതന്നെ പല്ലുതേക്കുക എന്നതും സുഗന്ധം പൂശുക എന്നതും. ഇതെല്ലാം ശ്രേഷ്ടത എന്നതിന്റെ അടിസ്ഥാനത്തിൽ അനിവാര്യമാണ്. എന്നാൽ, നിർബന്ധമല്ല. ഇതുകൂടാതെ നമസ്കാരംതന്നെ ശരിയാകുകയില്ല എന്നല്ല).

**തിരുത്ത്**: 43-ാം ലക്കത്തിൽ ഒന്നാം പേജിൽ 'മുഴുവൻ ജനതയുടേയും സ്വഭാവഗുണം ഒരാൾ മരിച്ചാൽ....'എന്ന ശീർഷകത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, എന്നത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നുവെന്ന് തിരുത്തി വായിക്കാൻ അപേക്ഷിക്കുന്നു. **(പത്രാധിപർ)**

## ഈ ലക്കത്തിൽ

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

ഖുത്വ്ബ ജുമുഅ 2020 ഒക്ടോബർ 09 (സമ്പൂർണ തർജമ)

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്

**പ്രദർശനപരതകൊണ്ട് യഹൂദികളിലുണ്ടായ വിപത്ത് അവർ മസീഹിനെ നിഷേധിച്ചുകൊണ്ടിരിക്കുന്നുവെന്നതാണ്. ഇതേ മുസ്വീബത്താണ് നമ്മുടെ കാലത്തെ മൗലവിമാർക്കും മുല്ലാക്കമാർക്കും ഉണ്ടായിരിക്കുന്നത്. മസീഹും മഹ്ദിയും വന്ന് യുദ്ധങ്ങൾ ചെയ്യുമെന്ന് അവർ കാത്തിരുന്നു. പക്ഷേ,അല്ലാഹു ഇക്കാര്യം പരിഗണിച്ചില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### അബൂലഹ്ബും ഹമ്മാലത്തൽഹത്വബും

വിശുദ്ധ ഖുർആനിലെ അബൂലഹ്ബ് പ്രയോഗം പൊതുവായിട്ടുള്ളതാണ്; പ്രത്യേകമായിട്ടുള്ളതല്ല. ഇതുകൊണ്ടുള്ള ഉദ്ദേശ്യം കത്തിജ്വലിക്കലിന്റേയും ആളിക്കത്തലിന്റേയും ബീജമുള്ള ആൾ എന്നാണ്. ഇതുപോലെ തന്നെയാണ് ഹമ്മാലത്തൽഹത്വബും. വിറകുകച്ചവടക്കാരി എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഏഷണിക്കാരിയായിട്ടുള്ളവളാണ്. ഏഷണി പറഞ്ഞു തീകൊളുത്തി നടക്കുന്ന സ്ത്രീ. അവൾ ആളുകൾക്ക് ശല്യമുണ്ടാക്കുന്നു.

ഭൗതികലോകത്തെ സമ്പത്തും രാജാധിപത്യവും അസൂയപ്പെടാനുള്ളതല്ല. എന്നാൽ, അസൂയ ദുആ ചെയ്യാനുള്ള അവസരമാണ്. ഞാൻ ഹാജരുള്ളവരും ഹാജരില്ലാത്തവരുമായവരിൽനിന്ന് പേര് ഓർമവരുന്നവർക്കും അല്ലെങ്കിൽ രൂപം ഓർമവരുന്നവർക്കുംവേണ്ടി ഇന്ന് ധാരാളം ദുആ ചെയ്തു. എത്രധികം ദുആ ചെയ്തുവെന്നാൽ ഉണങ്ങിയ വിറകിനുവേണ്ടിയാണ് ചെയ്തിരുന്നതെങ്കിൽ അത് പച്ചനിറഞ്ഞതാകുമായിരുന്നു. നമ്മുടെ സ്നേഹിതന്മാർക്ക് ഇത് വലിയ അടയാളമാണ്......

### പ്രദർശനപരത വഴികേടിന് നിമിത്തമാണ്.

പ്രദർശനപരതകൊണ്ട് യഹൂദികളിലുണ്ടായ വിപത്ത് അവർ മസീഹിനെ നിഷേധിച്ചുകൊണ്ടിരിക്കുന്നുവെന്നതാണ്. ഇതു മാത്രമല്ല മറിച്ച് നമ്മുടെ നബി(സ)തിരുമേനിയേയും നിഷേധിച്ചുകൊണ്ടിരിക്കുന്നു. വരുന്ന മസീഹ് രാജാവായിട്ടായിരിക്കും വരികയെന്നും വളരെ പ്രൗഢിയോടും ആരവത്തോടുംകൂടി ദാവൂദിന്റെ സിംഹാസനത്തിൽ അവരോധിതനാകുമെന്നും അതിനുമുമ്പേ ഏലിയാവ് ആകാശത്തുനിന്ന് ഇറങ്ങുമെന്നുമാണ് അവർ ധരിച്ചുകൊണ്ടിരുന്നത്. എന്നാൽ, മസീഹ് വന്നിട്ട് ഏലിയാവ്, യോഹന്നാനാണെന്ന് പറഞ്ഞു. അദ്ദേഹം രാജാവാകുന്നതിനുപകരം തലചായ്ക്കാനിടമില്ലാത്ത നിസഹായത കാണിച്ചു. പ്രദർശനപരതക്കാരായ യഹൂദികൾ പിന്നെങ്ങനെ വിശ്വസക്കാനാണ്? അതിനാൽ അവർ അദ്ദേഹത്തെ ശക്തിയുക്തം നിഷേധിച്ചു. ഇപ്പോഴും നിഷേധിച്ചുകൊണ്ടിരിക്കുകയുമാണ്. ഇതേ മുസ്വീബത്താണ് നമ്മുടെ കാലത്തെ മൗലവിമാർക്കും മുല്ലാക്കമാർക്കും ഉണ്ടായിരിക്കുന്നത്. മസീഹും മഹ്ദിയും വന്ന് യുദ്ധങ്ങൾ ചെയ്യുമെന്ന് അവർ കാത്തിരുന്നു. പക്ഷേ, അല്ലാഹു ഇക്കാര്യം പരിഗണിച്ചില്ല. ബുഖാരിയാണെങ്കിൽ 'യളഉൽഹർബ്' എന്ന് പറഞ്ഞ് യുദ്ധംതന്നെ അവസാനിപ്പിച്ചിരിക്കുന്നു. എന്നിട്ടും സമാധാനവും ശാന്തിയും ആഗ്രഹിക്കുന്ന ഈയാളെ വിശ്വസിക്കാൻ ആഗ്രഹിക്കുന്നില്ല.'

**(മൽഫൂദാത്ത് വാല്യം 1, പേജ് 220 – 221, ഖാദിയാൻ)**

**നിങ്ങൾക്ക് യുദ്ധത്തിൽ സ്ത്രീകളേയും കുട്ടികളേയും വൃദ്ധരേയും വധിക്കാൻ അനുവാദമില്ല.
ഉടമ്പടി ലംഘിക്കാനും വഞ്ചിക്കാനും വധിക്കപ്പെട്ടവരുടെ മൂക്കും ചെവിയും അരിഞ്ഞെടുക്കാനും
പാതിരിമാരേയും പണ്ഡിറ്റുകളേയും ജ്ഞാനികളേയും വധിക്കാനും നിങ്ങൾക്ക് അനുവാദമില്ല.
തോട്ടമോ മരമോ മുറിക്കാനും കെട്ടിടങ്ങൾ തകർക്കാനും തീവെക്കാനും നിങ്ങൾക്ക് അനുവാദമില്ല.
എപ്പോഴെങ്കിലും ഇതിന്നെതിരിൽ ചെയ്താൽ നബി(സ)തിരുമേനി ശക്തമായി വെറുപ്പ് പ്രകടിപ്പിക്കുമായിരുന്നു.**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഭൗതിക ഭരണകൂടങ്ങൾ ഏതെങ്കിലും രാജ്യത്ത് കടക്കുമ്പോൾ വീണ്ടുവിചാരമില്ലാതെ അക്രമങ്ങൾ ചെയ്യാൻ തുടങ്ങുന്നു. ഭരണാധിപത്യം സ്ഥാപിക്കാൻ വേണ്ടി മാത്രമാണിത്. എന്നാൽ. ഇസ്‌ലാം അത് അനുവദിക്കുന്നില്ല. അതുപോലെതന്നെ നബി(സ) തിരുമേനി പറഞ്ഞു: 'ജയിച്ചടക്കിയ രാജ്യങ്ങളിൽ പ്രവേശിക്കുമ്പോൾ ജനങ്ങൾക്ക് ബുദ്ധിമുട്ടാകാത്ത എളുപ്പമായിട്ടുള്ള കാര്യങ്ങളാണ് നടപ്പിൽ വരുത്തേണ്ടത്.' വീണ്ടും പറഞ്ഞു: 'സൈന്യം റോഡിലൂടെ കടന്നുപോകുമ്പോൾ സാധാരണക്കാരുടെ വഴി തടസമാകാത്തവിധമാണ് പോകേണ്ടത്.' ഒരു സ്വഹാബി പറയുന്നു: 'ഒരിക്കൽ സൈന്യം പുറപ്പെട്ട് പോകുമ്പോൾ ആളുകൾക്ക് തങ്ങളുടെ വീടുകളിൽനിന്ന് പുറത്തിറങ്ങുന്നതും വഴിയിലൂടെ നടക്കുന്നതും പ്രയാസമായി. അപ്പോൾ നബി(സ)തിരുമേനി വിളംബരം ചെയ്യിച്ചു: 'വീടുകൾ അടപ്പിച്ചവരുടേയും വഴി തടഞ്ഞവരുടേയും ജിഹാദുതന്നെ ജിഹാദല്ല.' ചുരുക്കത്തിൽ ഇസ്‌ലാം പറയുന്നു: 'നിങ്ങൾക്ക് യുദ്ധത്തിൽ സ്ത്രീകളെ വധിക്കാൻ അനുവാദമില്ല. നിങ്ങൾക്ക് കുട്ടികളെ വധിക്കാൻ അനുവാദമില്ല. നിങ്ങൾക്ക് വൃദ്ധരെ വധിക്കാൻ അനുവാദമില്ല. ഉടമ്പടി ലംഘിക്കാൻ അനുവാദമില്ല. വഞ്ചിക്കാൻ അനുവാദമില്ല. വധിക്കപ്പെട്ടവരുടെ മൂക്കും ചെവിയും അരിഞ്ഞെടുക്കാൻ നിങ്ങൾക്ക് അനുവാദമില്ല. പാതിരിമാരേയും പണ്ഡിറ്റുകളേയും ജ്ഞാനികളേയും വധിക്കാൻ നിങ്ങൾക്ക് അനുവാദമില്ല. തോട്ടമോ മരമോ മുറിക്കാൻ നിങ്ങൾക്ക് അനുവാദമില്ല. കെട്ടിടങ്ങൾ തകർക്കാനോ തീവെക്കാനോ നിങ്ങൾക്ക് അനുവാദമില്ല. എപ്പോഴെങ്കിലും ഇതിന്നെതിരിൽ ചെയ്താൽ നബി(സ)തിരുമേനി ശക്തമായി വെറുപ്പ് പ്രകടിപ്പിക്കുമായിരുന്നു. അറേബ്യയിലെ നിയമമനുസരിച്ച് സ്ത്രീകളും യുദ്ധത്തിൽ പങ്കെടുക്കാറുണ്ടായിരുന്നു. അവർ മറ്റുള്ളവരെ വധിച്ചിരുന്നു. അവർതന്നെയും വധിക്കപ്പെട്ടിരുന്നു. എന്നാൽ, ഒരു അവസരത്തിൽ യുദ്ധത്തിനുശേഷം ഒരു സ്ത്രീയുടെ മൃതശരീരം നബി(സ)തിരുമേനി കണ്ടപ്പോൾ അവിടത്തെ മുഖത്ത് ദുഃഖത്തിന്റേയും ദേഷ്യത്തിന്റേയും ലക്ഷണങ്ങൾ പ്രകടമായി. അവിടന്ന് പറഞ്ഞു: 'ഇസ്‌ലാം ഇത് ഇഷ്ടപ്പെടുന്നില്ല. ഈ നടന്നിരിക്കുന്നത് ഇസ്‌ലാമികാധ്യാപനങ്ങൾക്ക് വിരുദ്ധമാണ്.' (ബുഖാരി, വാള്യം 2, കിതാബുൽ ജിഹാദ്)

ഉഹുദ് യുദ്ധത്തിൽ നബി(സ)തിരുമേനി ഒരു വാൾ കാണിച്ചുകൊണ്ട് പറഞ്ഞു,

**(ശേഷം പേജ് 12ൽ)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദർ ബോർഡ്,ഖാദിയാൻ

لَا اِلٰہَ اِلَّا اللّٰہُ مُحَمَّدٌ رَّسُوْلُ اللّٰہِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സ്വുലഹാഇ**

**മൗലവി മുഹമ്മദ് ഹുസയ്ൻ ഇശാഅത്തുസ്സുന്നയിൽ ഇൽഹാമിനെ പ്രമാണവും തെളിവുമായി അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നു! അതിന്നെതിരിൽ സ്ഥാപിതമാകുകയാണെങ്കിൽ അദ്ദേഹത്തിന് 100 രൂപ ഇനാമുണ്ട്.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടേയും ഇടയിൽ ഒരു സംവാദം 1891 ജൂലായ് 20 മുതൽ 31 വരെ, 12 ദിവസം ഉണ്ടായതിനെക്കുറിച്ച് കഴിഞ്ഞ ലക്കങ്ങളിൽ പറഞ്ഞുകഴിഞ്ഞതാണ്. സംവാദത്തിന്റെ വിഷയം ഹദ്റത്ത് മസീഹ് മൗഊദ്(അ) നിശ്ചയിച്ചത് ‘ഈസാനബിയുടെ ജീവിതവും മരണവും’ എന്നതായിരുന്നു. അപ്പോൾ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി എഴുതി: ‘താങ്കളുടെ മസീഹ് മൗഊദാണെന്ന വാദത്തിലാണ് ആദ്യം സംവാദം നടക്കേണ്ടത്. പിന്നീട് മസീഹിന്റെ മരണത്തെ സംബന്ധിച്ചും.’ അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതി: ‘യഥാർഥ കാര്യം ഈ സംവാദത്തിൽ ജനാബ് മസീഹുബ്നു മർയമിന്റെ വഫാത്ത് അല്ലെങ്കിൽ ഹയാത്താണ്. എന്റെ ഇൽഹാമിലും ഇതു യഥാർഥകാര്യമായി പറയപ്പെട്ടിരിക്കുന്നു. കാരണം ഇൽഹാം ഇതാണ്, ‘മസീഹുബ്നുമർയം റസൂലുല്ലാഹ് മരിച്ചുപോയികഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ വർണത്തിൽ വാഗ്ദാനമനുസരിച്ച് നീ വന്നിരിക്കുന്നു.’ അതിനാൽ ഒന്നാമത്തേതും യഥാർഥവുമായ കാര്യം ഇൽഹാമിലും ‘മർയമിന്റെ മകൻ മസീഹ് വഫാത്തായികഴിഞ്ഞിരിക്കുന്നു’ എന്നുതന്നെയാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. താങ്കൾ ഹദ്റത്ത് മസീഹ് ജീവിച്ചിരിക്കുന്നുവെന്ന് തെളിയിക്കുകയാണെങ്കിൽ, ഇൽഹാമിലെ ആദ്യവാക്യത്തിൽ പറഞ്ഞ കാര്യം അതുമുഖേന നിരർഥമായിപോകും. അപ്രകാരം തന്നെ രണ്ടാമത്തെ വാക്യവും നിരർഥമായിപ്പോകും. കാരണം എന്റെ വാദത്തിന്റെ സത്യതയുടെ നിബന്ധന മസീഹിന്റെ മരണമാണെന്നാണ് അല്ലാഹു വിവരിച്ചിട്ടുള്ളത്.’

ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞു: ‘ഞാൻ ഏറ്റുപറയുകയും ആണയിട്ടു പറയുകയും ചെയ്യുന്നു, ‘താങ്കൾ മസീഹ് ജീവിച്ചിരിക്കുന്നുവെന്ന് വിശുദ്ധഖുർആനിൽനിന്ന് സ്ഥാപിച്ചാൽ ഞാൻ എന്റെ വാദത്തിൽനിന്ന് പിന്മാറുന്നതായിരിക്കും. ഇൽഹാമിനെ ശയ്ത്വാന്റെ ബോധനമെന്ന് മനസ്സിലാക്കുകയും തൗബ ചെയ്യുകയും ചെയ്യും.’ (റൂഹാനീഖസാഇൻ, വാള്യം 4, തആറുഫെ മുബാഹഥ ലുധിയാന, പേജ് 13)

പക്ഷേ, കഴിഞ്ഞ ലക്കങ്ങളിൽ പറഞ്ഞതുപോലെ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി മുഴുവൻ സംവാദവും തകിടം മറിച്ചുകളഞ്ഞു. അദ്ദേഹം യഥാർഥ വിഷയത്തിലേക്ക് കടക്കാതെ ഹദീഥുകൾ, പ്രത്യേകിച്ചും സ്വഹീഹ് ബുഖാരിയുടെയും സ്വഹീഹ് മുസ്‌ലിമിന്റെയും ഹദീഥുകളുടെ സ്ഥാനവും പദവിയും എന്താണെന്ന കാര്യത്തിൽ മാത്രം നിലകൊണ്ടു. ബുഖാരിയിലും മുസ്‌ലിമിലും വന്നിട്ടുള്ള എല്ലാ ഹദീഥുകളും ഒരുവിധ അന്വേഷണവും കൂടാതെ നിർബന്ധമായും സ്വീകരിച്ചുകൊള്ളണമെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാടും. വിശുദ്ധഖുർആൻ ഹദീഥുകളെ ഉരച്ചുനോക്കുന്നതിനുള്ള ഉരകല്ല് അല്ലത്രെ!! വിശുദ്ധഖുർആനനുസരിച്ച് ഒരു മാർഗവും യോജിച്ചുവരേണ്ട ആവശ്യമില്ലത്രെ!! കാരണം സ്വഹീഹ് എന്നു പറയുന്ന ഹദീഥ് വിശുദ്ധഖുർആൻ എതിരാവുകയില്ലത്രെ!!

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ അഭിപ്രായം വിവരിച്ചു: ‘വിശുദ്ധഖുർആന്റെ സ്ഥാനം ഹദീഥുകൾക്ക് മീതെയാണ്. അത് ഹദീഥുകൾ പരിശോധിക്കുന്നതിനുള്ള ഉരകല്ലാണ്. വിശുദ്ധഖുർആന് വിരുദ്ധമല്ലാത്ത ഹദീഥുകളെ സ്വീകാരാർഹമാകുകയുള്ളൂ. ഏതെങ്കിലും ഹദീഥ് വിശുദ്ധഖുർആനിന്റെ ഏതെങ്കിലും വിഷയത്തിന് എതിരാണെങ്കിൽ അവ തമ്മിൽ കൂട്ടിയിണക്കാൻ ശ്രമിക്കുന്നതായിരിക്കും. ഒരുവിധത്തിലും അവതമ്മിൽ യോജിക്കുന്നില്ലെന്ന് കണ്ടാൽ അവയെ മൗളൂഅ്(കല്പിതം) എന്ന് നിശ്ചയിക്കുകയും തള്ളുകയും ചെയ്യുന്നതായിരിക്കും.’

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ‘ഹദീഥ് പണ്ഡിതന്മാർ ഏതെങ്കിലും ഹദീഥിനെ സംബന്ധിച്ച് അത് ശരിയാണെന്ന് പറഞ്ഞാൽ അതിന്റെ അർഥം ആ ഹദീഥ് എല്ലാവിധത്തിലും പൂർണമായ നിലയിലുള്ളതാണെന്നല്ല, അതിൽ തെറ്റുണ്ടാകാൻ സാധ്യതയില്ലെന്നല്ല. മറിച്ച് അവർ ശരിയാണെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം അവരുടെ ധാരണയനുസരിച്ച് ശരിയല്ലാത്തതായ ഹദീഥുകളിൽ കാണുന്ന ആപത്തുകളിൽനിന്നും ന്യൂനതകളിൽനിന്നും മുക്തമാണെന്നാണ്. ഒരു ഹദീഥ് സ്വഹീഹ് ആയാലും യഥാർഥത്തിൽ അത് ശരിയല്ലാത്തതാകാൻ സാധ്യതയുണ്ട്.’ (മുബാഹഥ ലുധിയാന, റൂഹാനീഖസായിൻ, വാള്യം 4, പേജ് 25)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ നിലപാട് പിന്തുണച്ചുകൊണ്ട് അതായത് ഒരു ഹദീഥ് ബാഹ്യമായി നോക്കുമ്പോൾ നിവേദനത്തിന്റെ നിയമങ്ങളുടെ അടിസ്ഥാനത്തിൽ സ്വഹീഹ് ആയിരുന്നാൽതന്നെയും യഥാർഥത്തിൽ സ്വഹീഹല്ലെങ്കിൽ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി അദ്ദേഹംതന്നെ തന്റെ മാസിക ഇശാഅത്തുസ്സുന്നയിൽ മുഹ്‌യിദ്ദീൻ ബിൻ അറബിയെ ഉദ്ധരിച്ച് പറഞ്ഞ കാര്യം പ്രസിദ്ധീകരിച്ചിട്ടുള്ളത് ഓർമിപ്പിക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ‘താങ്കൾ സ്വയം താങ്കളുടെ മാസിക ഇശാഅത്തുസ്സുന്നയിൽ, ഹദീഥുകളെ സംബന്ധിച്ച് ചില വലിയ പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ മുൽഹമായ ഒരു വ്യക്തിക്ക് സ്വഹീഹായ ഒരു ഹദീഥിനെ ദൈവിക വെളിപാടനുസരിച്ച് മൗളൗഅ്(കല്പിതം) എന്ന് പറയാവുന്നതണെന്ന് എഴുതിക്കഴിഞ്ഞിട്ടുള്ളതാണ്. ഒരു മൗളൂഅ്(കല്പിതം)ആയ ഹദീഥിനെ ദൈവിക വെളിപാടനുസരിച്ച് സ്വഹീഹെന്നും പറയാവുന്നതാണ്.’ ഇനി ഞാൻ താങ്കളോടു ചോദിക്കുകയാണ്, ഇതാണ് അവസ്ഥയെങ്കിൽ ബുഖാരിയിലേയോ മുസ്‌ലിമിലേയോ ഏതെങ്കിലും ഹദീഥ് കശ്ഫിലൂടെ മൗളൗഅ്(കല്പിതം)ആയി നിശ്ചയിക്കാമെങ്കിൽ പിന്നെ അത്തരം ഹദീഥുകളെ വിശുദ്ധഖുർആനിന്റെമേൽ തെളിവായി അംഗീകരിക്കുന്നതെങ്ങനെ? ബുഖാരിയിലേയും മുസ്‌ലിമിലേയും ഹദീഥുകൾ വരെ ശ്രദ്ധയോടെ എഴുതപ്പെട്ടിട്ടുള്ളതാണെന്നത് നമ്മുടെ വിശ്വാസമാണ്. അതിൽ ഭൂരിഭാഗവും സ്വഹീഹും ആയിരിക്കും. പക്ഷേ, എല്ലാ ഹദീഥുകളും സംശയലേശമെന്യേ സ്വഹീഹാണെന്ന കാര്യത്തിൽ നമുക്കെങ്ങനെയാണ് സത്യം ചെയ്തു പറയാൻ കഴിയുക?’ (Ibid, പേജ് 15)

അപ്പോൾ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി എഴുതി: ഞാൻ മുഹ്‌യിദ്ദീൻ ബിൻ അറബിയുടെ വാക്യം പകർത്തിയെഴുതുക മാത്രമാണ് ചെയ്തിട്ടുള്ളത് പക്ഷേ, ഞാൻ അതിനോടു യോജിക്കുന്നില്ല. അദ്ദേഹം എഴുതി: ‘ഞാൻ ഇശാഅത്തുസ്സുന്നയിൽ മുഹ്‌യിദ്ദീൻ ബിൻ അറബിയുടെ വാക്യം പകർത്തി എഴുതിയതാണ്. അവസാനം ഞാൻ ഇൽഹാമിനെ തെളിവും പ്രമാണവുമായി മനസ്സിലാക്കുന്നില്ല എന്നും എഴുതിയിട്ടുണ്ട്.’ (Ibid, പേജ് 24)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിനുള്ള മറുപടിയിലെഴുതി: “ഞാൻ മര്യാദയോടുകൂടി അങ്ങയോടു ചോദിക്കുകയാണ്. താങ്കൾ ഈ വാക്യത്തിന് എതിരായിരുന്നുവെങ്കിൽ പിന്നെന്തിനാണ് അന്യായമായി ഇതെഴുതിയത്? അവസാനം താങ്കളുടെ വാക്യത്തിൽ വൈരുദ്ധ്യമുണ്ടാകുന്നതായിരിക്കും. കാരണം ഒന്നാമതായി താങ്കൾ വ്യക്തമായും അംഗീകരിച്ചത് ഇൽഹാം മുൽഹമിന് ശരീഅത്തുപരമായ തെളിവിന്റെ പകരക്കാരനാണെന്നാണ്. ഇതിനു പുറമെ മുഹദ്ദഥിന്റെ ഇൽഹാം ശയ്ത്വാന്റെ കൈകടത്തലിൽനിന്ന് മുക്തമാക്കപ്പെടുന്നുവെന്ന് താങ്കൾ സ്പഷ്ടമായും അംഗീകരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. എന്നല്ല ബുഖാരിയിലെ ഹദീഥ് ഉദ്ധരിച്ച് വളരെ വ്യക്തമായി വിവരിച്ചുകഴിഞ്ഞിട്ടുള്ളതുമാണ്.” (Ibid, പേജ് 24)

ഇതിനുള്ള മറുപടിയിൽ മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബ് എഴുതി: ‘ഇശാഅത്തുസ്സുന്നയിൽ ഞാൻ മുഹ്‌യിദ്ദീൻ ബിൻ അറബിയുടെ വാക്യം പകർത്തി എഴുതിയിട്ടുണ്ട്. അതിനെ സംബന്ധിച്ച് ഞാൻ അവസാനം റിവ്യൂവിൽ പേജ് 345 ൽ ഞാൻ അതിനോടു യോജിക്കുന്നില്ലെന്ന് എഴുതിയിട്ടില്ലേ. ഞാൻ കേവലം അല്ലാഹുവിന്റെ ഗ്രന്ഥത്തേയും സുന്നത്തിനേയും പിൻപറ്റുന്നവനാണ്. അതിനെ തെളിവും പ്രവർത്തനരൂപരേഖയും സാധാരണ വഴിയുമായി മനസ്സിലാക്കുന്നു. ഞാൻ സ്വയം ഇൽഹാമിയല്ല. നബിയല്ലാത്ത ഏതെങ്കിലും കശ്ഫുണ്ടാകുന്നവരുടേയും ഇൽഹാം ഉണ്ടാകുന്നവരുടേയും അനുയായിയും വിശ്വാസിയുമല്ല ഞാൻ. എന്നെ ഇബ്നു അറബിയുടെ വാക്യത്തിന്റെ സാധ്യതാപരമായ നിലയിൽ വിശ്വാസിയാക്കുന്നത് എന്റെ മേലുള്ള കറ്റുകെട്ടല്ലാതെ മറ്റെന്താണ്?’ (Ibid പേജ് 25)

എപ്പോൾ എവിടെയാണ് താൻ ഇശാഅത്തുസ്സുന്നയിൽ ഇക്കാര്യങ്ങൾ എഴുതിയതെന്ന് മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി ചോദിച്ചപ്പോൾ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇശാഅത്തുസ്സുന്നയുടെ ഉദ്ധരണി അദ്ദേഹത്തിന് പറഞ്ഞുകൊടുക്കുകയും ഇബ്നു അറബിയുടെ ആ വാക്യവും നിർണയിക്കപ്പെട്ട വാക്കുകളോടുകൂടി കേൾപ്പിക്കുകയും ചെയ്തു. മൗലവി മുഹമ്മദ് ഹുസയ്ൻ തന്റെ മാസികയിൽ എഴുതിയ മുഹ്‌യിദ്ദീൻ അറബിയുടെ ആ വാക്യം ഇതാണ്:“നാം ഈ മാർഗത്തിലൂടെയാണ് നബി(സ)തിരുമേനിയുടെ ഹദീഥുകളെ സ്വഹീഹാക്കുന്നത്. ഈ വിദഗ്ദ്ധരുടെ പക്കൽ സ്വഹീഹായിട്ടുള്ള ധാരാളം ഹദീഥുകളുണ്ട്. അവ നമ്മുടെ പക്കൽ സ്വഹീഹല്ല. ഒരുപാട് ഹദീഥുകൾ അവരുടെ പക്കൽ മൗളൂഅ്(കല്പിതം)ആണ്. നബി(സ)തിരുമേനിയുടെ വാക്യം കശ്ഫു മുഖേന സ്വഹീഹായിത്തീരുന്നു.’

അവിടന്ന് മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയെ സംബോധന ചെയ്തു പറഞ്ഞു: ‘വിശ്വാസപരമായ നിലയിൽ താങ്കളുടെ അതായത് താങ്കളുടെ വിശ്വാസം ഇതാണെന്നതിൽ ഞാൻ സമ്മർദ്ദം ചെലുത്തുന്നില്ല. പക്ഷേ, താങ്കളുടെ വിവരണത്തിന്റെ പൊരുളിൽനിന്ന് താങ്കളുടെ വിശ്വാസം ഇതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്നല്ല ചിന്തിക്കുന്ന ഓരോരുത്തർക്കും മനസ്സിലാക്കാനും കഴിയും, സാധ്യതാപരമായ നിലയിൽ തീർച്ചയായും താങ്കളുടെ വിശ്വാസം ഇതുതന്നെയാണെന്ന്! കാരണം ഇക്കാര്യം പൂർണമായും താങ്കളുടെ വിശ്വാസത്തിനു വെളിയിലായിരുന്നെങ്കിൽ, അതു പറയുക എന്നത് പാഴ്വേലയാണ്. അത് താങ്കൾക്ക് ചേർന്നതല്ല. മനുഷ്യൻ ആരുടെയെങ്കിലും വാക്യമോ അഭിപ്രായമോ തന്റെ റിവ്യൂവിൽ പകർത്തിയെഴുതുമ്പോൾ, അത് ഒന്നുകിൽ തന്റെ വാദത്തെ ശക്തിപ്പെടുത്താനും അഭിപ്രായത്തെ സഹായിക്കാനുമായിരിക്കും. അല്ലെങ്കിൽ അതിനെ ഖണ്ഡിക്കാനായിരിക്കും. പക്ഷേ, താങ്കൾ ഈ വാക്യം സ്വന്തം വാദത്തെ ശക്തിപ്പെടുത്തുന്നതിനാണ് കൊണ്ടുവന്നതെന്ന് വളരെ വ്യക്തമാണ്. താങ്കൾ ഇതിനുപുറമെ അതേ വാദത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ‘മുഹദ്ദഥി’ന്റെ ഇൽഹാം ശയ്ത്വാന്റെ കൈകടത്തലിൽനിന്ന് സുരക്ഷിതമാക്കപ്പെടുന്നുവെന്ന ബുഖാരിയുടെ ഒരു ഹദീഥും എഴുതിയിട്ടുണ്ട്. എന്നല്ല അവിടെ താങ്കൾ വ്യക്തമായ നിലയിൽ പ്രകടിപ്പിച്ചിരിക്കുന്നത്, വിശ്വാസപരമായ നിലയിലല്ലെങ്കിൽത്തന്നെ താങ്കൾ അതേ വാക്യത്തിന്റെ അനുകൂലിയാണെന്നാണ്. എന്നാൽ, സാധ്യതമായ നിലയിൽ തീർച്ചയായും താങ്കൾ അതിന്റെ പക്ഷക്കാരനാണ്.’ (Ibid പേജ് 25)

ഇതിനു മറുപടിയായി മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി എഴുതി: എന്റെ ഏതെങ്കിലും വിശദീകര

(ശേഷം പേജ് 9ൽ)

# ഖുത്ബ ജുമുഅ

എത്രമാത്രം ഭാഗ്യവാന്മാരാണ് ഇക്കൂട്ടർ! അവർ ഇഹലോകത്തും
പരലോകത്തും അല്ലാഹുവിന്റെ സമ്പ്രീതി പ്രാപിച്ചവരായിരുന്നു.

**അമീനുൽ ഉമ്മത്ത്, അശറ മുബശ്ശറായുടെ സുവാർത്ത പ്രാപിച്ച വ്യക്തി,
നബി(സ)തിരുമേനിയുടെ ഉന്നതനിലയിലുള്ള ബദ്‌രി സ്വഹാബി
ഹദ്റത്ത് ഉബയ്ദാ ബിൻ ജർറാഹിന്റെ ദിവ്യമായ ജീവിതത്തിന്റെ ചർച്ച**

പ്രൊഫസർ ഡോക്ടർ നഈമുദ്ദീൻ ഖട്ടക്ക് സാഹിബ് ഇബ്നു അഫ്സൽ ദീൻ ഖട്ടത്ത് സാഹിബിനേയും (പിശാവർ ജില്ല),
ജർമനിയിലെ മുഹമ്മദ് സ്വാദിഖ് സാഹിബിന്റെ മകൻ ജാമിഅ അഹ്മദിയ്യാ വിദ്യാർഥി ഉസാമ സ്വാദിഖിനേയും,
സലീം അഹ്മദ്  മലിക് സാഹിബിനേയും കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2020 ഒക്ടോബർ 9/1399 അഖാഅ് 9
മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔ اَلْحَمْدُ لِلّٰهِ رَبِّ
الْعٰلَمِيْنَ۔ الرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ۔ اِهْدِنَا الصِّرَاطَ
الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

കഴിഞ്ഞ ഖുത്ബയിൽ ഹദ്റത്ത് അബൂഉബയ്ദ(റ)യെ സംബന്ധിച്ച അനുസ്മരണമായിരുന്നു നടത്തിയിരുന്നത്. ഇന്ന് അതിന്റെ ബാക്കിഭാഗം വിവരിക്കുന്നതാണ്

യർമൂക്ക് യുദ്ധം:യർമൂക്ക് യുദ്ധം എന്ന് പറയപ്പെടാൻ കാരണം യർമൂക്ക് സിറിയയുടെ അടുത്തുള്ള ഒരു താഴ്‌വരയുടെ പേരാകുന്നു. ഹിജ്റ 15 ൽ സിറിയയിലെ ഏറ്റവുംവലിയ യുദ്ധം യർമൂക്ക് താഴ്‌വരയിൽ യർമൂക്ക് നദിക്കരയിലാണ് ഉണ്ടായത്.

റോമക്കാർ ബാഹാന്റെ നേതൃത്വത്തിൽ രണ്ടരലക്ഷത്തോളം യോദ്ധാക്കളുമായി രണാങ്കണത്തിലെത്തി. മുസ്‌ലിമീങ്ങളുടെ എണ്ണം മുപ്പതിനായിരത്തോളമായിരുന്നു. അതിൽ ആയിരംപേർ നബി(സ)തിരുമേനിയുടെ സ്വഹാബാക്കളായിരുന്നു. അവരിൽ നൂറോളം പേർ ബദ്‌രീ സ്വഹാബാക്കളുമായിരുന്നു.

കൂടിയാലോചനയ്ക്കുശേഷം താൽക്കാലികമായി ഹിംസിൽനിന്ന് മുസ്‌ലിമീങ്ങൾ തങ്ങളുടെ സൈനികരെ തിരിച്ചുവിളിച്ചു. തുടർന്ന് അവിടെയുള്ള ക്രിസ്ത്യാനികളോട് പറഞ്ഞു: ഞങ്ങൾ താൽക്കാലികമായി നിങ്ങളുടെ സംരക്ഷണത്തിൽ നിന്ന് പിന്മാറുകയാണ്. അതുകൊണ്ട് ജിസ്‌യ നിങ്ങൾക്കു തിരികെ തരികയാണ്. അതായത് അവരിൽനിന്ന് ടാക്സ് (യുദ്ധക്കരം) വാങ്ങിയിരുന്നു. അത് അവർക്കു തിരിച്ചു നൽകി. കാരണം നിങ്ങളുടെ കാര്യങ്ങൾ അതായത് എന്തൊരു ഉദ്ദേശ്യത്തിലാണോ നിങ്ങളിൽ നിന്ന് ജിസ്‌യ വാങ്ങുന്നത്, അത് ഞങ്ങൾക്ക് നിറവേറ്റാൻ കഴിയാതെവന്നിരിക്കുന്നു. അങ്ങനെ ഹിംസുകാർക്ക് അവരിൽനിന്ന് ഈടാക്കിയിരുന്ന ജിസ്‌യ (യുദ്ധക്കരം) തിരികെ നൽകപ്പെട്ടു. ഈ തുക എത്രയോ ലക്ഷങ്ങൾ ഉണ്ടായിരുന്നു.

ഈ തുക തിരിച്ച് നൽകപ്പെട്ടപ്പോൾ ക്രിസ്ത്യാനികൾ മുസ്‌ലിമീങ്ങളുടെ യാഥാർഥ്യ ബോധവും നീതിയും കാരണം കരയുകയായിരുന്നു. അവർ വീടുകളുടെ മട്ടുപ്പാവിൽക്കയറി പ്രാർഥനകൾ നൽകിക്കൊണ്ട് പറഞ്ഞു: ‘ദയാവായ്പുള്ള മുസ്‌ലിം ഭരണാധിപന്മാരേ! ദൈവം നിങ്ങളെ വീണ്ടും തിരിച്ചുകൊണ്ടുവരുമാറാകട്ടെ.’

മുസ്‌ലിമീങ്ങൾ, ഹിംസിൽ നിന്ന് പിന്മാറിയതു കാരണം റോമക്കാരുടെ ധൈര്യംകുറെക്കൂടി വർധിച്ചു. അവർ വളരെ വലിയ സൈന്യവുമായി യർമൂക്കിലെത്തി. മുസ്‌ലിമീങ്ങൾക്കെതിരിൽ തമ്പടിച്ചു. എന്നാൽ, അവർ മനസിൽ, മുസ്‌ലിമീങ്ങളുടെ വിശ്വാസവീര്യത്തെ സംബന്ധിച്ച് ഭയത്തിലും ആയിരുന്നു. അതുകൊണ്ട് സ്വുൽഹ് (സന്ധി) ആകാനും ആഗ്രഹിച്ചിരുന്നു. അതിനു ശ്രമിക്കുകയും ചെയ്യുന്നുണ്ടായിരുന്നു.

റോമൻ പടത്തലവൻ ബഹാൻജോർജ് എന്ന് പേരുള്ള ഒരു ദൂതനെ ഇസ്‌ലാമികസൈന്യത്തിന്റെ അടുക്കലേക്ക് അയച്ചു. ഇയാൾ മുസ്‌ലിം സൈന്യത്തിന്റെ അടുത്തെത്തിയപ്പോൾ മുസ്‌ലിമീങ്ങൾ മഗ്‌രിബ് നമസ്കാരം അനുഷ്ഠിക്കുകയായിരുന്നു. മുസ്‌ലിമീങ്ങൾ ഭയഭക്തിയോടുകൂടി അല്ലാഹുവിന്റെ മുന്നിൽ സുജൂദ് ചെയ്യുന്നതു കണ്ടപ്പോൾ അത് അയാളെ ഹഠാദാകർഷിച്ചു. അയാൾ ഹദ്റത്ത് അബൂ ഉബയ്ദയോട് ചിലകാര്യങ്ങൾ ചോദിച്ചു, അവയിൽ ഒന്ന് ഹദ്റത്ത് ഈസാ(അ)നെ സംബന്ധിച്ച് നിങ്ങളുടെ വീക്ഷണം എന്താണ്? എന്നതായിരുന്നു. ഹദ്റത്ത് അബൂഉബയ്ദ(റ) വിശുദ്ധ ഖുർആനിലെ

يٰۤاَهۡلَ الۡكِتٰبِ لَا تَغۡلُوۡا فِىۡ دِيۡـنِكُمۡ وَلَا تَقُوۡلُوۡا عَلَى اللّٰهِ اِلَّا الۡحَـقَّؕ اِنَّمَا الۡمَسِيۡحُ عِيۡسَى ابۡنُ مَرۡيَمَ رَسُوۡلُ اللّٰهِ وَكَلِمَتُهٗ ۚ اَ لۡقٰهَاۤ اِلٰى مَرۡيَمَ وَرُوۡحٌ مِّنۡهُ فَاٰمِنُوۡا بِاللّٰهِ وَرُسُلِهٖ ۚ وَلَا تَقُوۡلُوۡا ثَلٰثَةٌ ؕ اِنْتَهُوۡا خَيۡرًا لَّـكُمۡ ؕ اِنَّمَا اللّٰهُ اِلٰـهٌ وَّاحِدٌ ؕ سُبۡحٰنَهٗۤ اَنۡ يَّكُوۡنَ لَهٗ وَلَدٌ ۘ لَهٗ مَا فِى السَّمٰوٰتِ وَمَا فِى الۡاَرۡضِ ؕ وَكَفٰى بِاللّٰهِ وَكِيۡلًا

(4:172)

അതായത്, ഗ്രന്ഥാനുസാരികളേ! നിങ്ങൾ നിങ്ങളുടെ മതകാര്യത്തിൽ അമിതത്തം കാണിക്കരുത്. അല്ലാഹുവിനെ സംബന്ധിച്ച് സത്യമല്ലാതെ നിങ്ങൾ പറയുകയുമരുത്. നിശ്ചയമായും മർയമിന്റെ പുത്രൻ ഈസാമസീഹ് അല്ലാഹുവിന്റെ ദൂതനും മർയമിന് ഇറക്കിക്കൊടുത്ത വചനവും അവന്റെ പക്കൽനിന്നുള്ള ആത്മാവുമാകുന്നു. ആയതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കുക. നിങ്ങൾ മൂന്ന് എന്ന് പറയരുത്. നിങ്ങൾ പിൻവാങ്ങുക. അതിലാണ് നിങ്ങൾക്ക് നന്മയുള്ളത്. തീർച്ചയായും അല്ലാഹു തന്നെയാണ് ഒരേയൊരു ആരാധ്യൻ. അവൻ മക്കളുണ്ടാകുന്നതിൽനിന്ന് പരിശുദ്ധനത്രെ! ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റേതാകുന്നു. രക്ഷാകർത്താവായി അല്ലാഹു മതിയായവൻ ആകുന്നു.

തുടർന്ന് അടുത്ത ആയത്ത് അദ്ദേഹം പാരായണം ചെയ്തു:

لَنۡ يَّسۡتَـنۡكِفَ الۡمَسِيۡحُ اَنۡ يَّكُوۡنَ عَبۡدًا لِّلّٰهِ وَلَا الۡمَلٰۤـئِكَةُ الۡمُقَرَّبُوۡنَ ؕ (4:173)

താൻ അല്ലാഹുവിന്റെ ദാസനായിരിക്കുന്നതിനെ മസീഹ് ഒരിക്കലും അവജ്ഞയോടെ കാണുകയില്ല. ദൈവസാമീപ്യമുള്ള മലക്കുകളും അത് മോശമായി ഗണിക്കുന്നതല്ല.

വിശുദ്ധ ഖുർആന്റെ ഈ പാഠങ്ങൾ കേട്ടപ്പോൾ ജോർജ് ഉച്ചൈസ്തരം പറഞ്ഞു: ‘തീർച്ചയായും ഇതുതന്നെയാണ് മസീഹിന്റെ സവിശേഷതകൾ. നിങ്ങളുടെ പ്രവാചകൻ സത്യവാനാകുന്നു. അങ്ങനെ പ്രതിനിധിയായി വന്ന ആൾ മുസ്‌ലിമായിമാറി. അയാൾ തന്റെ സൈന്യത്തിലേക്ക് തിരിച്ചുപോകാൻ ആഗ്രഹിക്കുന്നുണ്ടായിരുന്നില്ല. എന്നാൽ, ഹദ്റത്ത് അബൂഉബയ്ദ(റ) പറഞ്ഞു: ഞങ്ങൾ കരാർ ലംഘിച്ചുവെന്ന് റോമക്കാർ കരുതുന്നതാണ്. അതുകൊണ്ട് നിങ്ങൾ തിരിച്ചു പോകുക. നാളെ ഇവിടെ നിന്നുപോകുന്ന പ്രതിനിധിയോടൊപ്പം തിരികെ വരിക. ക്രിസ്ത്യൻ സൈന്യത്തെ ഹദ്റത്ത് അബൂഉബയ്ദ(റ) ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. ഇസ്‌ലാമിക സമത്വവും സാഹോദര്യവും ഇസ്‌ലാമിക ധാർമികതയും അവർക്കു മുന്നിൽ വിവരിച്ചു. അടുത്ത ദിവസം ഹദ്റത്ത് ഖാലിദ്, അവരുടെ അടുക്കൽപോയി പക്ഷേ, ഫലമൊന്നുമുണ്ടായില്ല. യുദ്ധത്തിന് തയ്യാറെടുപ്പുകൾതുടങ്ങി. സൈന്യത്തിന് പിന്നിൽ മുസ്‌ലിം സ്ത്രീകളുമുണ്ടായിരുന്നു. അവർ സൈന്യത്തിന് വെള്ളംകൊടുക്കുകയും പടയാളികൾക്ക് ആവേശം പകരുകയും ചെയ്തിരുന്നു. ആ സ്ത്രീകളിൽ ഹദ്റത്ത് അസ്മ ബിൻത് അബൂബക്ർ, മക്കാവിജയവേളയിൽ മുസ്‌ലിമായവരും ഹദ്റത്ത് അബൂസുഫ്‌യാന്റെ ഭാര്യയുമായ ഹദ്റത്ത് ഹിന്ദ് ബിൻത് ഉത്ബ, ഹദ്റത്ത് ഉമ്മുഅബാൻ എന്നിവരുമുണ്ടായിരുന്നു. ഹദ്റത്ത് അബൂഉബയ്ദ(റ) യുദ്ധത്തിനു മുമ്പേ മുസ്‌ലിം സ്ത്രീകളെ സംബോധന ചെയ്തു പറഞ്ഞു: ‘അല്ലയോ ജിഹാദു ചെയ്യുന്ന സ്ത്രീകളേ! തമ്പുകളുടെ നാലു കാലുകളും പിഴുതെടുത്ത് കൈയിൽ കരുതുക. തങ്ങളുടെ സഞ്ചികളിൽ കല്ലുകൾ നിറയ്ക്കുക. മുസ്‌ലിമീങ്ങളെ യുദ്ധത്തിന് പ്രേരിപ്പിച്ചുകൊണ്ടിരിക്കുക. അവരോട് പറയുക, ഇന്ന് നിങ്ങളുടെ യുദ്ധമാണ്. നിങ്ങൾ പിന്തിരിയരുത്. മുസ്‌ലിം സൈന്യം വിജയിക്കുന്നത് കാണുകയാണെങ്കിൽ നിങ്ങൾ അതാതു സ്ഥലത്തുതന്നെ നിൽക്കുക. എന്നാൽ, മുസ്‌ലിമീങ്ങൾ പിന്തിരിയുന്നത് കണ്ടാൽ അവരുടെ മുഖത്ത് ടെന്റുകളുടെ കാലുകൾകൊണ്ട് കുത്തുകയും കല്ലെറിഞ്ഞ് അവരെ യുദ്ധമൈതാനിയിലേക്ക് തിരിച്ചയക്കുകയും ചെയ്യണം. തങ്ങളുടെ മക്കളെ ഉയർത്തി പിടിച്ചുകൊണ്ട് ‘നിങ്ങളുടെ കുടുംബത്തിനും ഇസ്‌ലാമിനുംവേണ്ടി ജീവൻ ത്യജിക്കുവിൻ’ എന്ന് മുസ്‌ലിം സൈന്യത്തോട് പറയുക!’ തുടർന്ന് അദ്ദേഹം മുസ്‌ലിം പുരുഷന്മാരെ സംബോധന ചെയ്തു: ‘ദൈവദാസന്മാരേ! ദൈവത്തിന്റെ സഹായത്തിനുവേണ്ടി

മുന്നേറുക. അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തുകയും ചെയ്യുന്നതാണ്. അല്ലാഹുവിന്റെ ദാസന്മാരേ! നിങ്ങൾ സഹനം കൈക്കൊള്ളുവിൻ. കുഫറിൽനിന്ന് മോചനത്തിനുള്ളമാർഗവും അല്ലാഹുവിനെ തൃപ്തനാക്കാനുള്ള ഉപായവും ന്യൂനതകളെ മായിക്കുന്നതും സഹനം തന്നെയാണ്. നിങ്ങളുടെ അണികളെ ശിഥിലമാക്കരുത്. യുദ്ധം നിങ്ങൾ തുടങ്ങരുത്. അമ്പുകൾ കൊണ്ട് ഉന്നം പിടിക്കുകയും പരിചകൾ സംരക്ഷിക്കുകയും ചെയ്യുക. അധരങ്ങളിൽ ദൈവസ്മരണ നിലനിറുത്തുക. അങ്ങനെയായാൽ അല്ലാഹുവും തന്റെ ആഗ്രഹം നടപ്പിൽവരുത്തുന്നതായിരിക്കും. യുദ്ധത്തിന് നിങ്ങൾ തുടക്കം കുറിക്കരുത്, എന്നാൽ, യുദ്ധം തുടങ്ങിക്കഴിഞ്ഞാൽ പിന്നെ പിന്തിരിയരുത്.'

ശത്രുക്കളുടെ സൈന്യത്തിനു മുന്നിൽ ആ സമയത്ത് സ്വർണ്ണക്കുരിശ് ഉണ്ടായിരുന്നു. അവരുടെ ആയുധക്കോപ്പുകളുടെ തിളക്കം കാരണം കണ്ണുകൾ മഞ്ഞളിക്കുന്നുണ്ടായിരുന്നു. മാത്രമല്ല അവർ ആപാദചൂഢം ലോഹകവചം അണിഞ്ഞിരുന്നു. അതായത് ആയുധങ്ങൾ അണിഞ്ഞിരുന്നു. യുദ്ധമൈതാനത്തുനിന്ന് തങ്ങൾ പിന്മാറില്ലെന്ന പ്രഖ്യാപനവുമായി അവർ തങ്ങളുടെ കാലുകളിൽ ചങ്ങല ബന്ധിച്ചിരുന്നു. അതായത് ഒന്നുകിൽ ഞങ്ങൾ വധിക്കും അല്ലെങ്കിൽ വധിക്കപ്പെടും! പാതിരിമാർ ഇഞ്ചീലിലെ വചനങ്ങൾ വായിച്ച് അവർക്ക് ആവേശം പകർന്നിരുന്നു. നിഷേധികളുടെ ഈ സൈന്യം സമുദ്രത്തിലെ തിരമാലകൾ കണക്കെ മുന്നോട്ട് ഗമിച്ചു. അവർ രണ്ട് രണ്ടരലക്ഷം സൈനികരുണ്ടായിരുന്നു; ഇവിടെ കേവലം മുപ്പതിനായിരം പേരും. യുദ്ധം ആരംഭിച്ചു. തുടക്കത്തിൽ റോമാക്കാരുടെ ഭാഗത്താണ് വിജയം കണ്ടത്. അവർ മുസ്‌ലിമീങ്ങളെ പിന്നിലേക്ക് നീക്കികൊണ്ടിരുന്നു.

മുസ്‌ലിമീങ്ങളിൽ ആരൊക്കെയാണ് സ്വഹാബാക്കളെന്ന് ക്രിസ്ത്യാനികൾ രഹസ്യമായി മനസ്സിലാക്കിവെച്ചിരുന്നു. പിന്നെ അവർ കുറച്ചു അമ്പെയ്ത്തിൽ പ്രാവീണ്യമുള്ളവരെ നിയോഗിക്കുകയും സ്വഹാബാക്കളെ പ്രത്യേകമായും ലക്ഷ്യമാക്കാൻ അവർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. വലിയ വലിയ ആളുകൾ കൊല ചെയ്യപ്പെടുമ്പോൾ പിന്നെ ബാക്കിയുള്ള സൈനികരുടെ ഇച്ഛാശക്തി ക്ഷയിക്കുമെന്നും അങ്ങനെ അവർ യുദ്ധമൈതാനത്തുനിന്ന് പിന്തിരിഞ്ഞോടുമെന്നും ശത്രുക്കൾക്ക് അറിയാമായിരുന്നു. ഏതായാലും അതിന്റെ പരിണിതിയിൽ നിരവധി സ്വഹാബാക്കൾ വധിക്കപ്പെടുകയും പലരുടെയും കണ്ണുകൾ നഷ്ടപ്പെടുകയുംചെയ്തു. മക്കാവിജയ വേളയിൽ മുസ്‌ലിമായിട്ടുണ്ടായിരുന്ന അബൂജഹ്‌ലിന്റെ മകൻ ഇക്‌രിമ ഈ അവസ്ഥ കാണാനിടയായി. അദ്ദേഹം മക്കാ വിജയവേളയിൽ നബി (സ)തിരുമേനിയോടു തന്റെ അപരാധങ്ങൾക്ക് പശ്ചാത്താപം അതായത് ആദ്യകാലത്തുണ്ടായ തെറ്റുകൾക്ക് പ്രായശ്ചിത്തം ചെയ്യാൻ തൗഫീഖ് കിട്ടുന്നതിന് ദുആക്ക് അപേക്ഷിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം തന്റെ കുറച്ചു സുഹൃത്തുക്കളേയുംകൂട്ടി ഹദ്റത്ത് അബൂഉബയ്ദയുടെ സവിധത്തിലെത്തി പറഞ്ഞു: 'സ്വഹാബാക്കൾ വലിയസേവനങ്ങൾ ചെയ്തുകഴിഞ്ഞവരാണ്. ഇനി പിന്നീടുവന്ന ഞങ്ങൾക്ക് പുണ്യം കരസ്ഥമാക്കാനുള്ള അവസരം തന്നാലും. ഞങ്ങൾ ശത്രുസൈന്യത്തിന്റെ ചങ്കിൽ, അതായത് മധ്യനിരയെ ആക്രമിക്കുന്നതും ക്രിസ്ത്യൻ സൈന്യാധിപന്മാരെ വധിക്കുകയും ചെയ്യുന്നതാണ്.' ഹദ്റത്ത് അബൂഉബയ്ദ(റ) പറഞ്ഞു: 'ഇതു വളരെ അപകടകരമായ കാര്യമാണ്. ഇങ്ങനെ നമ്മുടെ സകല യുവാക്കളും വധിക്കപ്പെടുന്നതാണ്.' ഇക്‌രിമ പറഞ്ഞു: 'അതു ശരിയാണ്, പക്ഷേ, അതല്ലാതെ മറ്റുമാർഗങ്ങളൊന്നുമില്ല. ഞങ്ങൾ യുവാക്കൾ രക്ഷപ്പെടുകയും സ്വഹാബാക്കൾ കൊല്ലപ്പെടുകയും ചെയ്യണമെന്ന് താങ്കൾ ആഗ്രഹിക്കുമോ? മുസ്‌ലിമായശേഷം അദ്ദേഹത്തിന് ഒരു പ്രത്യേക വിശ്വാസവീര്യം വന്നിട്ടുണ്ടായിരുന്നു. ദൈവമാർഗത്തിൽ ജീവത്യാഗം വരിക്കാൻ ഉൽക്കടമായ ആഗ്രഹമുണ്ടായിരുന്നു. 400 സൈനികരെയുംകൊണ്ട് ശത്രുസൈന്യത്തിന്റെ മധ്യത്തിൽ ആക്രമണം നടത്താൻ അദ്ദേഹം കൂടെക്കൂടെ അനുമതി ചോദിച്ചുകൊണ്ടിരുന്നു. അവസാനം ഹദ്റത്ത് അബൂഉബയ്ദ(റ) അദ്ദേഹം ശാഠ്യം പിടിക്കുന്നതുകണ്ടപ്പോൾ അനുമതി നൽകി. അങ്ങനെ അവർ സൈന്യത്തിന്റെ മധ്യനിര ആക്രമിച്ചു അവരെ പരാജിതരാക്കി. പക്ഷേ, ആ യുദ്ധത്തിൽ നിരവധി യുവാക്കൾ ശഹീദാക്കപ്പെട്ടു. മുസ്‌ലിമീങ്ങൾ റോമക്കാരെ അവരുടെ കിടങ്ങിലേക്ക് പിന്തള്ളിക്കൊണ്ടുമുന്നേറി. അത് റോമാക്കാർതന്നെ തങ്ങൾക്ക് പിന്നിൽ തയ്യാറാക്കി വെച്ചതായിരുന്നു. ഓടിപോകാതിരിക്കാൻ അവർ തങ്ങളുടെ കാലുകൾ ബന്ധിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അവർ ഒന്നൊന്നായി കിടങ്ങിലേക്ക് വീണുകൊണ്ടിരുന്നു. ഒരാൾ വീഴുമ്പോൾ അയാൾ പത്തുപേരേയും കൊണ്ടാണ് വീണിരുന്നത്. എൺപതിനായിരം ശത്രുക്കൾ പിന്നിലേക്ക് നീങ്ങി യർമൂക്ക് നദിയിൽ വീണ് മുങ്ങിമരിച്ചു. ഒരുലക്ഷം റോമക്കാരെ മുസ്‌ലിമീങ്ങൾ യുദ്ധമൈതാനത്ത് വധിക്കുകയുണ്ടായി. മൂവായിരത്തോളം മുസ്‌ലിമീങ്ങളും ശഹീദായി. ഇതാണ് യർമൂക്ക് യുദ്ധം (രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ്, വാള്യം 2, പേജ് 21–25)(തഫ്സീറെ കബീർ വാള്യം 10, പേജ് 181)(മുഅ്ജമുൽബുൽദാൻ, വാള്യം 5, പേജ് 497, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതു സംബന്ധമായി പറയുന്നു: 'യുദ്ധം അവസാനിച്ചപ്പോൾ മുസ്‌ലിംമീങ്ങൾ പ്രത്യേകിച്ചും ഇക്‌രിമയേയും അദ്ദേഹത്തിന്റെ സുഹൃത്തുക്കളേയും അന്വേഷിക്കുകയായിരുന്നു. അവിടെ പരുക്കേറ്റ് കിടക്കുന്ന 12 പേരെ കണ്ടു. അതിലൊന്ന് ഇക്‌രിമയായിരുന്നു. ഒരു മുസ്‌ലിം ഭടൻ അവരുടെ അടുക്കലെത്തി. ഇക്‌രിമയുടെ അവസ്ഥ വളരെമോശമായിരുന്നു. അദ്ദേഹം പറഞ്ഞു, 'ഇക്‌രിമാ! എന്റെ കൈയിൽ വെള്ളത്തിന്റെ പാത്രമുണ്ട്. നിങ്ങൾ അതിൽ നിന്ന് കുറച്ചു കുടിക്കുക. ഇക്‌രിമ മുഖംതിരിച്ചു നോക്കിയപ്പോൾ ഹദ്റത്ത് അബ്ബാസിന്റെ മകൻ ഹദ്റത്ത് ഫള്ൽ(റ) പരിക്കേറ്റ് കിടക്കുന്നത് കാണുകയുണ്ടായി. ഇക്‌രിമ ആഗതനോട് പറഞ്ഞു: 'ഞാൻ ശത്രുപക്ഷത്ത് ആയിരുന്നപ്പോൾ നബി(സ)തിരുമേനിയെ സഹായിച്ചവരുടെ മക്കൾ വെള്ളംകിട്ടാതെ മരിക്കുകയും ഞാൻ വെള്ളം കുടിച്ചു ജീവിച്ചിരിക്കുകയും ചെയ്യുന്നതിനെ എന്റെ ആത്മാഭിമാനം അനുവദിക്കുന്നില്ല.' അതായത് മറ്റുള്ളവർക്കുവേണ്ടി അദ്ദേഹത്തിന്റെ ഉള്ളിൽ ത്യാഗത്തിന്റെ ഒരു വികാരവായ്പ് ഉയിർ കൊണ്ടിരുന്നു. 'അതുകൊണ്ട് ആദ്യം അദ്ദേഹത്തിന് അതായത് ഹദ്റത്ത് ഫള്ൽ ബിൻ അബ്ബാസിന് വെള്ളം കൊടുക്കുക. ഒരു പക്ഷേ, അദ്ദേഹം രക്ഷപ്പെടും. അതിനുശേഷം എന്റെ അടുത്ത് കൊണ്ടുവരിക.' ആഗതൻ ഹദ്റത്ത് ഫള്‌ലിന്റെ അടുക്കലെത്തി. അദ്ദേഹം പരിക്കേറ്റ് അടുത്തുകിടക്കുന്ന ആളിലേക്ക് ആംഗ്യംകാണിച്ച് പറഞ്ഞു, 'അദ്ദേഹം എന്നേക്കാളും ആവശ്യക്കാരനാണ്. ആദ്യം അദ്ദേഹത്തിന് കുടിക്കാൻ കൊടുക്കുക.' ആഗതൻ ഏതു പടയാളിയുടെ അടുക്കൽ ചെല്ലുമ്പോഴും അവർ അടുത്ത യോദ്ധാവിന്റെ അടുക്കലേക്ക് പറഞ്ഞയക്കുമായിരുന്നു. ആരും വെള്ളംകുടിച്ചില്ല. അങ്ങനെ അവസാന പടയാളിയുടെ അടുത്തെത്തിയപ്പോൾ അയാൾ മരണപ്പെട്ട് കഴിഞ്ഞിരുന്നു. അവസാനം തിരിച്ച് ഇക്‌രിമയുടെ അടുക്കൽവരെയെത്തി. പക്ഷേ അപ്പോഴേക്കും അദ്ദേഹവും മരണപ്പെട്ടുകഴിഞ്ഞിരുന്നു. (ഹർ അഹ്മദി ഔരത്ത് അഹ്മദിയ്യത്ത് കി സ്വദാഖത്ത് കാ ഏക് സിന്ദ നിശാൻ ഹെ, അൻവാറുൽഉലൂം വാള്യം 26, പേജ് 230–231)

സിറിയയിലെ ആളുകൾ വ്യത്യസ്ത മതാനുയായികളായിരുന്നു. ഭാഷകളും വ്യത്യസ്തമായിരുന്നു. വംശങ്ങളും വിഭിന്നമായിരുന്നു. ഹദ്റത്ത് അബൂഉബയ്ദ ബിൻ ജർറാഹ്(റ) അവർക്കിടയിൽ നീതിയും സമത്വവും ഉണ്ടാക്കുകയും ആഭ്യ ന്തര സമാധാനവും ശാന്തിയും പുനഃസ്ഥാപിക്കു കയും ചെയ്തു. എല്ലാവർക്കും മതസ്വാതന്ത്ര്യം അനുവദിച്ചു. നിങ്ങളും സർവജനങ്ങളും ആദമിന്റെ മക്കളാകുന്നുവെന്നും എല്ലാവരും സഹോദരങ്ങളാകുന്നുവെന്നും മനുഷ്യനെന്ന നിലയ്ക്ക് ആർക്കിടയിലും വ്യത്യാസമില്ലെന്നുമുള്ള ഇസ്‌ലാമിക അധ്യാപനം അവരിലുണ്ടാക്കി. അവരെ നിർബന്ധിച്ച് മുസ്‌ലിമീങ്ങളാക്കി എന്ന തെറ്റായ ആരോപണം ഉന്നയിക്കാറുണ്ട്. അദ്ദേഹം റോമാക്കാർക്ക് മതസ്വാതന്ത്ര്യം നൽകി. ഗോത്രങ്ങളെ പരിചയപ്പെടുത്തി. ശാന്തിയും സമാധാനവും മതസ്വാതന്ത്ര്യവും സ്ഥാപിച്ചു. ഹദ്റത്ത് അബൂഉബയ്ദാ(റ)യുടെ പരിശ്രമ ഫലമായി സിറിയയിൽ വസിച്ചിരുന്ന ക്രിസ്തുമതാനുയായികൾ ഇസ്‌ലാമിന്റെ മടിത്തട്ടിലേക്കുവന്നു. സത്യപ്രബോധനത്തിലൂടെ; ബലാൽക്കാരംകൊണ്ടല്ല. തബ്‌ലീഗ് അഥവാ സത്യപ്രബോധനത്തിലൂടെയാണ് അവർ വന്നത്. കൂടാതെ മുസ്‌ലിമീങ്ങളുടെ ജീവിത മാതൃക കണ്ടുകൊണ്ടാണ് അവർ വന്നത്. അതേപ്പറ്റി നേരത്തെ പറഞ്ഞു കഴിഞ്ഞതാണ്. മാത്രമല്ല റോമാക്കാരും ക്രിസ്ത്യാനികളും അദ്ദേഹത്തിന്റെ, അവരുടെ (മുസ്‌ലിംകളുടെ) സ്വഭാവത്തിൽ ആകൃഷ്ടരായിട്ടാണ് ഇസ്‌ലാം സ്വീകരിച്ചത്.യർമൂക്ക് വിജയത്തിനുശേഷം ഏതാനും ദിവസങ്ങൾക്കുമുമ്പേ ഹദ്റത്ത് അബൂബക്ർ(റ) മരണപ്പെടുകയും ഹദ്റത്ത് ഉമർ(റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെടുകയുംചെയ്തു. ഹദ്റത്ത് ഉമർ(റ) സിറിയയുടെ മേൽനോട്ടവും സൈനിക നേതൃത്വവും ഹദ്റത്ത് അബൂഉബയ്ദ(റ)യെ ഏൽപ്പിച്ചു. ഹദ്റത്ത് അബൂഉബയ്ദ(റ)ക്ക് ഹദ്റത്ത് ഉമറിന്റെ ഈ നിയമന ഉത്തരവ് ലഭിച്ചപ്പോൾ യുദ്ധം മൂർധന്യാവസ്ഥയിലായിരുന്നു. അതുകൊണ്ട് ഹദ്റത്ത് അബൂഉബയ്ദ(റ) കത്തിനെ കുറിച്ച് ഒന്നുംതന്നെ വെളിപ്പെടുത്തിയില്ല. എന്നാൽ, ആ നേരത്ത് സൈനാധിപനായിരുന്ന ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) അതേക്കുറിച്ച് അറിഞ്ഞപ്പോൾ താങ്കളെന്തുകൊണ്ടാണ് ഇക്കാര്യം മറച്ചുവെച്ചതെന്ന് ഹദ്റത്ത് അബൂഉബയ്ദ(റ)യോടു ചോദിച്ചു: ഹദ്റത്ത് അബൂ ഉബയ്ദ പറഞ്ഞു, 'കാരണം നമ്മൾ ശത്രുക്കൾക്കെതിരെ പോരാടുകയായിരുന്നു. ഒരുവിധത്തിലും താങ്കൾക്ക് മനോവിഷമംഉണ്ടാകുന്നത് ഞാൻ ഇഷ്ടപ്പെട്ടില്ല'. അങ്ങനെ മുസ്‌ലിമീങ്ങൾക്ക് വിജയം ലഭിക്കുകയും, ഹദ്റത്ത് ഖാലിദിന്റെ സൈന്യം ഇറാഖിലേക്ക് തിരികെ പോകാൻ ഒരുങ്ങുകയും ചെയ്തപ്പോൾ, ഹദ്റത്ത് അബൂഉബയ്ദ(റ), ഹദ്റത്ത് ഖാലിദിനെ കുറച്ചുസമയം അവിടെതന്നെ നിറുത്തുകയുണ്ടായി. ഹദ്റത്ത് ഖാലിദ് തിരിച്ച് പോകുമ്പോൾ ജനങ്ങളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'ഈ ഉമ്മത്തിലെ അമീൻ (വിശ്വസ്തൻ) അതായത് ഹദ്റത്ത് അബൂഉബയ്ദ, നിങ്ങളുടെ മേൽനോട്ടക്കാരൻ ആണെന്നതിൽ നിങ്ങൾ സന്തുഷ്ടരായിരിക്കുക. അപ്പോൾ ഹദ്റത്ത് അബൂഉബയ്ദ പറഞ്ഞു:'ഖാലിദ് ബിൻ വലീദ് അല്ലാഹുവിന്റെവാളുകളിൽ ഒരു വാളാണെന്ന് നബി(സ) തിരുമേനി പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്.' ചുരുക്കത്തിൽ ഇങ്ങനെ സ്നേഹാദരവിന്റെ അന്തരീക്ഷത്തിൽ ഇരു സൈന്യാധിപന്മാരും പിരിഞ്ഞുപോയി.

ഇതാണ് സത്യവിശ്വാസിയുടെ ഭയഭക്തി. അവർ പേരോ, പെരുമയോ നേതൃത്വമോ സ്ഥാനമാനങ്ങളോ ഒന്നും ആഗ്രഹിച്ചില്ല. അല്ലാഹുവിന്റെ തൃപ്തി ലഭിക്കണമെന്നതും അവന്റെ രാജാധിപത്യം ഭൂമിയിൽ സ്ഥാപിതമാക്കണമെന്നതും മാത്രമായിരുന്നു അവരുടെ ലക്ഷ്യം. ചുരുക്കത്തിൽ ഈയാളുകൾ നമുക്ക് ഉത്തമ മാതൃകയാകുന്നു.

എല്ലാ ഭാരവാഹികളും അല്ല, ഒരോ അഹ്മദിയും ഇക്കാര്യം തങ്ങളുടെ മുന്നിൽ വെക്കേണ്ടതാണ്.

ബയ്ത്തുൽമുഖദ്ദസ് വിജയ സംഭവവും വിവരിക്കുന്നുണ്ട്. അതിന്റെ ബന്ധവും ഹദ്റത്ത് അബൂ ഉബയ്ദ(റ)യുമായിട്ടാണ്. ഹദ്റത്ത് അംറ് ബിൻ ആസ്വി(റ)ന്റെ നേതൃത്വത്തിൽ ഇസ്‌ലാമിക സൈന്യം ഫലസ്തീനിലേക്ക് മുന്നേറി. അവർ ഫലസ്തീനിലെ പട്ടണങ്ങൾ വിജയിച്ചടക്കി ബയ്ത്തുൽമുഖദ്ദസ് വളഞ്ഞു. അപ്പോൾ ഹദ്റത്ത് അബൂ ഉബയ്ദയുടെ സൈന്യം അവരെകണ്ടുമുട്ടി. ക്രിസ്ത്യാനികൾ ഉപരോധത്തിൽ വീർപ്പുമുട്ടി സന്ധിക്ക് മുന്നോട്ടിറങ്ങി. എന്നാൽ, ഹദ്റത്ത് ഉമർ(റ) വന്ന് സന്ധിക്കുള്ള ഉടമ്പടി ചെയ്യണമെന്ന നിബന്ധനയുംവെച്ചു. ഹദ്റത്ത് അബൂ ഉബയ്ദ(റ) ക്രിസ്ത്യാനികളുടെ ഈ അഭിപ്രായം ഹദ്റത്ത് ഉമറിന് എത്തിച്ചു. അതായത് അതേപ്പറ്റി ഹദ്റത്ത് ഉമറിനെ അറിയിച്ചു. ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അലി(റ)യെ തന്റെ സ്ഥാനത്ത് അമീറായി നിയമിച്ചുകൊണ്ട് ഹ്ജ്റ 16–ാം വർഷം റബീഉൽ അവ്വൽ മാസത്തിൽ മദീനയിൽനിന്ന് പുറപ്പെട്ടു. അദ്ദേഹം ഡമസ്കസിലെ ഗ്രാമീണ പ്രദേശമായ 'ജാബിയ' എന്ന സ്ഥലത്തെത്തി. അവിടെ ഉണ്ടായിരുന്ന സൈന്യാധിപന്മാർ അദ്ദേഹത്തെ വരവേറ്റു. അദ്ദേഹം ചോദിച്ചു, 'എന്റെ സഹോദരൻ എവിടെ?' ജനങ്ങൾ ചോദിച്ചു: 'യാ അമീറൽമുഅ്മിനീൻ! അങ്ങ് ആരെയാണ് ഉദ്ദേശിക്കുന്നത്?' അദ്ദേഹം പറഞ്ഞു: 'അബൂ ഉബയ്ദ!' ജനങ്ങൾ പറഞ്ഞു: 'ഇപ്പോൾ വരും.' ഇത്രയുമായപ്പോഴേക്കും ഹദ്റത്ത് അബൂഉബയ്ദ(റ)ഒട്ടകപ്പുറത്തേറി അവിടെയെത്തി. അദ്ദേഹം സലാം ചൊല്ലി. സുഖവിവരങ്ങൾ ആരാഞ്ഞു. ഹദ്റത്ത് ഉമർ, മറ്റെല്ലാവരോടുംപോകാൻ പറയുകയും ഹദ്റത്ത് അബൂഉബയ്ദയോടൊപ്പം അദ്ദേഹത്തിന്റെ താമസസ്ഥലത്തെത്തുകയും ചെയ്തു. അവിടെ ഒരു വാളും പരിചയും പായയും ഒരു പാത്രവുമല്ലാതെ മറ്റൊന്നും കണ്ടില്ല. ഹദ്റത്ത് ഉമർ പറഞ്ഞു: 'അബൂഉബയ്ദാ! കുറച്ച് സാധനങ്ങൾ സംഘടിപ്പിച്ചു തരാം. വീട്ടിൽ എന്തെങ്കിലുമൊക്കെ സാധനങ്ങൾ വേണ്ടതാണ്.' ഹദ്റത്ത് അബൂ ഉബയ്ദ പറഞ്ഞു: 'യാ അമീറൽ മുഅ്മിനീൻ! അതെല്ലാം നമ്മളെ സുഖസൗകര്യങ്ങളിലേക്ക് തിരിക്കുന്നതാണ്. സാധനങ്ങളെല്ലാം എനിക്ക് സംഘടിപ്പിക്കാൻ കഴിയുന്നതാണ്. പക്ഷേ, സുഖസൗകര്യങ്ങളായാൽ പിന്നെ അതിൽതന്നെ പെട്ടുപോകുന്നതാണ്. അതുകൊണ്ട് ഒന്നും വെക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.'

ഈ സന്ദർഭത്തിൽ ഉണ്ടായ ഹദ്റത്ത് ബിലാലിന്റെ ബാങ്കിനെ സംബന്ധിച്ച് ഹൃദയസ്പർശിയായ സംഭവം നേരത്തെയും വിവരിച്ചിട്ടുണ്ട്. ഹദ്റത്ത് ബിലാൽ റസൂലുല്ലാഹ്(സ)ന്റെ വഫാത്തിനു ശേഷം ബാങ്കുവിളിക്കാറില്ലായിരുന്നു. എന്നാൽ, അന്ന് നമസ്കാര സമയമായപ്പോൾ, ഹദ്റത്ത് ബിലാലിനോട് ബാങ്കുവിളിക്കാൻ കല്പിക്കണമെന്ന് ജനങ്ങൾ ഹദ്റത്ത് ഉമറിനോട് ആവശ്യപ്പെട്ടു. അങ്ങനെ ഹദ്റത്ത് ഉമറിന്റെ കൽപനയെതുടർന്ന് ഹദ്റത്ത് ബിലാൽ ബാങ്കു കൊടുത്തു. അതു കേട്ടപ്പോൾ എല്ലാവരുടെയും കണ്ണുകൾ നിറഞ്ഞു. ജനങ്ങളുടെ നേത്രങ്ങൾ കണ്ണീരണിഞ്ഞു. ഏറ്റവുമധികം കരഞ്ഞത് ഹദ്റത്ത് ഉമർ(റ) ആയിരുന്നു. കാരണം ആ ബാങ്ക് അവർക്കെല്ലാം നബി(സ)തിരുമേനിയുടെ കാലം ഓർമിപ്പിക്കുന്നതായിരുന്നു.(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ്, വാള്യം 2, പേജ് 28–30)(മുഅ്ജമുൽബുൽദാൻ, വാള്യം 2, പേജ് 106, ദാറുൽകുതുബുൽ ഇൽമിയ്യ).

റോമാക്കാരുടെ അവസാന ശ്രമത്തെ സംബന്ധിച്ചെഴുതുന്നു; ഹിജ്റ 17–ാം വർഷം റോമാക്കാർ മുസ്‌ലിമീങ്ങളിൽനിന്ന് സിറിയയെ തിരിച്ചുപിടിക്കാൻ ഒരു അവസാനവട്ട പരിശ്രമം നടത്തി. വടക്കൻ സിറിയ, അൽജസീറ, വടക്കൻ ഇറാഖ്, അർമീനിയ എന്നിവിടങ്ങളിലെ ഖുർദുകളും ഗ്രാമീണരും ക്രിസ്ത്യാനികളും ഇറാനികളും മുസ്‌ലിമീങ്ങൾക്കെതിരിൽ തങ്ങളെ സഹായിക്കണമെന്ന് ഹിർഖൽ (ഹെർകുലീസ്) രാജാവിനോട് അപേക്ഷിച്ചു. അദ്ദേഹം മുപ്പതിനായിരം സൈനികരെ നൽകാമെന്ന് സമ്മതിച്ചു. ആ സമയത്ത് അൽജസീറയുടെ ഭൂരിഭാഗം പ്രദേശങ്ങളും സഅ്ദ് ബിൻ അബീവഖാസ്(റ) കീഴടക്കികഴിഞ്ഞിരുന്നു. പക്ഷേ, അവിടെയുണ്ടായിരുന്ന ഗ്രാമീണരിൽ ആധിപത്യം നേടാൻ കഴിഞ്ഞിരുന്നില്ല. അവിടെ റോമൻ ചക്രവർത്തിയുടെ ആധിപത്യം തുടരുകയായിരുന്നു. അയാൾ സന്ദർഭം വിലപ്പെട്ടതാണെന്ന് മനസിലാക്കി ഒരു വലിയ നാവിക സേനയുമായി ആക്രമണം നടത്തി. ഗ്രാമീണഗോത്രങ്ങളുടെ വമ്പിച്ചൊരു സൈന്യം ഹിംസ് നഗരം വളഞ്ഞു. വടക്കൻ സിറിയയിലെ ചില നഗരങ്ങളിലും കലാപമുണ്ടാക്കി. ഹദ്റത്ത് അബൂ ഉബയ്ദ(റ)സഹായസേനക്കുവേണ്ടി ഹദ്റത്ത് ഉമറിന് കത്തെഴുതി. ഹദ്റത്ത് ഉമർ(റ) ഉടൻതന്നെ കൂഫയിൽനിന്ന് സഹായസേനയെ അയക്കാൻ ഹദ്റത്ത് സഅ്ദ് ബിൻ അബീവഖാസിന് നിർദ്ദേശം നൽകി. അങ്ങനെ ഹദ്റത്ത് സഅ്ദ്(റ), ഖഅ്ഖാഅ് ബിൻ അംറിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ കൂഫയിൽനിന്ന് അയച്ചു. പക്ഷേ, ഇതൊക്കെയായിട്ടും റോമൻ സൈന്യത്തിന്റേയും മുസ്‌ലിംസൈന്യത്തിന്റേയും എണ്ണത്തിൽ വലിയ വ്യത്യാസമുണ്ടായിരുന്നു. ഹദ്റത്ത് അബൂ ഉബയ്ദ(റ)സൈനികരോട് ആവേശഭരിതമായ ഒരു പ്രഭാഷണം നടത്തി. അദ്ദേഹം പറഞ്ഞു:'ഇന്ന് ഉറച്ചുനിൽക്കുന്നവർ ജീവനോടെ ഇരുന്നാൽ അവർക്ക് രാജ്യവും സമ്പത്തും ലഭിക്കുന്നതായിരിക്കും. ഇനി വധിക്കപ്പെടുകയാണെങ്കിൽ ശഹാദത്തിന്റെ അമൂല്യ നിധിയാണ് ലഭിക്കാൻ പോകുന്നത്. ശിർക്ക് ചെയ്യാത്ത അവസ്ഥയിൽ മരണപ്പെട്ടയാൾ സ്വർഗസ്ഥനാണെന്ന് നബി(സ)തിരുമേനി പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്.' ഇരുകൂട്ടരും തമ്മിൽ യുദ്ധം തുടങ്ങി. മുസ്‌ലിമീങ്ങൾക്കെതിരിൽ കുറച്ച് സമയത്തിനകം തന്നെ റോമാക്കാരുടെ ചുവടുകൾ പിഴച്ചു. അവർ സിറിയയുടെ അതിർത്തി പ്രദേശനഗരമായ മുസ്സ്വീസ്വയിൽ നിന്ന് പത്ത് മൈൽദൂരെയുള്ള പർവ്വത താഴ്‌വരയായ മർജ്ജൂദ്ദീബാജ്‌വരെ ഓടിപ്പോയി. പിന്നീടൊരിക്കലും റോമൻ ചക്രവർത്തിക്ക് സിറിയയിലേക്ക് മുന്നേറാൻ ധൈര്യംവന്നില്ല. (അശറമുബശ്ശറ, ബശീർ സാജിദ്, പേജ് 816–817, അൽബദ്ർ പബ്ലിക്കേഷൻസ് ഉർദു ബാസാർ ലാഹോർ, 2000)(സയ്റുസ്സ്വഹാബ, ശാഹ് മുഈനുദ്ദീൻ നദ്‌വി, വാള്യം 2, പേജ് 131, ദാറുൽ ഇശാഅത്ത് ഉർദു ബാസാർ, കറാച്ചി പാക്കിസ്താൻ)(മുഅ്ജമുൽ ബുൽദാൻ, വാള്യം 5, പേജ് 118, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

ത്വാഊൻ അംവാസ്: ഇതും ഒരു സ്ഥലപ്പേരാകുന്നു. ഇത് റംലയിൽനിന്ന് ബയ്ത്തുൽ മുഖദ്ദസിന്റെ വഴിയിൽ 6 മൈൽ ദൂരെയുള്ള ഒരു താഴ്‌വരയാണ്. ചരിത്ര ഗ്രന്ഥങ്ങളിൽ എഴുതിയിരിക്കുന്നു: 'ഇവിടെയാണ് ആദ്യമായി പ്ലേഗ് പൊട്ടിപ്പുറപ്പെട്ടത്. അതുകൊണ്ടാണ് ഇതിനെ ത്വാഊൻ അംവാസ് എന്ന് പറയുന്നത്. ഈ രോഗം കാരണം സിറിയയിൽ എണ്ണമറ്റമരണങ്ങളുണ്ടായി. ചിലരുടെ അഭിപ്രായത്തിൽ ഈ രോഗംകാരണം ഇരുപത്തിഅയ്യായിരംപേർ മരണപ്പെട്ടു. ബുഖാരിയുടെ ഒരു നിവേദനത്തിൽ ഇതിന്റെ വിശദീകരണമുണ്ട്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ) നിവേദനം. 'ഹദ്റത്ത് ഉമർ(റ)'സർഗ്' എന്ന സ്ഥലത്തെത്തി. 'സർഗ്' സിറിയയുടേയും ഹിജാസിന്റേയും അതിർത്തി പ്രദേശത്തുള്ള തബൂക്ക് താഴ്‌വരയിലെ ഒരു സ്ഥലമാകുന്നു. അവിടേക്ക് മദീനയിൽനിന്ന് 17 രാത്രി യാത്രാ ദൂരമുണ്ട്. പഴയ ചരിത്രഗ്രന്ഥങ്ങളിൽ ഇങ്ങനെ തന്നെയാണ് എഴുതിയിട്ടുള്ളത്. അതിന്റെ അർഥം ആയിരം മൈൽ ദൂരമുണ്ടാകുമെന്നാണ്. അദ്ദേഹം അവിടെ സൈന്യാധിപന്മാരായ ഹദ്റത്ത് അബൂഉബയ്ദ(റ)യേയും അദ്ദേഹത്തിന്റെ കൂട്ടുകാരേയും കണ്ടു. ജനങ്ങൾ പറഞ്ഞു: 'നാട്ടിൽ പകർച്ചവ്യാധിയായ പ്ലേഗ് പടർന്നു പിടിച്ചിരിക്കുകയാണ്.' ഹദ്റത്ത് ഉമർ(റ)ആദ്യകാല മുഹാജിരീംകളെ അഭിപ്രായമറിയാൻ വിളിച്ചു. പക്ഷേ, മുഹാജിറുകളിൽ അഭിപ്രായഭിന്നതയുണ്ടായി. ചിലർ പറഞ്ഞു: ഇവിടെ നിന്ന് പിന്മാറാൻ പാടില്ല. ചിലർ പറഞ്ഞു: ഈ സൈന്യത്തിൽ നബി(സ)തിരുമേനിയുടെ സ്വഹാബാക്കളുമുണ്ട്. അവരെ പകർച്ചവ്യാധിക്ക് വിട്ടുകൊടുക്കുന്നത് ശരിയല്ല. ഹദ്റത്ത് ഉമർ(റ) മുഹാജിരീംകളെ തിരിച്ചയച്ചശേഷം അൻസ്വാരിനെ വിളിച്ചു കൂടിയാലോചന നടത്തി. പക്ഷേ, അൻസ്വാറും മുഹാജിരീംകളെപ്പോലെ അഭിപ്രായഭിന്നതയിലായിരുന്നു. അൻസ്വാറിനെ പറഞ്ഞയച്ചു. തുടർന്ന് മക്കാ വിജയസമയത്ത് ഇസ്‌ലാം സ്വീകരിച്ച് മദീനയിൽവന്നിട്ടുണ്ടായിരുന്ന പ്രായാധിക്യമുള്ള ഖുറയ്ശികളെ വിളിപ്പിച്ചു. അവർ ഐകകണ്ഠ്യേന പറഞ്ഞു: ജനങ്ങളെയും കൊണ്ട് തിരിച്ചുപോകണം. ജനങ്ങളെ പകർച്ചവ്യാധിയുള്ള സ്ഥലത്തുനിന്ന് കൊണ്ടുപോകണം. തുടർന്ന് ജനങ്ങളോട് തിരിച്ചുപോകുവാൻ വിളംബരംചെയ്തു.'

ഹദ്റത്ത് അബൂഉബയ്ദ(റ) ആ നേരത്ത് ചോദിച്ചു: 'അല്ലാഹുവിന്റെ വിധിയിൽനിന്ന് ഓടിപോകാൻ കഴിയുമോ?' ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അബൂഉബയ്ദയോട് പറഞ്ഞു: 'അബൂഉബയ്ദാ, താങ്കളല്ലാതെ മറ്റാരെങ്കിലുമാണ് ഇത് പറഞ്ഞതെങ്കിൽ എത്ര നന്നായിരുന്നു! അതേ, നമ്മൾ അല്ലാഹുവിന്റെ ഒരു വിധിയിൽ നിന്ന് മറ്റൊരു വിധിയിലേക്ക് ഓടിപ്പോകുകയാണ്. ഹദ്റത്ത് ഉമർപറഞ്ഞു: നിങ്ങൾ കൈയിലുള്ള ഒട്ടകവുമായി ഒരു കര തരിശും, മറുകര പച്ചളിപ്പുള്ളതുമായ ഒരു താഴ്‌വരയിൽ എത്തുകയും നിങ്ങൾ പച്ചളിപ്പുള്ള കരയിൽനിന്ന് അവയെ മേയ്ക്കുകയാണെങ്കിലും അതല്ല തരിശായ കരയിൽ മേയ്ക്കുകയാണെങ്കിലും രണ്ടും ദൈവവിധി തന്നെയല്ലേ!'

നിവേദകൻ പറയുന്നു: ഇത്രയും ആയപ്പോഴേക്കും ഹദ്റത്ത് അബ്ദുർ റഹ്മാൻ ബിൻ ഔഫ് അവിടെ എത്തി. അദ്ദേഹം എന്തോ തിരക്കുകാരണം നേരത്തെ സന്നിഹിതനായിരുന്നില്ല. അദ്ദേഹം പറഞ്ഞു: 'എന്റെ പക്കൽ ഇതു സംബന്ധിച്ച അറിവുണ്ട്. നബി(സ)തിരുമേനി ഇങ്ങനെ പറയുന്നത് ഞാൻ കേട്ടിരിക്കുന്നു: 'ഏതെങ്കിലും സ്ഥലത്ത് പകർച്ചവ്യാധി ഉണ്ടെന്നറിഞ്ഞാൽ നിങ്ങൾ അവിടെ പോകരുത്. നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് പകർച്ചവ്യാധി പടർന്നിട്ടുണ്ടെങ്കിൽ അവിടെനിന്ന് പുറത്തു പോവുകയും ചെയ്യരുത്. അപ്പോൾ ഹദ്റത്ത് ഉമർ(റ) അല്ലാഹുവിന് കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ട് തിരിച്ചുപോയി. (സ്വഹീഹുൽ ബുഖാരി, കിതാബുത്ത്വിബ്ബ്, ഹദീഥ് നമ്പർ 5729)(മുഅ്ജമുൽ ബുൽദാൻ വാള്യം 4, പേജ് 177–178, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(മുഅ്ജമുൽ ബുൽദാൻ വാള്യം 3, പേജ് 239, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

ത്വാഊൻ അംവാസിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് ഉമർ(റ) സിറിയയിൽ എത്തിയ നേരത്ത് അവിടെ പ്ലേഗ് ഉണ്ടായിരുന്നു. അതുകൊണ്ട് ആ സ്ഥലം 'ത്വാഊൻ അംവാസ്' എന്നപേരിൽ പ്രസിദ്ധമാണ്. ഹദ്റത്ത് അബൂഉബയ്ദയും ഇസ്‌ലാമികസൈന്യവും അദ്ദേഹത്തെ വരവേറ്റു. അപ്പോൾ സ്വഹാബാക്കൾ അദ്ദേഹത്തോട്, ഇപ്പോൾ ഇവിടെ പ്ലേഗ് പടർന്നുപിടിക്കുകയാണെന്നും അതുകൊണ്ട് താങ്കൾ തിരിച്ചു പോകുകയാണ് ഉചിതം എന്നും പറഞ്ഞു. ഹദ്റത്ത് ഉമർ അവരുടെ അഭിപ്രായം സ്വീകരിച്ചുകൊണ്ട് തിരിച്ചു പോകാൻ തീരുമാനിച്ചു. ഹദ്റത്ത് അബൂ ഉബയ്ദ ബാഹ്യമായ കാര്യങ്ങളിൽ ശാഠ്യം കാണിച്ചിരുന്ന ആളായിരുന്നു. അദ്ദേഹം ഈ തീരുമാനത്തെ സംബന്ധിച്ചു അറിഞ്ഞപ്പോൾ ചോദിച്ചു: അ തഫിർറു മിനൽ ഖളായി? താങ്കൾ ദൈവവിധിയിൽനിന്ന് ഓടി പോ

കുകയാണോ?'ഹദ്റത്ത് ഉമർ പറഞ്ഞു: 'അഫിർറു മിൻ ഖളായില്ലാഹി ഇലാ ഖദരില്ലാഹി. ഞാൻ അല്ലാഹുവിന്റെ ഒരു വിധിയിൽ നിന്ന് മറ്റൊരു വിധിയിലേക്കാണ് ഓടുന്നത്. അതായത് അല്ലാഹുവിന്റെ ഒരു സവിശേഷവിധിയും ഒരു പൊതുവിധിയുമുണ്ട്. രണ്ടും അവന്റെതന്നെ വിധിയാകുന്നു. മറ്റാരുടേതുമല്ല. ആയതിനാൽ ഞാൻ അവന്റെ തീരുമാനത്തിൽ നിന്നോടി പോവുകയല്ല ചെയ്യുന്നത്. മറിച്ച് അവന്റെ ഒരു വിധിയിൽ നിന്ന് മറ്റൊരു വിധിയിലേക്ക് നീങ്ങുകയാണ് ചെയ്യുന്നത്.' ചരിത്രത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട് ഹദ്റത്ത് ഉമർ(റ)ന് പ്ലേഗിനെ സംബന്ധിച്ച് അറിവ് ലഭിച്ചപ്പോൾ അദ്ദേഹം കൂടിയാലോചനയ്ക്കുവേണ്ടി ജനങ്ങളെ ഒരുമിച്ചുകൂട്ടി. അവരോടു ചോദിച്ചു: 'സിറിയയിൽ നേരത്തേയും പ്ലേഗ് വന്നിട്ടുണ്ട്. അപ്പോൾ ജനങ്ങൾ എന്താണ് ചെയ്തിരുന്നത്?' അവർ പറഞ്ഞു: 'പ്ലേഗ് പടരുമ്പോൾ ജനങ്ങൾ പല ഭാഗത്തേക്കും പോയിരുന്നു. അങ്ങനെ പ്ലേഗിന്റെ ശക്തി ക്ഷയിക്കുമായിരുന്നു.' അതായത് ജനങ്ങൾ നഗരത്തിൽ തങ്ങുന്നതിനു പകരം ചുറ്റുഭാഗത്തുമുള്ള തുറസ്സായ സ്ഥലത്ത് പോകുമായിരുന്നു. ഈ അഭിപ്രായത്തെ സൂചിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: 'അല്ലാഹു പൊതുവായ ഒരു നിയമവും ഉണ്ടാക്കിയിട്ടുണ്ട്. അതായത് പ്ലേഗുള്ള സ്ഥലത്തുനിന്ന് പുറത്തേക്ക് തുറസ്സായ സ്ഥലത്ത് പോകുന്ന ആളുകൾ രക്ഷപ്പെട്ടിരുന്നു. അതുകൊണ്ട് ഈ നിയമവും അല്ലാഹുതന്നെയാണ് ഉണ്ടാക്കിയിട്ടുള്ളത്. അതിനാൽ ഞാൻ അവന്റെ നിയമത്തെ അതിലംഘിക്കുകയല്ല ചെയ്യുന്നത്. മറിച്ച് ഞാൻ അവന്റെ ഖളായിൽ നിന്ന് ഖദ്റിലേക്ക് നീങ്ങുകയാണ്. അതായത് അല്ലാഹുവിന്റെ സവിശേഷ നിയമത്തിൽനിന്ന് പൊതുനിയമത്തിലേക്ക് നീങ്ങുകയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഞാൻ ഓടിപോവുകയാണെന്ന് നിങ്ങൾക്ക് പറയാൻ സാധ്യമല്ല. ഞാൻ അവന്റെ ഒരു നിയമത്തിൽനിന്ന് മറ്റൊരു നിയമത്തിലേക്ക് പോവുകയാണ് ചെയ്യുന്നത്.'(തഫ്സീറെ കബീർ വാല്യം 5, പേജ് 170–171)

ഹദ്റത്ത് ഉമർ(റ) മദീനയിൽ തിരിച്ചെത്തി. പക്ഷേ, പ്ലേഗ് പരക്കുന്നതിൽ അദ്ദേഹത്തിന് പരിഭ്രമവും അസ്വസ്ഥതയുമുണ്ടായിരുന്നു. ഒരു ദിവസം ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അബൂഉബയ്ദക്ക് ഇങ്ങനെ കത്തയച്ചു, എനിക്ക് നിങ്ങളുമായി ഒരു അത്യാവശ്യകാര്യമുണ്ട്. അതിനാൽ ഈ കത്ത് കിട്ടിയ ഉടൻതന്നെ മദീനയിലേക്ക് തിരിക്കുക. കത്ത് രാത്രിയാണ് കിട്ടുന്നതെങ്കിൽ നേരം പുലരാൻ കാത്തുനിൽക്കരുത്. കത്ത് രാവിലെയാണ് കിട്ടുന്നതെങ്കിൽ രാത്രിയാകാനും കാത്തുനിൽക്കരുത്.' ഹദ്റത്ത് അബൂഉബയ്ദ(റ) കത്തു വായിച്ചശേഷം പറഞ്ഞു: 'ഞാൻ അമീറുൽമുഅ്മിനീന്റെ ആവശ്യം മനസിലാക്കുന്നു. അല്ലാഹു ഹദ്റത്ത് ഉമറിനോട് കരുണകാണിക്കുമാറാകട്ടെ. ബാക്കിയാക്കാൻ ഇടയില്ലാത്ത ഒന്നിനെയാണ് അദ്ദേഹം ബാക്കിയാക്കാൻ ആഗ്രഹിക്കുന്നത്. അതായത് അദ്ദേഹത്തിന്റെ പരിഭ്രമം എന്താണെന്ന് ഹദ്റത്ത് അബൂ ഉബയ്ദയക്ക് മനസിലായി. തുടർന്ന് ആ കത്തിന് ഇങ്ങനെ മറുപടി നൽകി: 'യാ അമീറൽ മുഅ്മിനീൻ! ഞാൻ താങ്കളുടെ ഉദ്ദേശ്യം മനസിലാക്കുന്നു. എന്നെ വിളിക്കരുത്. ഇവിടെത്തന്നെ തങ്ങാൻ അനുവദിച്ചാലും. ഞാൻ മുസ്ലിംസൈനികരിൽ ഒരാളാകുന്നു. എന്താണോ വിധി അത് സംഭവിക്കുകതന്നെ ചെയ്യും. എനിക്ക് അതിൽ നിന്നു മുഖം തിരിക്കാൻ സാധ്യമല്ല.' ഹദ്റത്ത് ഉമർ ആ കത്ത് വായിച്ചപ്പോൾ കരയാൻതുടങ്ങി. അവിടെ മുഹാജിരീംകൾ ഇരിക്കുന്നുണ്ടായിരുന്നു. അവർ ചോദിച്ചു: 'യാ അമീറൽ മുഅ്മിനീൻ! ഹദ്റത്ത് അബൂഉബയ്ദ(റ) മരണപ്പെട്ടുപോയോ? അദ്ദേഹം പറഞ്ഞു: ഇല്ല ഒരുപക്ഷേ അങ്ങനെ സംഭവിച്ചേക്കാം.'(സയ്റു അഅ്ലാമുന്നുബ്ലാ, വാല്യം 1 പേജ് 18–19, അബൂ ഉബയ്ദാ ബിൻ അൽജർറാഹ്, മുഅസ്സസത്തുർരിസാല ബെയ്റുത്ത്, ലബ്നാൻ 1996)

ഹദ്റത്ത് അബൂ ഉബയ്ദ(റ), ഹദ്റത്ത് ഉമർ(റ)ന് ഇങ്ങനെ എഴുതി: 'മുസ്ലിമീങ്ങളെ ആ പ്രദേശത്തുനിന്ന് ആരോഗ്യദായകമായ വല്ല സ്ഥലത്തേക്കും മാറ്റുക.'

ഏതെങ്കിലും മുസ്ലിംസൈനികൻ പ്ലേഗ് മുഖേന മരണപ്പെട്ടാൽ ഹദ്റത്ത് അബൂ ഉബയ്ദ(റ) കരയുകയും അയാൾക്ക് ശഹാദത്ത് ലഭിക്കാൻ പ്രാർഥിക്കുകയും ചെയ്യുമായിരുന്നു. ഒരു നിവേദനത്തിലുണ്ട്: ആ സമയത്ത് അദ്ദേഹം ഇങ്ങനെ ദുആ ചെയ്യുമായിരുന്നു, 'അല്ലാഹുവേ! അബൂഉബയ്ദയുടെ കുടുംബത്തിന് ഇതിൽ അതായത് ശഹാദത്തിൽ പങ്കൊന്നും ഇല്ലേ?' ഒരു ദിവസം ഹദ്റത്ത് അബൂ ഉബയ്ദ(റ)യുടെ വിരലിൽ ഒരു ചെറിയ ചലകുരു(pustule)വന്നു. അതുകണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹു ഈ കുറഞ്ഞതിൽ അനുഗ്രഹം ചൊരിയുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങനെ സ്വല്പമുള്ളതിൽ അനുഗ്രഹം നൽകിയാൽ അത് വളരെയധികമാകുന്നതാണ്.'

ഇർബാള് ബിൻ സാരിയ ഇങ്ങനെ വിവരിക്കുന്നു: ഹദ്റത്ത് അബൂ ഉബയ്ദ(റ) പ്ലേഗ് ബാധിതനായപ്പോൾ ഞാൻ അദ്ദേഹത്തിന്റെ സവിധത്തിലെത്തി. ഹദ്റത്ത് അബൂ ഉബയ്ദ(റ) എന്നോട് പറഞ്ഞു: ഞാൻ നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടിട്ടുണ്ട്: 'പ്ലേഗ് മുഖേന മരിക്കുന്നവൻ ശഹീദാകുന്നു. ഉദരസംബന്ധമായ രോഗം കാരണം മരിക്കുന്നവൻ ശഹീദാകുന്നു. മുങ്ങിമരിക്കുന്നവൻ ശഹീദാകുന്നു. മേൽക്കൂര തകർന്ന് അതിനടിയിൽ പെട്ട് മരിക്കുന്നവൻ ശഹീദാകുന്നു.' ഹദ്റത്ത് അബൂ ഉബയ്ദ(റ)യുടെ അന്ത്യനിമിഷങ്ങളെത്തിയപ്പോൾ അദ്ദേഹം ജനങ്ങളോട് പറഞ്ഞു: 'ഞാൻ നിങ്ങളോട് ഒരു വസിയ്യത്ത്' ചെയ്യുകയാണ്. അത് സ്വീകരിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഗുണകരമായിരിക്കും. ആ ഉപദേശം ഇതാണ്: 'നമസ്കാരം നിലനിറുത്തുക. സകാത്ത് നൽകുക. റമളാനിലെ നോമ്പനുഷ്ഠിക്കുക. സ്വദഖ(ദാനധർമ്മം) നൽകുക. ഹജ്ജ് അനുഷ്ഠിക്കുക. ഉംറ അനുഷ്ഠിക്കുക. പരസ്പരം നല്ല കാര്യങ്ങൾ ഉപദേശിക്കുക. തങ്ങളുടെ നേതാക്കന്മാരെ അനുസരിക്കുക. അവരെ വഞ്ചിക്കരുത്. നോക്കു! സ്ത്രീകൾ, നിങ്ങളെ നിങ്ങളുടെ ഉത്തരവാദിത്വങ്ങളിൽനിന്ന് അശ്രദ്ധരാക്കാതിരിക്കട്ടെ. ഒരാൾ ആയിരം വർഷം ജീവിച്ചിരുന്നാലും ഒരു ദിവസം അയാൾക്ക് എന്നെപ്പോലെ ഈ ലോകത്തുനിന്ന് പോകേണ്ടിവരുന്നതാണ്. അല്ലാഹു മനുഷ്യകുലത്തിന് മരണം വിധിച്ചിരിക്കുന്നു. എല്ലാവരും മരിക്കുന്നതാണ്. മരണത്തിനു മുമ്പേ തയ്യാറായിരിക്കുന്നവൻ, അതിനുവേണ്ടി തന്നെ തയ്യാറാക്കുന്നവൻ ബുദ്ധിമാൻ ആകുന്നു. അമീറുൽ മുഅ്മിനീന് എന്റെസലാം പറയുക. ഞാൻ എല്ലാ അമാനത്തുകളും(സൂക്ഷിപ്പുമുതലുകളും) കൊടുത്തു വീട്ടിയെന്ന് അറിയിക്കുക. തുടർന്ന് ഹദ്റത്ത് അബൂ ഉബയ്ദ(റ) പറഞ്ഞു: 'എന്നെ എന്റെ തീരുമാനപ്രകാരം ഇവിടെത്തന്നെ ഖബറടക്കുക.' ജോർഡാനിലെ താഴ്വരയിലാണ് അദ്ദേഹത്തിന്റെ ഖബർ ഉള്ളത്. മറ്റൊരു നിവേദനത്തിൽ പറയുന്നു: 'ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്(റ) ജാബിയ എന്ന സ്ഥലത്തുനിന്ന് ബയ്ത്തുൽമുഖദ്ദസിലേക്ക് നമസ്കരിക്കാൻ പോകുമ്പോൾ വഴിയിലാണ് അദ്ദേഹത്തിന്റെ മരണം സംഭവിച്ചത്. വേറെയൊരു നിവേദനം പ്രകാരം സിറിയയിലെ ഫിഹ്ൽ എന്ന സ്ഥലത്താണ് അദ്ദേഹം മരണപ്പെട്ടത്. അദ്ദേഹത്തിന്റെ ഖബർ 'ബയ്സാ'എന്ന പ്രദേശത്തിനടുത്താണ്. ഹദ്റത്ത് അബൂ ഉബയ്ദ(റ) മരണാസന്നനായപ്പോൾ ഹദ്റത്ത് മുആദ് ബിൻ ജബലിനെ തന്റെ പിൻഗാമിയായി നിയോഗിച്ചു. ഹദ്റത്ത് അബൂ ഉബയ്ദ(റ) വഫാത്തായപ്പോൾ ഹദ്റത്ത് മുആദ് ജനങ്ങളോട് പറഞ്ഞു: 'ഇന്ന് നമ്മളിൽ നിന്ന് വിടപറഞ്ഞ മഹാനേക്കാളും ശുദ്ധഹൃദയനും വെറുപ്പില്ലാത്തവനും ജനങ്ങളെ സ്നേഹിക്കുന്നവനും അവരുടെ അഭ്യുദയകാംക്ഷിയുമായുള്ള ആരെയും ഞാൻ കണ്ടിട്ടില്ല. അല്ലാഹു അദ്ദേഹത്തിനു മേൽ കരുണകൾ വർഷിക്കാൻ ചെയ്യാൻ ദുആചെയ്യുക. (രോശൻസിത്താരേ, ഗുലാംബാരിസയ്ഫ് സാഹിബ് വാല്യം 2, പേജ് 31–33)(സയ്റു അഅ്ലാമുന്നുബ്ലാ, വാല്യം 1 പേജ് 22–23, അബൂഉബയ്ദാ ബിൻ അൽജർറാഹ്(റ) മുഅസ്സസത്തുർരിസാല ബെയ്റുത്ത്, ലബ്നാൻ 1996)

ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്(റ) ഹിജ്റ 18 ലാണ് വഫാത്തായത്. അപ്പോൾ അദ്ദേഹത്തിന് 58 വയസായിരുന്നു.(ഇസ്തീആബ്, വാല്യം 2, പേജ് 343, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2010)

ഒരിക്കൽ ഹദ്റത്ത് അബൂ ഉബയ്ദ(റ)ന് ഹദ്റത്ത് ഉമർ(റ)നാലായിരം ദിർഹവും നാന്നൂറ് ദിനാറും കൊടുത്തയച്ചുകൊണ്ട് തന്റെ ദൂതനോടു, 'അദ്ദേഹം ഈ പണം എന്താണ് ചെയ്യുന്നത് എന്ന് നോക്കാൻ പറഞ്ഞു. അങ്ങനെ ദൂതൻ പ്രസ്തുത പണവുമായി ഹദ്റത്ത് അബൂ ഉബയ്ദ(റ)യുടെ അടുക്കലെത്തി. ഹദ്റത്ത് അബൂ ഉബയ്ദ(റ) ആ തുക മുഴുവനും ജനങ്ങൾക്കിടയിൽ വിതരണംചെയ്തു. ദൂതൻ എല്ലാ കാര്യങ്ങളും ഉമറിനോട്(റ) വിവരിച്ചു. അപ്പോൾ ഹദ്റത്ത് ഉമർ പറഞ്ഞു:'ഇസ്ലാമിൽ അബൂ ഉബയ്ദയെപ്പോലുള്ളവരെ സൃഷ്ടിച്ച അല്ലാഹുവിന് നന്ദി.'

ഒരിക്കൽ ഹദ്റത്ത് ഉമർ(റ) തന്റെ സുഹൃത്തുക്കളോട് പറഞ്ഞു: 'നിങ്ങൾ എന്തെങ്കിലും ആഗ്രഹിക്കുക. ഒരാൾ പറഞ്ഞു: 'എന്റെ വീട്ടിൽ നിറയെ സ്വർണം ഉണ്ടാകണമെന്നും അത് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കണമെന്നും സ്വദഖ ചെയ്യണമെന്നുമാണ് ഞാൻ ആഗ്രഹിക്കുന്നത്. മറ്റൊരാൾ പറഞ്ഞു: എന്റെ വീട്ടിൽ രത്നങ്ങളും പവിഴങ്ങളും നിറയണമെന്നും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കണമെന്നും സ്വദഖ ചെയ്യണമെന്നുമാണ് എന്റെ ആഗ്രഹം.' ഹദ്റത്ത് ഉമർ പറഞ്ഞു: ഇനിയും നിങ്ങൾക്ക് ആവശ്യമുള്ളത് ആഗ്രഹിക്കുക. ജനങ്ങൾ പറഞ്ഞു: 'യാ അമീറൽ മുഅ്മിനീൻ! ഞങ്ങൾ എന്താണ് ആഗ്രഹിക്കേണ്ടത് എന്ന് ഞങ്ങൾക്ക് അറിയില്ല. ഹദ്റത്ത് ഉമർ (റ) പറഞ്ഞു: 'എന്റെ വീട് ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്(റ), ഹദ്റത്ത് മുആദ് ബിൻ ജബൽ, ഹദ്റത്ത് ഉമർ(റ), സാലിം മൗലാ അബൂ ഹുദയ്ഫ(റ), ഹദ്റത്ത് ഹുദയ്ഫ ബിൻ യമാൻ(റ), എന്നിവരെപ്പോലുള്ള ആളുകൾകൊണ്ട് നിറയണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഈ ലോകത്തും പരലോകത്തും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കിയ ഇവർ എത്രമാത്രം അനുഗ്രഹീതരാകുന്നു.'(അൽമുസ്തദർക് അലസ്സഹീഹയ്ൻ, വാല്യം 3, പേജ് 252, ഹദീഥ് 5005, കിതാബു

## തിരുനബിയുടെ തിരുമൊഴികൾ:

**അനസ് ബിൻ മാലിക്(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'രാത്രി ഭക്ഷണം അരികിലെത്തുകയും നമസ്കാര സമയമാവുകയും ചെയ്താൽ മഗ്രിബ് നമസ്കാരം നിർവഹിക്കും മുമ്പേ നിങ്ങൾ അത് ആരംഭിക്കുക. നിങ്ങൾ ധിറുതിപ്പെടേണ്ടതില്ല.' (മുസ്ലിം, ഹദീഥ് 350)**

താലിബെ ദുആ
P.Abdul Ameer, Sadr, Ahmadiyya Jama-ath Pathapiriyam, Kerala

മഅ്രിഫത്തുസ്സഹാബ, ദിക്റു മനാഖിബു സാലിം മൗലാ അബീഹുദയ്ഫ(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)

അക്കൂട്ടർ ഭാഗ്യവാന്മാരാണ്. അവർ ലോകത്തും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിരുന്നു. പരലോകത്തും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരാണ്. ഇദ്ദേഹത്തെ സംബന്ധിച്ച അനുസ്മരണം ഇന്ന് അവസാനിച്ചിരിക്കുന്നു.

ഏതാനും ജനാസകൾ നമസ്കരിക്കുന്നതാണ്; അവരെ ഞാൻ അനുസ്മരിക്കുകയാണ്. ആദ്യത്തേത് നമ്മുടെ ശഹീദാകുന്നു. അദ്ദേഹം അതായത് പ്രൊഫസർ ഡോക്ടർ നഈമുദ്ദീൻ ഖട്ടക്ക് സാഹിബ് ഇബ്നു അഫ്സൽ ദീൻ ഖട്ടത്ത് സാഹിബ് പിശാവർ ജില്ല, കഴിഞ്ഞ ദിവസമാണ്ശഹീദായത്. ഒക്ടോബർ 5 ന് ഉച്ചയ്ക്ക് ഒന്നരമണിക്ക് ശത്രുക്കൾ അദ്ദേഹത്തെ വെടിവെച്ച് ശഹീദാക്കി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

അദ്ദേഹം പഠിപ്പിച്ചിരുന്ന സുപ്പീരിയർ കോളേജിൽനിന്ന് ഏകദേശം ഒന്നരമണിക്ക് വീട്ടിലേക്ക് പോകുകയായിരുന്നു. അപ്പോൾ മോട്ടോർസൈക്കിളിൽ വന്ന രണ്ടുപേർ വെടിവെക്കുകയുണ്ടായി. അദ്ദേഹം സംഭവസ്ഥലത്തുതന്നെ ശഹീദായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാ ജിഊൻ. ശഹീദിന് 56 വയസ്സായിരുന്നു. 25 വർഷമായി അദ്ദേഹം അധ്യാപന ജോലിയിലാണ്. അദ്ദേഹം ഖാഇദെ അഅ്ളം യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ഫിൽ ചെയ്തശേഷം സ്കോളർഷിപ്പോടുകൂടി ചൈനയിൽപോയി പഠിച്ചു. അവിടെ നിന്ന് മൈക്രോ ഇൻ വെയർമെന്റൽ ബയോളജിയിൽ പി.എച്ച്.ഡി എടുത്തു. തുടർന്ന് ഇസ്ലാമിയ കോളേജ് യൂണിവേഴ്സിറ്റിയിൽ സേവനനിരതനായി. പിശാവർ യൂണിവേഴ്സിറ്റിയിൽ പഠിപ്പിച്ചിരുന്നു. കുട്ടികളുടെ, സ്റ്റുഡൻസിന്റെയൊക്കെ ഇൻറർവ്യൂ എടുത്തിരുന്ന പി.എച്ച്.ഡി പാനലിൽ മെമ്പറായിരുന്നു. പാകിസ്താനിലെ വിവിധ വിദ്യാഭ്യാസസ്ഥാപനങ്ങൾ അദ്ദേഹത്തെ ക്ലാസെടുക്കുവാൻ ക്ഷണിക്കാറുണ്ടായിരുന്നു. അധികവും വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റുമായിട്ടായിരുന്നു ബന്ധം.

അദ്ദേഹത്തിന്റെ കുടുംബത്തിൽ പിതാമഹൻ റുക്നുദ്ദീൻ സാഹിബ് ഖട്ടക്ക് മുഖേനയാണ് അഹ്മദിയ്യത്ത് എത്തിയത്. ഇദ്ദേഹം ഖട്ടക് ജില്ലക്കാരനായിരുന്നു. പിതാമഹി ബിബി നൂർ നാമ സാഹിബയും അഹ്മദിയായി. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ശേർ സമാൻ എന്നായിരുന്നു. അവരുടെ പിതാവ് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സ്വഹാബിയായിരുന്നു. അദ്ദേഹത്തിന്റെ പിതാവിനും പിതാമഹിയുടെ പിതാവിനും ഖാദിയാനിൽ നിന്ന് തിരിച്ചുപോകുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു പരിശുദ്ധ കുർത്ത ഉപഹാരമായി നൽകിയിരുന്നു. ഈ തബർറുക്ക് അനുഗൃഹീത ഉപഹാരം ഇപ്പോഴും അദ്ദേഹത്തിന്റെ കുടുംബത്തിലുണ്ട്.

മർഹൂം ശഹീദിന്റെ പിതാവ് ഫള്ൽദീൻ സാഹിബ്, വന്യജീവിസംരക്ഷണവകുപ്പിൽ മൃഗ ഡോക്ടർ ആയിരുന്നു. പിന്നീട് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലാണ് വിരമിച്ചത്. അദ്ദേഹം അറിയപ്പെടുന്ന കവിയുമായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് മഹബൂബത്തുർ റഹ്മാൻ സാഹിബ വിദ്യാഭ്യാസവകുപ്പിൽ ഡപ്യൂട്ടി ഡയറക്ടറായിരുന്നു. ആ നിലയിലാണ് റിട്ടയേർഡ് ആയത്. വർഷങ്ങളോളം അദ്ദേഹത്തിന്റെ കുടുംബത്തിന് എതിർപ്പുകളെ അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. ഭാര്യാപിതാവ് അഡ്വ. ബശീർ അഹ്മദ് സാഹിബ്, സ്വദർ ജമാഅത്ത് അചീനി പായാൻ പിശാവർ സാഹിബിനെ 2019ൽ തട്ടിക്കൊണ്ടു പോയിരുന്നു. ഇന്നേവരേയും അദ്ദേഹം എവിടെയാണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ശഹീദ് മർഹൂം നിരവധി സവിശേഷഗുണങ്ങൾക്ക് ഉടമയായിരുന്നു. നല്ല വിദ്യാസമ്പന്നനായിരുന്നുവെങ്കിലും സെക്യൂരിറ്റി ജോലി ചെയ്യാൻ സന്നദ്ധനായിരുന്നു. അതിഥിസൽക്കാരം അതുപോലെ സഹാനുഭൂതി, ദരിദ്രരെ സഹായിക്കുക, കുടുംബത്തിലെ എല്ലാവരോടുമുള്ള സഹാനുഭൂതിയോടുള്ള പെരുമാറ്റം എന്നിവ അദ്ദേഹത്തിന്റെ സവിശേഷഗുണങ്ങളായിരുന്നു. വിദ്യാഭ്യാസകാര്യത്തിൽ ഏറെ ശ്രദ്ധാകുലനായിരുന്നു. അഹ്മദീ കുട്ടികളോട് വിദ്യാസമ്പാദത്തിന് കൂടെക്കൂടെ ഉപദേശിച്ചിരുന്നു. തന്റെ മക്കൾക്കും ഉന്നത വിദ്യാഭ്യാസം നൽകി. അദ്ദേഹത്തിന്റെ ഭാര്യ സഅ്ദിയ ബുശ്റ സാഹിബ പറയുന്നു: 'ശഹീദ് മർഹൂം ശഹാദത്തിന് ഒരാഴ്ച മുമ്പേ റബ്വയിൽ ബിഹിശ്തി മഖ്ബറയിൽ പോയിരുന്നു. അപ്പോൾ നമുക്കും ഇവിടെ സ്ഥലം കിട്ടിയിരുന്നുവെങ്കിൽ എന്നും എന്നാൽ, ഇവിടെ സ്ഥലം കിട്ടാൻ നമുക്ക് എവിടെ ഭാഗ്യം കിട്ടാനാണെന്നും പറഞ്ഞിരുന്നു. ഏതായിരുന്നാലും അല്ലാഹു അദ്ദേഹത്തിന്റെ ആഗ്രഹം പൂർത്തീകരിച്ചു. അദ്ദേഹത്തെ റബ്വയിലാണ് ഖബറടക്കിയത്. ശഹീദ് മർഹൂമിന്റെ ഭാര്യാസഹോദരൻ, ഡോക്ടർ മുനീർ അഹ്മദ് ഖാൻ, ഇദ്ദേഹം ഇപ്പോൾ താഹിർഹാർട്ട് (ഇൻസ്റ്റിറ്റ്യൂട്ടിൽ) ജോലി ചെയ്യുന്നു, പറയുന്നു: ശഹീദ് അദ്ദേഹത്തോട് പറഞ്ഞു: 'അദ്ദേഹത്തിന് ഒരു പ്രൊഫസർ ശത്രുവായിട്ടുണ്ട്. ഇദ്ദേഹത്തിന്റേയും മകളുടേയും ഫോട്ടോകൾ അയാൾ ശത്രുക്കൾക്ക് കൊടുത്തുകൊണ്ട് കൊല്ലണമെന്ന് പറഞ്ഞു പ്രേരിപ്പിക്കുകയാണ്. അദ്ദേഹത്തിന്റെ വീടിന് മുന്നിലും ശത്രുക്കൾ ബാനറുകൾ തൂക്കിയിട്ടുണ്ട്.' അദ്ദേഹം പറയുന്നു: വഫാത്തിന് ഒരാഴ്ചമുമ്പേ എന്നെ കാണാൻ അദ്ദേഹം ഇവിടെവന്നിരുന്നു. ഞാൻ അദ്ദേഹത്തോട് ഞങ്ങളോടൊപ്പം ഭക്ഷണം കഴിക്കാൻ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇല്ല, ഞാൻ ലങ്കർ ഖാനയിൽ നിന്ന് ഭക്ഷണം കഴിക്കാം. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലങ്കറിലെ ഭക്ഷണത്തിന്റെ സ്വാദ് മറ്റ് എവിടെ നിന്നുംകിട്ടുന്നതല്ല. ഇവിടെ നിന്ന് കിട്ടുന്ന അനുഗ്രഹവും മറ്റെവിടെ നിന്നും കിട്ടില്ല. അതുകൊണ്ട് പിന്നെ എപ്പോഴെങ്കിലും ആകാം.' ശഹീദ് മർഹൂമിന്റെ സന്തപ്തകുടുംബത്തിൽ ഭാര്യ സഅ്ദിയ നസീം സാഹിബയെ കൂടാതെ മൂന്നു പെൺമക്കളും രണ്ട് ആൺമക്കളുമുണ്ട്. ഇവരിൽ ഒരു മകളുടെ വിവാഹം കഴിഞ്ഞിരുന്നു. മറ്റു രണ്ടുപേർ പഠിക്കുന്നു. ആൺമക്കളിൽ ഒരാൾ കലീമുദ്ദീൻ ഖട്ടക് എൻജിനീയറും നൂറുദ്ദീൻ ഖട്ടക് ഫസ്റ്റ് ഇയർ വിദ്യാർഥിയുമാണ്. ജമാഅത്തീ സേവനം ചെയ്യുന്ന ഇദ്ദേഹത്തിന്റെ കുടുംബക്കാരിൽ പിശാവർ ജമാഅത്ത് അമീർ ഇദ്ദേഹത്തിന്റെ ഭാര്യാസഹോദരനാണ്. അല്ലാഹു പരേതന് പൊറുത്തുകൊടുക്കുകയും കരുണചൊരിയുകയും സന്തപ്തകുടുംബത്തിന് സഹനം നൽകുകയും ചെയ്യുമാറാകട്ടെ.

രണ്ടാമത്തെ ജനാസ ജർമനി ജാമിഅ അഹ്മദിയ്യാ വിദ്യാർഥി ഉസാമ സാദികിന്റേതാണ്. മുഹമ്മദ് സ്വാദിഖ് സാഹിബിന്റെ മകനാണ്. കഴിഞ്ഞദിവസം ജർമനിയിലെ റാഇൻ നദിയിൽ മുങ്ങിമരിക്കുകയായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലെയ്ഹി റാജിഊൻ. 20 വയസ്സായിരുന്നു. പാകിസ്താനിലെ ചെക്ക് സിക്കന്ദർ ഗുജറാത്ത് നിവാസിയായിരുന്നു. സഹോദരിസഹോദരന്മാരിൽ ഏറ്റവും ഇളയകുട്ടിയായിരുന്നു. അദ്ദേഹത്തിന്റെ സന്തപ്തകുടുംബത്തിൽ മാതാപിതാക്കളെകൂടാതെ അഞ്ച് സഹോദരിമാരും ഒരു സഹോദരനുമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് പിതാവിന്റെ കുടുംബത്തിലൂടെയാണ് ഇദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് എത്തിയത്. അദ്ദേഹത്തിന്റെ പിതാമഹൻ രണ്ട് സഹോദരന്മാരോടൊപ്പം അഹ്മദിയായി. പിന്നീട് മറ്റുള്ളവർ പിന്മാറിയെങ്കിലും ഇദ്ദേഹത്തിന്റെ പിതാമഹൻ അഹ്മദിയ്യത്തിൽ ഉറച്ചുനിന്നു. മാതാവിന്റെ കുടുംബത്തിൽ മാതാമഹന്റെ പിതാവ് ഹദ്റത്ത് ശാഹ് മുഹമ്മദ് സാഹിബും അദ്ദേഹത്തിന്റെ പിതാവ് ലങ്കർ മുഹമ്മദ് സാഹിബ് മുഖേനയാണ് അഹ്മദിയ്യത്തിലെത്തിയത്. ഇവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കളായിരുന്നു. അവർ 1903ൽ ജഹ്ലമിൽ വെച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈയിൽ നേരിട്ട് ബയ്അത്ത് ചെയ്തതാണ്. 1989 ൽ ചെക്സിക്കന്ദറിൽ ജമാഅത്തീ അവസ്ഥകൾ മോശമായി. അഹ്മദികൾക്കെതിരെ ജാഥ നടത്തി. അന്ന് പരേതന്റെ മാതാപിതാക്കൾക്കും എതിർപ്പ് നേരിടേണ്ടിവന്നു. അദ്ദേഹത്തിന്റെ മാതാവിനേയും ശത്രുക്കൾ മർദ്ദിച്ചു. പിതാവ് സാദിഖ് സാഹിബിനെതിരിൽ കള്ളക്കേസുണ്ടാക്കി. ഏഴുവർഷത്തോളം കേസുതുടർന്നു. ഏതായിരുന്നാലും ഇവർ ജർമനിയിലെത്തി. പരേതൻ കുറച്ച് അവിടെയും പിന്നെ ഇവിടെയും വിദ്യാഭ്യാസം കരസ്ഥമാക്കി. ജാമിഅയിൽ പ്രവേശിച്ചു. ജാമിഅയിൽ 3 വർഷം പൂർത്തിയാക്കിയിരുന്നു. ഏതായിരുന്നാലും അല്ലാഹുവിന്റെ വിധി അദ്ദേഹത്തെ തിരിച്ചുവിളിച്ചിരുന്നു.

അദ്ദേഹത്തിന്റെ പിതാവ് പറയുന്നു: മകന്റെ എത്ര ഗുണങ്ങൾ പറഞ്ഞാലും അത് കുറവായിരിക്കും. കാരണം അവൻ കുറഞ്ഞ പ്രായത്തിൽ ഒരുപാട് ജോലികൾചെയ്തു. ഒരു വിദ്യാർഥി എന്നതിനോടൊപ്പം ജാഗ്രതയുള്ളകുട്ടിയായിരുന്നു. കൂടുതൽ സമയവും പഠനത്തിലാണ് കഴിച്ചുകൂട്ടിയത്. കൊറോണ കാരണം അവൻ ആറുമാസം വീട്ടിൽ തന്നെയായിരുന്നു. ജമാഅത്ത് നമസ്കാരത്തിന് പുറമെ റമളാനിൽ എല്ലാ നോമ്പും പിടിച്ചിരുന്നു. തറാവീഹ് ജമാഅത്തായി വീട്ടിൽ നമസ്കരിപ്പിച്ചിരുന്നു. അവൻ തന്നെയാണ് ഇമാമത്ത് വഹിച്ചിരുന്നത്. നമസ്കരിക്കുകയല്ല നമസ്കരിപ്പിക്കുകയാണ് ചെയ്തിരുന്നത്. അവധിക്കുശേഷം ജാമിഅയിൽ പോകാൻ തയ്യാറെടുക്കുകയായിരുന്നു. പക്ഷേ, വഫാത്തായി. അദ്ദേഹത്തിന്റെ മാതാവ് പറയുന്നു: അവൻ നിരവധി സൽഗുണങ്ങളുടെ ഉടമയായിരുന്നു. വളരെ ഉത്തരവാദിത്വത്തോടുകൂടി ജോലികൾ ചെയ്തിരുന്നു. മാത്രമല്ല എത്രയുംവേഗം അത് പൂർത്തിയാക്കുകയുംചെയ്തിരുന്നു. വളരെ സാദാപ്രകൃതമായിരുന്നു. മിതഭാഷിയായിരുന്നു. അത്യാവശ്യമെങ്കിൽ മാത്രമേ സംസാരിച്ചിരുന്നുള്ളൂ. മാതാപിതാക്കളെ നല്ലപോലെ അനുസരിച്ചിരുന്നു. ഉറച്ച തീരുമാനവും സൽസ്വഭാവവുമായിരുന്നു. അതോടൊപ്പം ദീർഘവീക്ഷണവുമുണ്ടായിരുന്നു. വിവിധ ഭാഷകളിൽ പ്രാവീണ്യം നേടാൻ ശ്രമിച്ചിരുന്നു. അതിനുവേണ്ടി അറബി, ഫാർസി, ഇംഗ്ലീഷ്, ജർമനി ഭാഷകളിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ജർമനി നാഷണൽ തബ്ലീഗ് സെക്രട്ടറി ഫരീദ് സാഹിബ് എഴുതുന്നു, 'ഉസാമ നിരവധി നന്മകളുടെ ഉടമയായിരുന്നു. അതിലൊന്ന് താൽപര്യപൂർവം തബ്ലീഗ് ചെയ്യുന്നതിൽ വ്യാപൃതരാകുന്ന സ്വഭാവമാണ്. വഫാത്തിന് രണ്ടുദിവസം മുമ്പ് വരെയും മൂന്നുദിവസം തുടർച്ചയായി നോട്ടീസ് വിതരണം ചെയ്യാൻ ഉത്തരജർമനിയിൽ പോയിരുന്നു. എപ്പോൾ വിതരണം ചെയ്യാൻ വിളിച്ചാലും ഇല്ല എന്ന് പറഞ്ഞിരുന്നില്ല. മാത്രമല്ല നല്ലതുപോലെഅതിൽ ഭാഗഭാക്കാകുകയുംചെയ്തിരുന്നു.

ജാമിഅ ജർമനിയിൽ നിന്ന് പാസായിട്ടുള്ള മുറബ്ബി സുഹയ്ബ് നാസിർ സാഹിബ് എഴുതുന്നു: അദ്ദേഹം എന്നെക്കാളും 4 വർഷം ജൂനിയറായിരുന്നു. പക്ഷേ, ഇബാദത്തിൽ അദ്ദേഹം എനിക്ക് മാതൃകയായിരുന്നു. മസ്ജിദിൽ അധികവും ഒന്നാമത്തെ സ്വഫ്ഫിൽ കാണുമായിരുന്നു. ഏറ്റവുമാദ്യം മസ്ജിദിലെത്തി നഫ്ൽ നമസ്കരിച്ചിരുന്നു. നമസ്കാരത്തിനുശേഷം അധികവും ദിക്റെ ഇലാഹിയിൽ മുഴുകിയിരുന്നു. മസ്ജിദിൽ ഏറ്റവും ആദ്യം എത്തുകയും അവസാനം പോകുകയും ചെയ്യുന്ന വിദ്യാർഥികളിലൊരാളായിരുന്നു. ജുമുഅക്ക് ഒന്നാമത്തെ സ്വഫ്ഫിൽ ഇരിക്കുമായിരുന്നു. ജാമിഅ പഠനത്തിൽ ബന്ധശ്രദ്ധനായിരുന്നു.

അല്ലാഹു മർഹൂമിനോടു പൊറുമയോടും

കാരുണ്യത്തോടുംകൂടി വർത്തിക്കുകയും മാതാപിതാക്കൾക്കും സഹോദരി സഹോദരന്മാർക്കും സഹനം നൽകുകയും ചെയ്യുമാറാകട്ടെ.

അടുത്ത ജനാസ സലീം അഹ്മദ് മലിക് സാഹിബിന്റേതാണ്. അദ്ദേഹം ആദ്യം ഇവിടെ സർക്കാറിൽ, വിദ്യാഭ്യാസവകുപ്പിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ബന്ധപ്പെട്ടു പ്രവർത്തിച്ച വ്യക്തിയാണ്. ജാമിഅ ആരംഭിച്ചപ്പോൾ റിട്ടയർഡ്മെന്റിനുശേഷം ജാമിഅയിൽ അധ്യാപകനായി. സെപ്റ്റംബർ 24 ന് 87–ാമത്തെ വയസ്സിലാണ് വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ പിതാമഹൻ, ഹദ്റത്ത് മലിക് നൂറുദ്ദീൻ സാഹിബും, പിതാവ് മലിക് അസീസ് അഹ്മദ് സാഹിബും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കളായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ ഒരു സംഭവം മാതാവ് വിവരിക്കുന്നുണ്ട്. മലിക് സാഹിബിന്റെ കുടുംബത്തിൽ അജ്ഞാതമായ രോഗം കാരണം ഒരുപാടുപേർ അതായത് പിതൃകുടുംബത്തിൽ വഫാത്തായി. അപ്പോൾ അവരുടെ മാതാവ്, അതായത് അദ്ദേഹത്തിന്റെ പിതാമഹി, ഹകീം മൗലാനാ നൂറുദ്ദീൻ സാഹിബിനോട് കുട്ടിയുടെഅവസ്ഥയെപ്പറ്റി പറഞ്ഞു. മൗലവി സാഹിബ് ഉടൻതന്നെ കുട്ടിയെ കാണാൻ അവരുടെ വീട്ടിൽപോയി. അവരോടു പറഞ്ഞു: ‘കുട്ടി രക്ഷപ്പെടാൻ സാധ്യത കുറവാണ്. ദുആകൊണ്ട് മാത്രമേ രക്ഷപ്പെടാൻ സാധ്യതയുള്ളൂ.’ അതിനുശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സവിധത്തിലെത്തി ദുഃആയ്ക്ക് അപേക്ഷിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ മസ്ജിദ് അഖ്സ്വയുടെ കോണിപ്പടിയിൽവെച്ചുതന്നെ കാണാൻ കഴിഞ്ഞു. അപേക്ഷകേട്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ‘ഇപ്പോൾതന്നെ പോയി കുട്ടിയെ കാണാം.’ അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരുടെ വീട്ടിൽപോയി. വീട്ടിലെത്തി കുട്ടിയുടെ നെറ്റിയിൽ തന്റെ കൈവെച്ചുകൊണ്ട് പറഞ്ഞു: ‘കുട്ടി ഇൻശാ അല്ലാഹ് സുഖം പ്രാപിക്കുന്നതാണ്.’ അങ്ങനെ ഹുദൂർ(അ)ന്റെ ദുആയുടെ അത്ഭുതദൃഷ്ടാന്തമെന്നോളം കുട്ടി രോഗമുക്തനായി. പിന്നെ 70 വയസ്സുവരെ ജീവിച്ചു.’

സലിം മലിക് സാഹിബ് പ്രാരംഭ വിദ്യാഭ്യാസം ഖാദിയാനിൽനിന്നാണ് കരസ്ഥമാക്കിയത്. പാകിസ്താൻ രൂപീകരിച്ച ശേഷം സിയാൽക്കോട്ടിൽ താമസമാക്കി. അവിടെനിന്ന് കോളേജ് വിദ്യാഭ്യാസം കരസ്ഥമാക്കി. പിന്നെ കറാച്ചിയിലെത്തി. അവിടെനിന്ന് സയൻസ് വിഷയങ്ങളിൽ പഠനം പൂർത്തിയാക്കി. 1960ൽ യുകെയിൽവന്നു. ഇവിടെ വൈഡിംഗം യൂണിവേഴ്സിറ്റിയിൽ വർഷങ്ങളോളം ജിയോളജിക്കൽകെമിസ്ട്രി പ്രൊഫസറായിരുന്നു. ആരംഭകാലം മുതൽ അദ്ദേഹത്തിന് യു.കെ.ജമാഅത്തിലെ വിവിധവകുപ്പുകളിൽ പ്രവൃത്തിക്കാൻ തൗഫീഖ് ലഭിച്ചിരുന്നു. നാഷണൽ തഅ്ലീം തർബിയ്യത്ത് സെക്രട്ടറിയായി നിയമിതനായി. നീണ്ടകാലം ഉമൂറെ ഖാരിജ സെക്രട്ടറിയായിരുന്നു. ജമാഅത്തിന്റെ ഇന്റർനാഷണൽ റിലേഷൻ വകുപ്പിൽ പ്രവൃത്തിച്ചിട്ടുണ്ട്. അഹ്മദികളുടെ അവസ്ഥയെ അവലോകനം ചെയ്യുന്നതിന് രണ്ടുപ്രാവശ്യം ഹ്യൂമൻ റൈറ്റ്സ് കമ്മിറ്റിയോടൊപ്പം പാകിസ്താനിൽ പോയി റിപ്പോർട്ട് തയ്യാറാക്കാൻ അവസരംലഭിച്ചിട്ടുണ്ട്.

എല്ലാവർഷവും ലോകത്തിലെ വിവിധരാജ്യങ്ങളിൽ വലിയ ഇന്റർനാഷണൽ എക്സ്പോ സംഘടിപ്പിക്കാറുണ്ട്. 1992 –ൽ മലിക് സാഹിബിന് യു.കെ.യിലും സ്പെയിനിലും ജമാഅത്തിന്റെ സ്റ്റാൾ ഇടാനും അത് സംവിധാനം ചെയ്യാനും അവസരം കിട്ടിയിട്ടുണ്ട്. 1997–ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ജാമിഅ അഹ്മദിയ്യാ സ്ഥാപിക്കുന്നതിന് ഉണ്ടാക്കിയ കമ്മിറ്റിയിൽ സലീം സാഹിബിനേയും ഉൾപ്പെടുത്തിയിരുന്നു. അതുപോലെ യു.കെ.ജാമിഅ ആരംഭിക്കുന്നതിനു മുമ്പേ ഉണ്ടായിരുന്ന കമ്മിറ്റിയിലും അദ്ദേഹം ഭാഗഭാക്കായിരുന്നു. ജാമിഅ അഹ്മദിയ്യാ വിദ്യാർഥികൾക്ക് ഇംഗ്ലീഷും ചരിത്രവും പഠിപ്പിക്കുവാനുള്ള തൗഫീഖ്ലഭിച്ചിരുന്നു. അത് മരണംവരെയും തുടർന്നുപോന്നു. ഇസ്‌ലാമാബാദ് വാങ്ങിയപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ നിർദ്ദേശാനുസരണം അവിടെ ലൈബ്രറി സ്ഥാപിക്കാൻ അവസരം ലഭിച്ചു.

മർഹൂം വളരെയേറെ ദീനിബോധമുള്ളയാളും നമസ്കാരത്തിലും നോമ്പിലും കൃത്യനിഷ്ഠയുടെയാളും ജനങ്ങളെ ഏറെ സ്നേഹിക്കുന്ന വ്യക്തിയും സൗമ്യഭാഷണമുള്ള ദായീഇലല്ലായും അതിഥിസൽക്കാരപ്രിയനും ഖിലാഫത്തിനോട് അങ്ങേയറ്റത്തെ സ്നേഹമുള്ളയാളും ഖിലാഫത്തിനോട് ആത്മാർഥതയും കൂറുമുള്ള മഹദ് വ്യക്തിയുമായിരുന്നു.

സന്തപ്തകുടുംബത്തിൽ ഭാര്യയെക്കൂടാതെ മൂന്നു പെൺമക്കളും നിരവധി ദൗഹിത്രന്മാരും ദൗഹിത്രിമാരുമുണ്ട്. അദ്ദേഹത്തിന്റെ സഹോദരിപുത്രൻ അബ്ദുൽവഹ്ഹാബ് സാഹിബ് പറയുന്നു: 1960–ൽ ലണ്ടനിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹത്തെ ഇങ്ങനെ ഉപദേശിച്ചു: ‘അതായത് മലിക് അബ്ദുൽ അമീൻ സാഹിബ് രോഗിയായിരുന്നുവെങ്കിലും ഉപദേശിച്ചുകൊണ്ട് പറഞ്ഞു: ‘ഒന്ന്, ജമാഅത്തുമായുള്ള ബന്ധം ഒരിക്കലും ഒഴിവാക്കരുത്. ബ്രിട്ടനിൽപോകുന്നതുകൊണ്ട് അവിടെയുള്ള തിളക്കത്തിൽ ആണ്ടുപോകരുത്. രണ്ട്, ചന്ദ എപ്പോഴും യഥാസമയം ശറഹ് അനുസരിച്ച് കൊടുക്കണം. ഇതും ആത്മീയപരിഷ്കരണത്തിന് അനിവാര്യമാകുന്നു. മൂന്ന്, ആരെങ്കിലും എപ്പോൾ സഹായം ചോദിച്ചാലും പിന്മാറിക്കളയരുത്; അതുകൊണ്ട് എത്ര ബുദ്ധിമുട്ടേണ്ടി വന്നാലുംശരി. പറയുന്നു, ഞാൻ മാതാപിതാക്കളുടെ ഉപദേശം അനുസരിച്ച് എപ്പോഴും പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ സഹോദരീപുത്രൻ എഴുതുന്നു: ‘അദ്ദേഹം പറഞ്ഞതല്ലെങ്കിലും പിന്നീട് എനിക്ക് മനസിലാക്കാൻ കഴിഞ്ഞ ഒരു സംഭവമുണ്ട്. ഒരിക്കൽ അദ്ദേഹത്തിന്റെ ഏതോ ബന്ധുവിന് ഒരു വലിയസംഖ്യ ആവശ്യമായിരുന്നു. അപ്പോൾ അദ്ദേഹം തന്റെ വീട് വിറ്റ് അയാളുടെ ആവശ്യം നിറവേറ്റിക്കൊടുത്തു. പക്ഷേ, അല്ലാഹു പിന്നേയും അനുഗ്രഹിക്കുകയും വലിയൊരു വീട് അദ്ദേഹത്തിന് ലഭിക്കുകയുംചെയ്തു.

വൈജ്ഞാനികനിലയിൽ വളരെയേറെ ജ്ഞാനിയായിരുന്നു. ഞാൻ തുടക്കത്തിൽ കണ്ടപ്പോൾ അദ്ദേഹവുമായി അടുത്ത ബന്ധമില്ലായിരുന്നു. ഞാൻ മനസ്സിലാക്കിയത് ഒരു സാധാരണ അഹ്മദിയാണെന്നാണ്. ഇംഗ്ലീഷ് പഠിപ്പിക്കുന്നതുകൊണ്ട് ഇംഗ്ലീഷ് നന്നായിരിക്കുമെന്ന് കരുതിയിരുന്നു. പക്ഷേ, അദ്ദേഹം ആത്മാർഥതയിലും കൂറിലും വളരെമുന്നിലാണെന്നും എപ്പോഴും ജമാഅത്തീ സേവനങ്ങൾക്ക് സന്നദ്ധനാണെന്നും ഖിലാഫത്തുമായി വളരെ നല്ല ബന്ധവും വിശ്വാസവുമാണെന്നും മനസ്സിലായി. വൈജ്ഞാനിക നിലയിൽ അദ്ദേഹം സഞ്ചരിക്കുന്ന എൻസൈക്ലോപീഡിയായിരുന്നു. എല്ലാ വിഷയങ്ങളെപ്പറ്റിയും പ്രത്യേകിച്ചും ചരിത്രത്തിൽ ഏറെ അവഗാഹമുണ്ടായിരുന്നു. കൂടാതെ ഇംഗ്ലീഷ്, ഉർദു സാഹിത്യങ്ങളിൽ വളരെ താൽപര്യമുണ്ടായിരുന്നു. എന്നാൽ, തന്റെ വിജ്ഞാനം ഒരിക്കലും വെളിപ്പെടുത്തിയിരുന്നില്ല. മറ്റുള്ളവരോട് ദീനി ഭൗതികവിജ്ഞാനം വർധിപ്പിക്കാൻ ഉപദേശിച്ചിരുന്നു. രാഷ്ട്രീയ വൈജ്ഞാനിക പാകിസ്താൻ സമൂഹത്തിൽ അദ്ദേഹത്തിന്റെ വിപുലമായ ബന്ധങ്ങളുണ്ടായിരുന്നു. ബന്ധങ്ങൾ എപ്പോഴും ജമാഅത്തീ നേട്ടങ്ങൾക്കാണ് ഉപയോഗിച്ചിരുന്നത്. അദ്ദേഹം ഉമൂറെ ഖാരിജ സെക്രട്ടറി ആയിരുന്നപ്പോൾ ലോർഡ് ഏബ്രിയുമായി ശക്തമായ ബന്ധമുണ്ടായി. അദ്ദേഹം മുഖേനയാണ് ലോർഡ് ഏബ്രിയുമായി നമ്മുടെ ജമാഅത്തിനും ബന്ധമുണ്ടായത്. എന്റെ ആദ്യത്തെ പാർലമെൻറ് സന്ദർശനത്തിലും മലിക് സാഹിബിന് വലിയ കൈയുണ്ട്.

അർജന്റീനയിലെ മുറബ്ബി മർവാൻ സർവർ ഗുൽ പറയുന്നു: ‘അദ്ദേഹത്തിന്റെ വൈജ്ഞാനികനിലവാരം കാരണം ജാമിഅയിലെ വിദ്യാർഥികൾക്കിടയിലും എനിക്കും അദ്ദേഹത്തോട് ഒരു പ്രത്യേക ആദരവുണ്ടായിരുന്നു. ഞാൻ ജാമിഅ പാസായശേഷം അദ്ദേഹവുമായി വ്യക്തിഗത ബന്ധം തുടർന്നു പോന്നു. എനിക്ക് അർജന്റീനയിൽ പോസ്റ്റിംഗ് കിട്ടിയപ്പോൾ അദ്ദേഹത്തിന് ഏറെ സന്തോഷമുണ്ടായിരുന്നു. നിങ്ങൾ പ്രഥമ മുബല്ലിഗ് ആയതുകൊണ്ട് ഒരുപാട് പ്രവർത്തിക്കേണ്ടതുണ്ട്. ജമാഅത്തിന്റെ പേര് പ്രകാശിതമാക്കണം. ശരിയായി തബ്‌ലീഗു ചെയ്യണം. പ്രത്യേകിച്ചും അവിടെയുള്ള ഭാഷ പഠിക്കണം. പത്രങ്ങളിൽ നിങ്ങളുടെ ലേഖനങ്ങൾ വരുന്ന വിധം നിങ്ങൾ ഭാഷ സ്വായത്തമാക്കണം എന്നൊക്കെ ഉപദേശിച്ചിരുന്നു. വൈജ്ഞാനികമായി ഏറെ താല്പര്യമുള്ളയാളായിരുന്നു. വീട്ടിൽ വിദ്യാർഥികളെ വരുന്നതിനു ക്ഷണിച്ചിരുന്നു. പിന്നെ തന്റെ ലൈബ്രറിയിൽ, അദ്ദേഹത്തിന് സ്വകാര്യ ലൈബ്രറി ഉണ്ടായിരുന്നു, കൊണ്ടുപോയിരുന്നു.

പല വിദ്യാർഥികളും മുറബ്ബിമാരും എനിക്ക് എഴുതുന്നു, എന്റെ വീട്ടിൽ വന്നതിനു നിങ്ങൾക്കുള്ള ഉപഹാരമായി എന്റെ ലൈബ്രറിയിൽനിന്ന് നിങ്ങൾക്കിഷ്ടമുള്ള പുസ്തകം എടുക്കാം. നിങ്ങൾക്കുള്ള ഉപഹാരം അതാണ് (എന്നു പറയുമായിരുന്നു). ജാമിഅ അഹ്മദിയ അനിതരസാധാരണമായ ഒരു സ്ഥാപനം ആണെന്നും അതെക്കുറിച്ച് ഖലീഫത്തുൽ മസീഹിന് ഏറെ പ്രതീക്ഷയുണ്ടെന്നും അതുകൊണ്ട് ഈ സ്ഥാപനത്തിലെ വിദ്യാർഥികൾ അനിതരസാധാരണമായ വിജ്ഞാനം ആർജിക്കണമെന്നും അദ്ദേഹം പറയാറുണ്ടായിരുന്നു. മർവാൻ സാഹിബ് തുടർന്നെഴുതുന്നു: അർജന്റീനിലേയ്ക്ക് പോകുന്നതിനു മുമ്പേ പ്രത്യേകം ഉപദേശിച്ചുകൊണ്ടു പറഞ്ഞു: ‘ഭാഷയിൽ നല്ല പ്രാവീണ്യം കരസ്ഥമാക്കുക. സ്പാനിഷ് ഭാഷയിൽ നിങ്ങളുടെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കണം.’ എന്നോട് അദ്ദേഹത്തിന് കത്തുകളെഴുതണമെന്നും നിർദേശിച്ചിരുന്നു. ഞാൻ അലംഭാവം കാണിച്ചാലും നിങ്ങൾ ഞാനുമായി ബന്ധം തുടരുകയും കത്തെഴുതുകയും വേണമെന്ന് ഓർമപെടുത്തുമായിരുന്നു.

അല്ലാഹു അദ്ദേഹത്തിന് പൊറുത്തുകൊടുക്കുകയും അദ്ദേഹത്തിനുമേൽ കാരുണ്യം വർഷിക്കുകയും ചെയ്യട്ടെ. അദ്ദേഹത്തിന്റെ ബന്ധുക്കൾക്കും മക്കൾക്കും തലമുറകൾക്കും അദ്ദേഹത്തെപ്പോലെ തന്നെ ഖിലാഫത്തിനേടും ജമാഅത്തിനോടും കൂറോടുകൂടിയ ബന്ധം നിലനിറുത്താൻ തൗഫീഖ് നൽകുമാറാകട്ടെ. നമസ്കാരത്തിനുശേഷം ഞാൻ ഇവരുടെ ജനാസ നമസ്കരിപ്പിക്കുന്നതാണ്.

വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി, ടൈപ്പ് സെറ്റിംഗ് ഹാശിം അശ്റഫ് ആലപ്പുഴ

---

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**‘ബയ്ത്തുൽ ഇസ്റ’ വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

(പേജ് 2ൽനിന്ന്)

ണത്തിലോ വാക്യത്തിലോ ഇബ്നു അറബിയുടെ വാക്യം സാക്ഷ്യവും പിന്തുണയുമായി കാണുകയില്ല. എന്റെ വ്യാഖ്യാനം വ്യക്തമാണ്. അതായത് ഞാൻ നബിയല്ലാത്തവർക്കുണ്ടാകുന്ന ഇൽഹാം തെളിവായി മനസ്സിലാക്കുന്നില്ല. ഞാൻ കിതാബിന്റേയും സുന്നത്തിന്റേയും അനുയായിയാണ്. അല്ലാതെ ഏതെങ്കിലും ഇൽഹാമി, കശ്ഫുകാരന്റെ വിശ്വാസിയല്ല. താങ്കൾ എന്റെമേൽ കെട്ടിച്ചമച്ചു പറഞ്ഞുവെന്നത് വ്യക്തമായ സാക്ഷിയാണ്. ഇനി ബാക്കിയുള്ളത് വൈരുദ്ധ്യത്തിന്റെയും വിശ്വാസത്തിനു വിരുദ്ധമായ പ്രകടനത്തിന്റേയും ആക്ഷേപമാണ്. അതിന്റെ മറുപടി ഇശാഅത്തുസ്സുന്നയിൽ അതേ പേജിലുണ്ട്. ഞാൻ ഇബ്നുഅറബി തുടങ്ങിയവരുടെ വാക്യങ്ങൾ പകർത്തിയെഴുതിയതിന്റെ ഉദ്ദേശ്യം ഇൽഹാമിനെ തെളിവായി അംഗീകരിക്കുന്നതിൽ ബറാഹീനെ അഹ്മദിയ്യായുടെ കർത്താവ് തനിച്ചല്ലെന്ന് പറയാനാണ്. ആരും വിശ്വസിക്കാതിരിക്കാൻ ഈ പ്രശ്നം പുതിയതോ അസാധാരണമോ അല്ല. ഇതിൽനിന്ന് വ്യക്തമാകുന്നത് ഞാൻ ആ വാക്യങ്ങൾ പകർത്തിയെഴുതിയതുകൊണ്ട് ബറാഹീനെ അഹ്മദിയ്യായുടെ കർത്താവ് ഒറ്റതിരിയലിൽനിന്ന് രക്ഷപ്പെടാനാഗ്രഹിക്കുന്നു. അല്ലാതെ ഞാനും അത്തരം ഇൽഹാമുകളെ സ്വഹീഹാണെന്ന് മനസ്സിലാക്കണമെന്ന് ഓർമിപ്പിക്കാനല്ല.' (Ibid, പേജ് 33)

ഇതിനെ തുടർന്ന് ആ ദിനങ്ങളിൽ മുബാഹഥയെ കുറിച്ച് അൽഹഖ് മാസികയിൽ റിപ്പോർട്ട് നല്കിയിരുന്ന ഹദ്റത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി(റ) എഴുതുന്നു: ഹദ്റത്ത് മിർസാ സാഹിബ് ഈ വിശ്വാസത്തിൽ തനിച്ചല്ല. മറിച്ച് വേറെയും ഒരുപാടാളുകൾ ഈ വിശ്വാസം വെച്ചുപുലർത്തുന്നവരാണ്. അപ്പോൾപിന്നെ അദ്ദേഹം ഇതിൽ ഏകനല്ലെങ്കിൽ, അതിൽനിന്ന് രക്ഷപ്പെടുന്നുവെന്ന് താങ്കൾ പറഞ്ഞതിന്റെ ഉദ്ദേശ്യമെന്താണ്?' മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി(റ) പറയുന്നു: 'ഈ അഭിപ്രായത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തനിച്ചാണെന്ന ആക്ഷേപത്തിൽനിന്ന് മൗലവി സാഹിബ് തന്റെ വാക്ചാതുര്യംകൊണ്ട് അദ്ദേഹത്തെ രക്ഷപ്പെടുത്തിയിരിക്കുന്നു എന്നതിൽ സംശയമില്ല. വ ഹാദാ ഹുവൽമഖ്സ്വുദു ഫഫ്ഹം. എഡിറ്റർ (Ibid പേജ് 34)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയ്ക്കെഴുതി: 'താങ്കളു ടെ പ്രാരംഭത്തിലുള്ള വിവരണത്തിൽ ഈ ന്യായശാസ്ത്രവും വ്യക്തമായി കാണുന്നുണ്ടെന്നും താങ്കൾ ഇബ്നു അറബിയുടെ അനുകൂലിയാണെന്നും ഞാ ൻ പറയുന്നു. ഇനി താങ്കൾ അനുകൂലിയല്ലെങ്കിൽ 'മുഹദ്ദഥും നബിയെപ്പോലെ മുർസലാണെന്ന്' സ്വഹീഹ് ബുഖാരിയിലെ ഹദീഥ് എന്തിനാണ് താ ങ്കൾ പകർത്തിയെഴുതിയത്? താങ്കളെന്തിനാണ് മു ഹമ്മദ് ഇസ്മായിൽ സാഹിബിന്റെ മുഹദ്ദഥിന്റെ വഹ്യ്, നബിയുടേതുപോലെ ശയ്ത്വാന്റെ കൈകടത്തലിൽനിന്ന് മുക്തമാക്കപ്പെടുന്നുവെന്ന വാക്യം പകർത്തിയെഴുതിയത്? താങ്കൾ ബുഖാരിയിലെ ഹദീഥ് അംഗീകരിക്കുന്നില്ലെങ്കിൽ 'ഞാൻ മുഹദ്ദഥിന്റെ വഹ്യെ ശയ്ത്വാന്റെ കൈകടത്തലിൽനിന്ന് മുക്തമാണെന്ന് മനസ്സിലാക്കുന്നില്ലെന്ന്' എന്തിനാ ണ് എഴുതിയത്? ഇപ്പോൾ സമ്മതിക്കുക! ഒരു ഭാഗത്ത് ബുഖാരി ബുഖാരിയെന്ന് താങ്കൾ പറയുന്നു. മറുഭാഗത്ത് അതിന്നെതിരിൽ നടക്കുകയും ചെയ്യുന്നു. അത്ഭുതംതന്നെ! ഏതെങ്കിലും മുഹദ്ദഥിന് ഈ ഹദീഥ് മൗളൂഅ്(കല്പിത) ആണെന്ന് വ്യക്തമായാൽ ആവർത്തിച്ചുള്ള വഹ്യുകൊണ്ട് അതിൽ നിലകൊണ്ടാൽ അപ്പോഴും ബുഖാരിയുടെ ഉദ്ദേശ്യമനുസരിച്ച് അത് വിശ്വസിക്കുകയില്ലെന്നാണോ? ഇതാണ് താങ്കളുടെ വിശ്വാസമെങ്കിൽ ഞാൻ താങ്കളുടെമേൽ എന്താണ് കറ്റുകെട്ടി പറഞ്ഞത്? ഹദ്റത്ത് മൗലവി സാഹിബേ! താങ്കൾ അത്തരം പദങ്ങൾ ഉപയോഗിക്കുന്നതെന്തിനാണ്? ഇത്തഖുല്ലാഹ എന്ന വിഷയം എന്തുകൊണ്ട് മനസ്സിൽ സ്ഥാപിക്കുന്നില്ല.' (Ibid പേജ് 44)

ഇതിന് മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി എഴുതി: 'എന്റെ അഭ്യുദയകാംക്ഷി! ഞാൻ സ്വഹീഹ് ബുഖാരിയെ അംഗീകരിക്കുന്നു. മുഹദ്ദഥിന്റെ മഹിമാവിലാസത്തെ കുറിച്ച് നിവേദനം ചെയ്തിട്ടുള്ള ഹദീഥിലും വിശ്വസിക്കുന്നു. അതിനോടൊപ്പം ഇങ്ങനെയും വിശ്വസിക്കുന്നു. ഒരാൾ മുഹദ്ദഥ് എന്നു പറയപ്പെടുകയും സ്വഹീഹ് ബുഖാരി അല്ലെങ്കിൽ സ്വഹീഹ് മുസ്ലിമിന്റെ ഹദീഥുകളെ ഇൽഹാമിന്റെ സാക്ഷ്യത്തോടുകൂടി സ്വയം മൗഊദ് (വാഗ്ദാനം ചെയ്യപ്പെട്ടയാൾ)എന്ന് നിശ്ചയിക്കുകയും ചെയ് താൽ അയാൾ മുഹദ്ദഥല്ല. ശയ്ത്വാൻ സംബോധന ചെയ്തയാളാണ്. യഥാർഥ മുഹദ്ദഥല്ല; മുൽഹമും. ഏതൊരാളുടെ തഹ്ദീഥും ഇൽഹാമും വിശുദ്ധഖുർആനിനും സ്വഹീഹായ ഹദീഥിനും വിരുദ്ധമല്ലാതാകുന്നുവോ അയാളെയാണ് യഥാർഥത്തിൽ മുൽഹമും മുഹദ്ദഥും എന്നു പറയുന്നത്. ഏതൊരാൾ മുഹദ്ദഥ് അല്ലെങ്കിൽ മുൽഹമാണെന്ന് വാദിക്കുകയും അതിനോടൊപ്പം തന്നോടു മലക്കുകൾ പറഞ്ഞതാണെന്നും അല്ലെങ്കിൽ ദൈവം പറഞ്ഞതാണെന്നും അല്ലെങ്കിൽ റസൂലുല്ലാഹി(സ)പറഞ്ഞ സ്വഹീഹയ്നിലെ ഹദീഥുകൾ മൗളൂഅ്(കല്പിതം)ആണെന്ന് പറയുകയും ചെയ്യുന്നത് അത് അയാളോടു ശയ്ത്വാനാണ് പറഞ്ഞതെന്ന് ഞാൻ മനസ്സിലാക്കുന്നു. ഞാനവനെ മുഹദ്ദഥാണെന്നല്ല ശരീരധാരിയായ ശയ്ത്വാനായി മനസ്സിലാക്കുകയും ചെയ്യുന്നു. അത്തരം ആൾ ഖുർആനിനെക്കുറിച്ച് അല്ലാഹുവിന്റെ ഗ്രന്ഥമല്ലെന്ന് എനിക്ക് ഇൽഹാമുണ്ടായിരിക്കുന്നുവെന്ന് പറയുന്ന വ്യാജ മുഹദ്ദഥാണ്. അയാളെ താങ്കളും മുഹദ്ദഥായി അംഗീകരിക്കുകയില്ലെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഇക്കാരണത്താലാണ് ബുഖാരിയെ വിശ്വസിക്കുന്ന ഇക്കാലത്തെ മുസ്ലിമീങ്ങൾ താങ്കളുടെ മുഹദ്ദിഥിയ്യത്ത് വാദത്തെ അംഗീകരിക്കാത്തത്. അവർ ഈ നിഷേധംകൊണ്ട് ബുഖാരിയുടെ ഈ ഹദീഥിന്റെ നിഷേധികളാകുമോ?' (Ibid പേജ് 78)

ഇതിനു മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ് (അ) എഴുതി: 'താങ്കൾ അത്തരം മുൽഹമിനെ, ഏതെങ്കിലും സ്വഹീഹായ ഹദീഥിനെ തന്റെ കശ് ഫിന്റെ അടിസ്ഥാനത്തിൽ മൗളൂള്(കല്പിതം) ആയി മനസ്സിലാക്കുകയോ അല്ലെങ്കിൽ മൗളൂയിനെ(കല്പിതത്തെ)സ്വഹീഹാണെന്ന് പറയുകയോ താങ്കളുടെ ഗ്രന്ഥമായ ഇശാഅത്തുസ്സുന്നയിൽ ശയ്ത്വാൻ പറഞ്ഞതാണെന്ന് പറയുകയോ ചെയ്തിട്ടില്ല. ഇത് താങ്കളുടെ അടിമുടി കറ്റുകെട്ടും പിടിവള്ളിപിടിച്ചുള്ള യുദ്ധവുമാണ്. അതായത് ഇപ്പോൾ താങ്കൾ താങ്കളുടെ എഴുത്തിൽ പറയുന്നു: 'എന്റെ പക്കൽ അത്തരം മുഹദ്ദഥ് ശയ്ത്വാൻ സംബോധന ചെയ്യുന്നയാളാണെന്നും ആരെങ്കിലും സ്വഹീഹയ്നിൽ വന്നിട്ടുള്ള സ്വഹീഹായ ഹദീഥിനെ മൗളൂഅ് (കല്പിതം)എന്നു പറഞ്ഞാൽ ശയ്ത്വാൻ സംബോധന ചെയ്യപ്പെട്ടവനെന്നല്ല മറിച്ച് ശരീരധാരിയായ ശയ്ത്വാനാണെന്നും താങ്കൾ ഇശാഅത്തുസ്സുന്നയിൽ പറയുന്നു. എന്നല്ല അത്തരം കശ്ഫുകളോ അത്തരം വിശ്വാസമോ തന്റേതെന്ന് പറയുന്ന മഹാത്മാക്കളുടെ നാമം ശരീരധാരിയായ ശയ്ത്വാനെന്ന് താങ്കൾ വെച്ചിട്ടുമില്ല. മറിച്ച് സ്തുതിച്ചുകൊണ്ടും അവരെ പിന്താങ്ങിക്കൊണ്ടുമാണ് സ്മരിച്ചിട്ടുള്ളത്. ഉദാഹരണത്തിന് താങ്കൾ എന്നെ 'സഹായിക്കാൻ' ഇബ്നു അറബിയുടെ വാക്യം എഴുതുകയും ഫുതൂഹാത്തിൽനിന്ന് അത് പകർത്തിയെഴുതുകയും ചെയ്തു. അതായത് 'ചില ഹദീഥുകൾ കശ്ഫിയായ നിലയിൽ മൗളൂഅ് (കല്പിതം) എന്നു പ്രകടിപ്പിക്കാറുണ്ട്.' സത്യം പറയുക, താങ്കളുടെ അപ്പോഴത്തെ നിയ്യത്തെന്തായിരുന്നു? നഊദുബില്ലാഹ് ഇബ്നു അറബി കാഫിറും ശരീരധാരിയായ ശയ്ത്വാനും ആണെന്ന നിയ്യത്തായിരുന്നുവോ? ഇവിടെ പറഞ്ഞിട്ടുള്ള 'അകാബിർ' എന്ന പദം അവർ വലിയ കാഫിറുകളായിരുന്നുവെന്നാണോ തെളിയിക്കുന്നത്? താങ്കൾ ഒരു കത്തിൽ മുഹ്യിദ്ദീൻ ബിൻ അറബിയെ റഈസുൽ മുത്തസ്സ്വിഫീനിലും അല്ലാഹുവിന്റെ വലിയുമാരിലും പ്രവേശിപ്പിച്ചു കഴിഞ്ഞിട്ടുള്ളതാണ്....... ആ മഹാത്മാക്കൾ താങ്കളുടെ സ്വതന്ത്രമനസ്സിനെ അപേക്ഷിച്ച് നഊദുബില്ലാഹ് ശരീരധാരിയായ ശയ്ത്വാനായിരുന്നെങ്കിൽ താങ്കൾ താങ്കളുടെ ശിഷ്യനു എഴുതിയ കത്തിൽ ഒരു ശയ്ത്വാന്റെ ഉദ്ധരണി നല്കണമായിരുന്നു. എന്നാൽ, അതില്ലാതെയാണ് താങ്കളുടെ ആ ലേഖനം ഇശാഅത്തുസ്സുന്നയിൽ ഉള്ളത്. ന്യായാധിപർ ആ ലേഖനം വായിച്ച് താങ്കൾ അത്തരം അഭിപ്രായങ്ങൾ പ്രകടിപ്പിച്ച ആ ഔലിയാക്കന്മാരെ കാഫിറെന്നും ശയ്ത്വാനെന്നും സമ്മതിക്കുകയും അവരുടെ ഇൽഹാമുകളെ ശയ്ത്വാൻ പറഞ്ഞ വചനത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നുവെന്ന അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ ഞാൻ താങ്കൾക്ക് 100 രൂപ നല്കുന്നതാണ്. താങ്കൾ പ്രസിദ്ധീകരിച്ച റിവ്യൂവിന്റെ ഉദ്ദേശ്യത്തിൽ നിന്നോടാൻ താങ്കളാഗ്രഹിക്കുകയാണ്. ഒരു പഴയകാല ജനതയുടെ ശീലങ്ങളിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്.' (Ibid പേജ് 122–123)

ലുധിയാന മുബാഹഥയിലുണ്ടായ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ പരാജയത്തിലും നിന്ദ്യതയിലും അപമാനത്തിലും ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടി(റ)ന്റെ ഒരു ഹൃദയഹാരിയായ നിരൂപണം അവതരിപ്പിച്ചുകൊണ്ട് ഞാൻ ഇവിടെ കാര്യം അവസാനിപ്പിക്കുകയാണ്. അദ്ദേഹം പറയുന്നു: 'അവസാനം സംവാദം ആരംഭിച്ചു. 12 ദിവസംവരെ അത് നീണ്ടു. എന്നാൽ, കഷ്ടമെന്ന് പറയട്ടെ!അതിനുണ്ടായ ഫലത്തിൽ ലുധിയാനയിലെ ആളുകളും പൂർണമായ അർഥങ്ങളിൽ തങ്ങളുടെ സഹോദരന്മാരുടേയും ലാഹോർ വാസികളുടേയും തലയിലെഴുത്തിൽ പങ്കാളികളായി.* മൗലവി സാഹിബ് അപ്പോഴും അതേ മൗളൂഅ്(കല്പിതമാക്കപ്പെട്ട) വിഷയം അവതരിപ്പിച്ചുകൊണ്ടിരുന്നു. വാസ്തവത്തിൽ അദ്ദേഹം അത്യാവശ്യമായും ചെയ്യേണ്ടിയിരുന്നത് എത്രയും വേഗം ഈ ഫിത്നയുടെ വാതിൽ അടയ്ക്കുക എന്നതായിരുന്നു. അതാണെങ്കിൽ അദ്ദേഹത്തിന്റെ ഭാവനയനുസരിച്ച് ഇസ്ലാമിനും മുസ്ലിമീങ്ങൾക്കും അങ്ങേയറ്റം ദ്രോഹപരമായിക്കൊണ്ടിരിക്കുകയും ചെയ്തു. അതായത് നേർവഴിയിലും യാഥാർഥ്യത്തിലും അദ്ദേഹത്തിന് പൂർണമായ ഉൾക്കാഴ്ചയും ദൃഢതയും ഉണ്ടായിരുന്നെങ്കിൽ അവിടെതന്നെ ഏറ്റവുമാദ്യം മറ്റുള്ള കാര്യങ്ങളിൽനിന്നെല്ലാം പിന്മാറുകയും അനാവശ്യമായ കാര്യങ്ങളിൽനിന്ന് മുഖംതിരിക്കുകയും ചെയ്തുകൊണ്ട് തന്റെ രക്ഷയ്ക്കായി താഴെയും മീതെയും കൈകാലിട്ടടിച്ച് സമയം പാഴാക്കാതെ ഹദ്റത്ത് മിർസാ സാഹിബിന്റെ യഥാർഥ വാദം അതായത് ഈസാനബിയുടെ മരണത്തെക്കുറിച്ച് സംസാരിക്കണമായിരുന്നു. ബലഹീനവും അടിസ്ഥാനരഹിതവുമായ ജോലിയിൽ ഏർപെടാതെ ക്ഷണത്തിൽ വിശുദ്ധഖുർആനിൽനിന്ന് ഈസാനബി ജീവിച്ചിരിക്കുന്നു എന്നതിനുള്ള തെളിവ് സമർപിക്കുകയായിരുന്നു വേണ്ടത്. അല്ലെങ്കിൽ മിർസാ സാഹിബ് ഈസാനബി മരിച്ചുപോയി എന്നതിന് വിശുദ്ധ ഖുർആനിൽനിന്നെഴുതിയ ആയത്തുകളെ ഖണ്ഡിക്കണമായിരുന്നു. അല്ലെങ്കിൽ സ്വഹീഹായ ഹദീഥുകളെ ഖണ്ഡിച്ചുകാണിക്കണമായിരുന്നു. എന്നാൽ, യഥാർഥത്തിൽ നിരായുധനായ നിഷ്ക്കളങ്കൻ അവിടുത്തേയും ഇവിടുത്തേയും കാര്യങ്ങൾ പറഞ്ഞ് തന്റെ മുഖത്തിന്റെ മുമ്പിൽനിന്ന് ആ മരണത്തിന്റെ പാത്രം മാറ്റാൻ ശ്രമിച്ചുവെങ്കിലും അത് മാറ്റാൻ കഴിഞ്ഞില്ല. അവസാനം മൗലവി സാഹിബിനുമേൽ നിന്ദ്യതയുടെ മരണമുണ്ടായി.

ഫഅ്ത്തബിറൂ യാ ഉലിൽ അബ്സ്വാർ സമ്പൂർണതത്ത്വമനുസരിച്ച് ഇനി ഈ ദുൻയാവിൽ എഴുന്നേല്ക്കുകയില്ലെന്ന് പ്രതീക്ഷിക്കുകയാണ്. അങ്ങനെ നല്ലവരായ ലാഹോറിലെ ജമാഅത്തും അദ്ദേഹത്തെ മൃതനെന്ന് ദൃഢമായും വിശ്വസിച്ച് ഈ അപേക്ഷയിലും ജീവനുള്ള മറ്റു മൗലവിമാരോടു പറയുകയും അദ്ദേഹത്തിനുവേണ്ടി ഫാതിഹ ഓതുകയും ചെയ്തു. നാമും അദ്ദേഹത്തെ റൂഹ് മരിച്ചവനായി മനസ്സിലാക്കുകയും അദ്ദേഹത്തിന്റെ മരണത്തിൽ വ്യസനിക്കുകയും ചെയ്യുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.(അൽഹഖ്ഖുമുബാഹഥ, റുഹാനീ ഖസാഇൻ വാള്യം 4 പേജ് 6,7)

* ലാഹോർകാർ ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ്(റ)നെ നിർബന്ധിച്ച് ലാഹോറിൽ വിളിച്ചു; എന്താണ് യഥാർഥ കാര്യമെന്നുള്ളത് അവിടത്തെ വായിൽനിന്ന് നേരിട്ട് കേട്ട് തൃപ്തിരാകാൻ. അവിടന്ന് അവരുടെ അപേക്ഷ മാനിച്ച് ലാഹോറിലെത്തി. അപ്പോൾ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയും ഹാജരാകുകയും ഇവർ രണ്ടുപേരും നേരിട്ട് സംസാരിക്കുകയും ചെയ്യുന്നത് നല്ല ഫലത്തിലെത്തുമെന്ന് അവർക്കു തോന്നുകയുംചെയ്തു. പക്ഷേ, മൗലവി മുഹമ്മദ് ഹുസയ്ൻ അതുമിതും പറഞ്ഞ് ചർച്ച കുളമാക്കി. യഥാർഥ വിഷയത്തിലേക്ക് വന്നില്ല. ഇത് ലാഹോർകാരേയും വിഷമിപ്പിച്ചു.

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ യൂറോപ്യൻ പര്യടനം- 2015 ഒക്ടോബർ

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## 2015 ഒക്ടോബർ 16 ശനിയാഴ്ച:

(തുടർച്ച): ആകാശ ഭൂമികളെ സൃഷ്ടിച്ചവനായ അല്ലാഹു തന്റെ സൃഷ്ടികൾക്ക് അനുഗ്രഹങ്ങളാണ് ആഗ്രഹിക്കുന്നത്. ഈ അനുഗ്രഹങ്ങളെക്കുറിച്ച് നമുക്ക് മനസ്സിലാകുന്നുണ്ട്. ഉദാഹരണമായി, വിശുദ്ധ ഖുർആൻ അതിന്റെ ആദ്യ അധ്യായത്തിൽ ദൈവത്തിന്റെ നാലു ഗുണങ്ങളെക്കുറിച്ചുള്ള പാഠം നല്കിയിരിക്കുന്നു. അവൻ പരിപാലകനാണ്. പരമകാരുണികനാണ്. ചോദിക്കുന്നവർക്ക് നല്കുന്നവനാണ്. രക്ഷാ ശിക്ഷാ നാളിന്റെ ഉടമസ്ഥനാണ്. നന്മ ചെയ്യുന്നവർക്ക് പ്രതിഫലം നല്കുന്നവനാണ്. പരിപാലകനാണെന്നുള്ള ആദ്യ ഗുണം തന്നെ വെളിപ്പെടുത്തുന്നത്, അവൻ സൃഷ്ടിച്ച മനുഷ്യനേയും, എന്നു മാത്രമല്ല എല്ലാറ്റിനേയും പരിപാലിക്കുന്നു എന്നാണ്. അവയ്ക്ക് ഭക്ഷണത്തിന്റെ സംവിധാനം ഒരുക്കിയിരിക്കുന്നു. മൃഗങ്ങൾക്കും പറവകൾക്കും അവൻ ഭക്ഷണം ഒരുക്കിയിരിക്കുന്നതുപോലെ മനുഷ്യനും ഭക്ഷണം ഒരുക്കിയിരിക്കുന്നതായി വിശുദ്ധ ഖുർആൻ ഉദാഹരിച്ചു പറയുന്നു. മുസ്‌ലിമായാലും ക്രിസ്ത്യാനിയായാലും യഹൂദിയോ ഹിന്ദുവോ ആയാലും അഥവാ മതമില്ലാത്തവരോ ദൈവത്തെ നിഷേധിക്കുന്നവരോ ആരോ ആകട്ടെ ഒരുവിധ വിവേചനവും കാണിക്കാതെ അവൻ പരിപാലിക്കുന്നു. അവർക്കുവേണ്ടിയുള്ള ഭക്ഷണം സജ്ജീകരിച്ചിരിക്കുന്നു. എല്ലാവർക്കുവേണ്ടിയും അവന്റെ പരമ കാരുണ്യകത പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവൻ കാരുണ്യവാനാണ്. ഓരോ മനുഷ്യനോടും അവൻ കാരുണ്യം കാണിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹം നമുക്ക് ലഭിക്കുമാറാകട്ടെ എന്ന് പറയുമ്പോൾ അനുഗ്രഹങ്ങൾ എന്ന പദം നമ്മുടെ ശ്രദ്ധയെ അല്ലാഹുവിന്റെ അടിസ്ഥാന അനുഗ്രഹങ്ങളിലേക്ക് ക്ഷണിക്കുന്നു. അതിനെക്കുറിച്ചും ഗഹനീയമായി ചിന്തിക്കുക. ഈ ഗുണങ്ങളെ മനുഷ്യനും സ്വായത്തമാക്കേണ്ടതുണ്ട്. അല്ലാഹുവിൽ ദൃഢ വിശ്വാസമുള്ളവർ ആ ഗുണങ്ങളെ സ്വായത്തമാക്കുന്നതാണ്. മറ്റുള്ളവർക്ക് എളുപ്പം ഉണ്ടാക്കുന്നതിന്നുവേണ്ടി അയാൾ സ്വന്തം സാഹചര്യത്തിൽ അതേ രീതിയിലുള്ള സംവിധാനം ഒരുക്കുന്നു. ഇതരരോട് അയാൾക്ക് കാരുണ്യമുണ്ടാകുന്നു. ആവശ്യക്കാരുടെ ആവശ്യങ്ങൾ പൂർത്തീകരിച്ചുകൊടുക്കുന്നു. ഈ വിചാരത്തോടു കൂടിയാണ് മസ്ജിദുകൾ നിർമിതമാകുന്നത്. എവിടെ നാം പോയാലും ഈ വിചാരത്തോടു കൂടിയാണ് പോകുന്നതും.

മേയർ സാഹിബിനും ഞാൻ നന്ദി പറയുന്നു. അമീർ സാഹിബ് പറഞ്ഞതുപോലെ അദ്ദേഹം ഈ മസ്ജിദ് നിർമിക്കാൻ വളരെ വലിയ സഹായം നല്കി. കൗൺസിൽ അംഗങ്ങൾക്കും നന്ദി പറയുന്നു. ഇവിടെ മസ്ജിദ് നിർമിക്കാൻ തുറന്ന മനസ്സോടെ അനുവദിച്ച പൊതു ജനങ്ങളോടും നന്ദി പറയുന്നു. ഈ പട്ടണത്തിൽ വളരെ കുറഞ്ഞ ജനവാസമാണുള്ളത്. ഇവരിൽ അധികപേരും ഇവിടെ വന്നിട്ടുണ്ട്. ഇവിടേക്കുള്ള നിങ്ങളുടെ വരവ് നിങ്ങൾ തുറന്ന മനസ്സിന്റെ ഉടമകളാണെന്നതിന്ന് തെളിവാണ്. മസ്ജിദുകളിൽനിന്ന് വിദ്വേഷം ഉണ്ടാകുമെന്ന ചില ആശങ്കകൾ നിലനില്ക്കുമ്പോഴും തുറന്ന മനസ്സോടെ നിങ്ങൾ മുസ്‌ലിമീങ്ങൾക്ക് മസ്ജിദ് നിർമിക്കാൻ അനുമതി നല്കി. എന്നാൽ, നിങ്ങൾ ജമാഅത്തിന്റെ രീതികളും ഇവിടെ താമസിക്കുന്നവരുടെ മാതൃകകളും കണ്ടു കഴിഞ്ഞതിനാലും ഇവിടെയുള്ള വ്യക്തികളുടെ സ്നേഹത്തിന് തുല്യമായി നിങ്ങളും മറുപടി നല്കിയിരിക്കുന്നു. ഇക്കാര്യത്തിനും നിങ്ങൾക്ക് നന്ദി പറയുന്നു.

അഹ്മദിയ്യാ ജമാഅത്ത് ഒരു പ്രചാരണ ജമാഅത്താണ്. ആവശ്യം വരുന്ന സ്ഥങ്ങളിലെല്ലാം ഒരുവിധ വിവേചനവും കൂടാതെ ഓരോ വ്യക്തിയ്ക്കും സഹായമെത്തിക്കുന്നു. അമീർ സാഹിബ് സഹായത്തെ കുറിച്ചും സൂചിപ്പിച്ചിരുന്നു. ജർമനി പുരോഗതി ആർജിച്ച രാജ്യമാണ്. ഇവിടെ ആർക്കും സാമ്പത്തിക സഹായത്തിന്റെ ആവശ്യമില്ല. വിദ്യാഭ്യാസത്തിനും ഒരു പക്ഷേ സഹായത്തിന്റെ ആവശ്യം നേരിടുന്നില്ല. ചികിത്സാ സഹായത്തിന്റേയും സഹായം ആവശ്യം വരില്ല. എന്നാൽ, ലോകത്ത് വളരെയധികം പാവപ്പെട്ട രാജ്യങ്ങളുണ്ട്. ആഫ്രിക്കയിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ നാം എത്തിക്കുന്നു. ഒരു വിവേചനവും കൂടാതെ എത്തിക്കുന്നുണ്ട്. ആരോഗ്യ സംരക്ഷണത്തിനുവേണ്ടി ആശുപത്രികളും തുറന്നിരിക്കുന്നു. ഒരു വിവേചനവും കൂടാതെ തുറന്നിട്ടുണ്ട്. വെളിച്ചത്തിന്റേയും വെള്ളത്തിന്റേയും സൗകര്യങ്ങൾ എത്തിക്കുന്നതിന് ആഫ്രിക്കയിൽ നമ്മുടെ ധാരാളം പ്രൊജക്റ്റുകൾ നടന്നു കൊണ്ടിരിക്കുന്നു. ഞാൻ മുമ്പേയും ഇവിടെ ജർമനിയിൽ ഇതു സംബന്ധമായി സൂചിപ്പിച്ചിരുന്നു. നിങ്ങളോടും പറയട്ടെ, നിങ്ങൾക്ക് ഇവിടെ ചെറുതിലും ചെറിയ പട്ടണങ്ങളുണ്ട്. പതിനായിരം പേരുടെ ജനസംഖ്യ അത്ര കൂടുതലൊന്നുമല്ല. എന്നാൽ, എല്ലാത്തരത്തിലുമുള്ള സൗകര്യം ഇവിടെ പ്രാപ്തമാണ്. നിങ്ങൾക്ക് റോഡുകളും വെള്ളം, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങളും ലഭ്യമാണ്. എന്നാൽ, ലോകത്ത് വളരെയധികം പട്ടണങ്ങൾ, ജനവാസ മേഖലകൾ, നൂറുകണക്കിന് ആളുകൾ വെള്ളത്തിന്റെ സൗകര്യം ലഭിക്കാതെ ബുദ്ധിമുട്ടുന്നുണ്ട്. അവരുടെ മക്കൾ തലയിൽ തൊട്ടികളുംപേറി കിലോമീറ്ററുകളോളം നടക്കേണ്ടി വരുന്നു. അവിടെയുള്ള മലിനമായ കുളങ്ങളിൽനിന്ന് വൃത്തിയില്ലാത്ത മലിനമായ വെള്ളമാണ് അവർ കൊണ്ടു വരുന്നത്. വീടുകളിൽ കൊണ്ടുവന്ന് ശുചിയാക്കുന്നു. അല്ലെങ്കിൽ ചിലപ്പോൾ അതു തന്നെ കുടിക്കുന്നു. അതുകാരണത്താൽ രോഗങ്ങൾ പരക്കുന്നു. അവിടെ ജമാഅത്ത് ചാമ്പ്പൈപ് സ്ഥാപിക്കുമ്പോൾ അല്ലെങ്കിൽ വെള്ളത്തിനുള്ള ഏർപ്പാട് ചെയ്യുമ്പോൾ അല്ലെങ്കിൽ ടാപ്പ് പമ്പ് സ്ഥാപിക്കുമ്പോൾ ജനങ്ങളുടെ സന്തോഷം കാണേണ്ടതുതന്നെയാണ്. ഇത് ഒരു വിവേചനവും കൂടാതെ എല്ലാവർക്കും എത്തിക്കുന്നു. അഹ്മദിയെന്നോ മുസ്‌ലിമെന്നോ നോക്കാറില്ല. മറിച്ച് ക്രിസ്തുവിശ്വാസികളുമുണ്ട്, ഇതരമതക്കാരുമുണ്ട്. മതമില്ലാത്തവരുമുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ ഓരോരുത്തർക്കും സേവനം ചെയ്യുന്നു.

മെമ്പർ ഓഫ് പാർലമെന്റ് നമ്മുടെയിടയിലുണ്ട്. അവർക്കും നമ്മൾ നന്ദി രേഖപ്പെടുത്തുന്നു. ഇതിന്നു വേണ്ടി സമയം അവർ നീക്കിവെച്ചു. മസ്ജിദിന്റെ ലക്ഷ്യങ്ങൾ അവർക്ക് അറിയാം എന്ന് കേട്ടതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. തന്റെ പ്രസംഗത്തിൽ അവർ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. മസ്ജിദിനെ കുറിച്ച് കുറച്ച് കാര്യങ്ങൾ എനിക്ക് പറയാനുള്ളത് ഞാൻ പറഞ്ഞു. അതിന്റെ വിവിധ ലക്ഷ്യങ്ങളും ഞാൻ വിശദീകരിച്ചു. എന്നാൽ, ഇതിനേക്കാളും കൂടുതൽ കാര്യങ്ങളാണ് അവർ മസ്ജിദിനെ കുറിച്ച് വിശദീകരിച്ചത്. നമ്മുടെ ജമാഅത്തോടുള്ള അവരുടെ ബന്ധത്തെയാണ് ഇത് വെളിപ്പെടുത്തുന്നത്. നമ്മുടെ അധ്യാപനങ്ങൾ അവർ മനസ്സിലാക്കുന്നു. ഇക്കാര്യം തുറന്നു പ്രകടിപ്പിക്കുകയും ചെയ്യുന്നു. അതിൽ ഭയപ്പെടുന്നില്ല. ഇതു തന്നെയാണ് മനുഷ്യന്റെ വലുപ്പം വെളിപ്പെടുത്തുന്നത്. ഇതേ അവസ്ഥ എല്ലാവരിലും ഉണ്ടാകുകയാണെങ്കിൽ സമൂഹത്തിൽ സ്നേഹത്തിന്റെ അന്തരീക്ഷം സ്ഥാപിതമാകുന്നതാണ്. അടിസ്ഥാനപരമായ അവകാശങ്ങളെ കുറിച്ചും അവർ സൂചിപ്പിക്കുകയുണ്ടായി. സഹിഷ്ണുതയെ കുറിച്ചും അവർ സംസാരിച്ചു. ഇത് രണ്ടും വളരെ അടിസ്ഥാനപരമായ കാര്യമാണ്. സഹിഷ്ണുതയുണ്ടെങ്കിൽ സമൂഹത്തിൽ സമാധാനം സ്ഥാപിതമാകുന്നതായിരിക്കും. അടിസ്ഥാനപരമായ അവകാശങ്ങളുടെ നിർവഹണം ഉണ്ടാകുകയാണെങ്കിൽ സമൂഹത്തിൽ സമാധാനം സ്ഥാപിതമാകുന്നതാണ്. പരസ്പരം സഹകരിച്ച് ജീവിക്കാനും കഴിയും.

ചില മുസ്‌ലിമീങ്ങളുടെ പ്രവർത്തനം ഒരു പക്ഷേ, ഈ രൂപത്തിലുള്ളതല്ല. കാരണം, എല്ലാവരും ഒന്നുപോലെയാകുക സാധ്യമല്ലെന്നതുതന്നെ. എന്നാൽ, അഹ്മദിയ്യാ ജമാഅത്ത് ആ അധ്യാപനം അനുസരിച്ച് പ്രവർത്തിക്കുന്നു. ഇത് നമ്മുടെ പരിശുദ്ധ ഗ്രന്ഥത്തിന്റെ അധ്യാപനങ്ങളാണ്. നിങ്ങൾ സ്വന്തം അവകാശങ്ങൾ നേടി എടുക്കുന്നതിന്നു പകരം ഇതരരുടെ അവകാശങ്ങൾ നിർവഹിക്കാൻ ശ്രമിക്കുക എന്നതാണ് അതിന്റെ ചുരുക്കം. നമ്മൾ വാഗ്ദത്ത മസീഹെന്നും മഹ്ദി എന്നും വിശ്വസിക്കുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ വന്ദ്യ സ്ഥാപകർ പറയുന്നത്, താൻ രണ്ട് കടമകൾ സ്ഥാപിക്കാനാണ് വന്നിട്ടുള്ളതെന്നാണ്. ഒന്ന് അല്ലാഹുവിനെ ആരാധിക്കുകയും അവന്റെ മുന്നിൽ കുനിഞ്ഞുകൊണ്ടും അവനിൽ വിശ്വാസം അർപിച്ചുകൊണ്ടും നിർവഹിക്കപ്പെടുന്ന കടമകൾ. മറ്റു സൃഷ്ടികളോടുള്ള കടമകളാണ് രണ്ടാമത്തേത്. മറ്റുള്ളവർക്ക് അവരുടെ അവകാശങ്ങൾ നല്കുക. കാരണം അതുമുഖേന മാത്രമെ ശാന്തിയും സമാധാനവും സഹവർത്തിത്വവും സ്ഥാപിതമാകുകയുള്ളൂ. ഈ രണ്ടുതരം അവകാശങ്ങൾ നേടിയെടുക്കാനാണ് നമ്മൾ മസ്ജിദ് നിർമിക്കുന്നത്. കാരണം അല്ലാഹുവിന്റെ ആരാധനക്കുവേണ്ടി ക്ഷണിക്കപ്പെടുന്ന മസ്ജിദുകൾ ജനങ്ങളുടെ അവകാശ സംരക്ഷണത്തിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. എങ്ങനെ സ്വന്തം സമൂഹത്തിന്റെ അവകാശങ്ങൾ നിർവഹിക്കപ്പെടണമെന്നതിന്നുള്ള പദ്ധതികളും മസ്ജിദുകളിൽ നടക്കുന്നു.

മേയർ സാഹിബിന് രണ്ടാമതും ഞാൻ നന്ദി രേഖപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം ഞാനിവിടെ വന്നതിന്റെ ആതിഥേയത്വ അവകാശം നിർവഹിച്ചുകൊണ്ട് വളരെയധികം ജർമൻ അതിഥികൾ ഇവിടെ ഉണ്ടായിരുന്നിട്ടും എനിക്ക് മനസ്സിലാകുന്ന ഭാഷയിലാണ് സംസാരിച്ചത്. അദ്ദേഹത്തിന് ജർമൻ ഭാഷ അറിയാമായിരുന്നു. അദ്ദേഹത്തിന് അറിയാവുന്ന ഭാഷയിൽ എനിക്ക് സംസാരിക്കാൻ സാധിക്കാത്തതിൽ ഒപ്പം ഞാനദ്ദേഹത്തോട് ക്ഷമാപണം നടത്തുകയാണ്. ഇക്കാര്യത്തിൽ എന്നോട് അദ്ദേഹം ക്ഷമിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. മേയർ സാഹിബും ഇവിടെയുള്ള അഹ്മദികളുടെ ധാരാളം പ്രത്യേകതകളെ കുറിച്ച് പറയുകയുണ്ടായി. ഈ പ്രത്യേകതകൾ അഹ്മദികളിൽ എന്നും നിലനില്ക്കാനും അതിൽ വർധന വന്നുകൊണ്ടിരിക്കാനും അല്ലാഹു തുണയ്ക്കുമാറാകട്ടെ. മസ്ജിദിന്റെ ചുവരുകൾ ഉയരുന്നതിനനുസരിച്ച്, അഥവാ മസ്ജിദിന്റെ നിർമാണം പൂർത്തിയാകുന്നതിനനുസരിച്ച് ഇവിടെ താമസിക്കുന്നവരുടെ ആത്മാർഥതയിലും കൂറിലും അയൽവാസികളോടുള്ള ബന്ധങ്ങളിലും ഇതുപോലെ വർധന വന്നുകൊണ്ടിരിക്കുമാറാകട്ടെ. ഈ മസ്ജിദ് പൂർണ്ണമാകുമ്പോൾ അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമ പൂർത്തീകരണമല്ലാതെ മറ്റൊന്നും ഇവിടെ ദൃശ്യമാകാതിരിക്കട്ടെ. എന്നല്ല ഓരോ അഹ്മദിയും യഥാർഥ നിലയിൽ അല്ലാഹുവിനോടുള്ള കടമകൾ നിർവഹിക്കുന്നവരാകട്ടെ. സമസൃഷ്ടികളോടുള്ള കടമകൾ പൂർത്തിയാക്കുന്നവരാകട്ടെ.

അതിലും വർധന വന്നുകൊണ്ടിരിക്കുമാറാകട്ടെ.
ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: അമീർ സാഹിബ് തന്റെ പ്രസംഗത്തിൽ മസ്ജിദിന്റ ആകെ വിസ്തീർണം പറഞ്ഞു. അതായത് ഒരു വീടെന്ന നിലയിൽ നോക്കുകയാണെങ്കിൽ ഇതിൽ ഒന്നോ രണ്ടോ കുടുംബങ്ങൾക്ക് താമസിക്കാം. പക്ഷേ, ഇവിടെ ജമാഅത്താണ് വരേണ്ടത്. മസ്ജിദിൽ വന്ന് ഏക ദൈവത്തെ ആരാധിക്കേണ്ടതാണ്; അല്ലാഹുവിനോടുള്ള കടമകൾ നിർവഹിക്കപ്പെടേണ്ടതാണ്. പിന്നീട് സമസൃഷ്ടികളോടുള്ള കടമകളും നിറവേറ്റപ്പേടേണ്ടതുണ്ട്. നിങ്ങളുടെ മനസ്സുകളേയും തുറക്കണം. പൊതുവേ വീടുകളിലെ ഒരു മുറിയിൽ ഒന്നോ രണ്ടോ പേരാണ് താമസിക്കുന്നത്. എന്നാൽ, ഹൃദയത്തെ തുറക്കാനുള്ള വിശാലത കാണിച്ചാൽ അതിഥി വന്നാലും അദ്ദേഹത്തേയും താമസിപ്പിക്കുന്നു. ചില അവസരങ്ങളിൽ രണ്ടുപേർ താമസിക്കുന്ന മുറിയിൽ പത്ത് പേർക്കും താമസിക്കുന്നതിനുള്ള ഏർപ്പാട് ചെയ്യപ്പെടുന്നു. നമ്മുടെ മസ്ജിദ് നിർമിക്കപ്പെടുന്നതുതന്നെ ഇവിടെ ആരാധനക്ക് വരുന്നവരെ തുറന്ന മനസ്സോടെ സ്വാഗതം ചെയ്യാനാണ്. ഇവിടെ കൂടുതലാളുകളെ ഉൾക്കൊള്ളാൻ ശ്രമിക്കേണ്ടതാണ്. മസ്ജിദിൽ വരുന്ന ഓരോ വ്യക്തിയും താൻ അല്ലാഹുവിനോടുള്ള കടമ നിർവഹിക്കുന്ന ആളാണെന്നും അവന്റെ സിഫത്ത് അഥവാ വിശേഷ ഗുണങ്ങൾ സ്വായത്തമാക്കുന്നവനാണെന്നും സമസൃഷ്ടികളുടെ കടമകൾ സംരക്ഷിക്കുന്ന ആളാണെന്നുമുള്ള വിചാരത്തോടെ വരുമ്പോഴാണ് ഈ സാഹചര്യം ഉണ്ടാകുന്നത്. സൃഷ്ടികളോടുള്ള കടമ നിർവഹിക്കണമെന്ന ദൈവേച്ഛ നിർവഹിക്കുന്നതിന് പൂർണ ശ്രമം നടത്തേണ്ടതാണ്. അതിനാൽ ഇക്കാര്യം അഹ്മദികൾ ശ്രദ്ധിക്കുകയും മസ്ജിദ് നിർമിക്കുന്നതോടൊപ്പം അതിന്റെ കൂടുതൽ പ്രകടനം ഉണ്ടാകുകയും ചെയ്യുമ്പോൾ ഇൻശാ അല്ലാഹ് ഇവിടെ താമസിക്കുന്ന ജനതയ്ക്ക്, അഹ്മദികൾ സ്നേഹവും സാഹോദര്യവും പ്രചരിപ്പിക്കുന്നവരാണെന്ന് കൂടുതൽ മനസ്സിലാകും. ഇതു തന്നെയാണ് നമ്മുടെ അധ്യാപനമെന്നും നമ്മുടെ ലക്ഷ്യമെന്നും അവർക്ക് വ്യക്തമാകും. അല്ലാഹു ഈ ഉദ്ദേശ്യം ലഭ്യമാകുന്നതിന് നിങ്ങളെ തുണക്കുമാറാകട്ടെ. എല്ലാ രൂപത്തിലും ഈ മസ്ജിദിനോടുള്ള കടമ നിർവഹിക്കുന്നതിൽ അവൻ നിങ്ങളെ സഹായിക്കുമാറാകട്ടെ– ആമീൻ. ഹുദൂർ അൻവറിന്റെ ഈ പ്രഭാഷണം 12.30 വരെ നീണ്ടുനിന്നു. പ്രഭാഷണാനന്തരം ഹുദൂർ ശിലാകർമം നടക്കേണ്ട സൈറ്റിലേക്ക് പോവുകയും ദുആയോടുകൂടി ശിലാകർമം നിർവഹിക്കുകയും ചെയ്തു. ഇതിന്നു ശേഷം ഹദ്റത്ത് ബീഗം സാഹിബ മദ്ദ ളില്ലഹാ രണ്ടാമത്തെ കല്ല് വെച്ചു. ശേഷം ചുവടെ പേർ ചേർക്കുന്ന ജമാഅത്ത് ഭാരവാഹികൾക്കും സഹോദരന്മാർക്കും കല്ല് വെക്കാനുള്ള സൗഭാഗ്യം ലഭിച്ചു.

1. അഹ്മദിയ്യാ ജമാഅത്ത് ജർമനി നാഷണൽ അമീർ, അബ്ദുല്ലാഹ് വാഗസ് ഹൗസർ സാഹിബ്
2. മേയർ ഹേർബേർട്ട് മുള്ളർ(Herbert Muller) സാഹിബ്.
3. നാഷണൽ പാർലമെന്റ് മെമ്പർ എം. പി. ബെറ്റിനാ മുള്ളർ(Bettina Muller)സാഹിബ.
4. അഡീഷണൽ വക്കീലുത്തബ്ശീർ അബ്ദുൽ മാജിദ് ത്വാഹിർ സാഹിബ്.
5. ജർമനി മുബല്ലിഗ് ഇൻചാർജ് ഹൈദർ അലി ളഫ്ർസാഹിബ്.
6. അഡീഷണൽ വക്കീലുൽമാൽ മുബാറക് അഹ്മദ് ളഫ്ർ സാഹിബ്.
7. പ്രൈവറ്റ് സെക്രട്ടറി മുനീർ അഹ്മദ് ജാവേദ് സാഹിബ്.
8. റീജ്യണൽ മുഅല്ലിം മഖ്സൂദ് അഹ്മദ് അലവി സാഹിബ്.
9. ചൗദ്ദരി ഇഫ്തിഖാർ സാഹിബ്.
10. സ്വദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഹസനാത്ത് അഹ്മദ് സാഹിബ്.
11. സ്വദർ ലജ്നാ ഇമായില്ലാഹ് ജർമനി അമത്തുൽ ഹയ്യ് സാഹിബ.
12. അഡീഷണൽ സെക്രട്ടറി ഉമൂറെ ഖാരിജ, രാജ മുഹമ്മദ് യൂസുഫ് സാഹിബ്.
13. റീജ്യണൽ അമീർ മുസഫ്ഫർ അഹ്മദ് സാഹിബ്.
14. സ്വദർ ജമാഅത്ത് ഫ്ളോർസ്റ്റഡ്റ്റ്(Florstadt) ത്വാഹിർ അഹ്മദ്.
15 സെക്രട്ടറി മാൽ ഫ്ളോർസ്റ്റഡ്റ്റ്(Florstadt) കാശിഫ് അസീസ് സാഹിബ്.
16. സയീം അൻസ്വാറുല്ലാഹ്, ഫ്ളോർസ്റ്റഡ്റ്റ് (Florstadt) ഇദ്‌രീസ് അഹ്മദ് സാഹിബ്.
17. ഖാഇദ് മജ്‌ലിസ് ഫ്ളോർസ്റ്റഡ്റ്റ്(Florstadt) അർസലാൻ സ്വാദിഖ് സാഹിബ്.
18. സ്വദർ ലജ്ന ഫ്ളോർസ്റ്റഡ്റ്റ്(Florstadt) ബുശ്റാ ഇനാം സാഹിബ.
19. വാഖിഫാത്തെ നൗ അസീസ മദീഹ അസീസ് അഹ്മദ് .
20. വാഖിഫെ നൗ അസീസം മുഹമ്മദ് അൻവർ.
21. മുബാറക് അഹ്മദ് ജമീൽ സാഹിബ്.

ശേഷം ഹുദൂർ ദുആയ്ക്ക് നേതൃത്വം നല്കി. തുടർന്ന് ഹുദൂർ ലജ്നാ ഇമാഇല്ലായുടെ പന്തലിലേക്ക് പോയി. പെൺകുട്ടികൾ പ്രാർഥനാപദ്യം ആലപിച്ചു. പെൺകുട്ടികൾക്ക് ഹുദൂർ ചോക്ലേറ്റ് നല്കി. തുടർന്ന് അതിഥികളുടെ പന്തലിലെത്തിയ ഹുദൂർ എല്ലാവരോടുമൊപ്പം ഉച്ചഭക്ഷണം കഴിച്ചു. ഇന്നത്തെ പരിപാടിയിൽ സുമാർ 180 അതിഥികൾ പങ്കെടുത്തു. ഇവരിൽ പാർലമെന്റംഗം ബെറ്റിനാ മുള്ളർ (Bettina Mullar)സാഹിബ, ഫ്ളോർസ്റ്റാഡ്റ്റ് (Florstadt) മേയർ ഹെർബെർട്ട് മുള്ളർ(Herbert Muller)സാഹിബ്,നിഡ്ഡാ(Nidda)പട്ടണത്തിന്റെമേയർ ഹാൻസ് പീറ്റർ സിയും(Hans-Peter Seum), സിറ്റി കൗൺസിലർ അംഗങ്ങൾ, സ്കൂളിന്റെ പ്രിൻസിപ്പൽ, രാഷ്ട്രീയപ്രവർത്തകർ, അധ്യാപകർ, പോലീസ് ചീഫ്, ഡോക്ടർമാർ, വിദ്യാർഥികൾ, ജീവിതത്തിന്റെ വിവിധ തുറകളുമായി ബന്ധമുള്ളവർ ഉൾപ്പെടുന്നു.

ഉച്ചഭക്ഷണത്തിനുശേഷം അതിഥികൾ ഹുദൂറിന്റെയടുക്കൽ ക്രമാനുഗതമായി വന്ന് മുലാഖാത്ത് ചെയ്തു. ഹുദൂർ വാത്സല്യാപൂർവം അതിഥികളോടു സംസാരിച്ചു. നാഷണൽ പാർലമെന്റംഗവും മേയറുമായ ഹെർബെർട്ട് ഉൻഗറും(Herbert Unger) ഹുദൂറിനോടൊപ്പം ഫോട്ടോ എടുത്തു. അതിഥികളെ കണ്ടതിന്നുശേഷം ഹുദൂർ പന്തലിനു പുറത്തേക്കു വന്നു. പ്രാദേശിക ജമാഅത്തിന്റെ മജ്‌ലിസെ ആമില അംഗങ്ങൾ ഹുദൂറിനോടൊപ്പം ഫോട്ടോ എടുത്തു. ഈ സമയത്ത് കുട്ടികൾ ഒരു ഭാഗത്ത് അണിയായി നിന്നിരുന്നു. ഹുദൂർ വാത്സല്യാപൂർവം കുട്ടികൾക്ക് ചോക്ലേറ്റ് നല്കി.

ഇവിടെ നിന്ന് ഹുദൂർ മടങ്ങുന്ന സമയമായിരുന്നു ഇത്. ആൺകുട്ടികളും പെൺകുട്ടികളും സംഘഗാനം ആലപിച്ചു കൊണ്ടിരുന്നു. ഹുദൂർ മടങ്ങുന്നതിന്നുമുമ്പേ അല്പസമയം ജമാഅത്തംഗങ്ങൾക്കിടയിൽ കഴിച്ചു കൂട്ടി. 1.45–ന് ഹുദൂർ മടങ്ങി. 35 മിനിറ്റ് യാത്രയ്ക്കുശേഷം 2.20–ന് ബയ്ത്തുസ്സബൂഹിലെത്തി. ളുഹ്ർ–അസ്ർ നമസ്കാരശേഷം ഹുദൂർ മൻഹൈയിം ജമാഅത്ത് സ്വദർ ഡോക്ടർ അബ്ദുൽഗനി സാഹിബിന്റെ ഹാജർ ജനാസ നമസ്കാരവും പരേതരായ മറ്റുരണ്ടുപേരുടെ – ഇന്ത്യയിലെ ഗുജ്റാത്തിൽ മുഅല്ലിമായി ഖിദ്മത്ത് ചെയ്തു വന്ന മുഹമ്മദ് നാസിർ സാഹിബിന്റേയും ജർമനിയിലെ ഹനൗ(Hanau) ജമാഅത്തംഗം തഖ്ത്ത് ഹസാറ സ്വദേശിയായ ശെയ്ഖ് സയീദ് അഹ്മദ് സാഹിബിന്റേയും ജനാസ ഗായിബും നമസ്കരിപ്പിച്ചു. ഡോക്ടർ അബ്ദുൽഗനി ഖയ്സർ സാഹിബ് 2015 ഒക്ടോബർ 13–നാ ണ് 57–ാമത്തെ വയസ്സിൽ വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 1989ൽ അദ്ദേഹം തന്റെ ഭാര്യയോടൊപ്പം ജർമനിയിലെത്തി. പാവപ്പെട്ട രോഗികളെ സൗജന്യമായി അദ്ദേഹം ചികിത്സിച്ചിരുന്നു. ഖിലാഫത്തിനോട് സ്നേഹത്തിന്റേയും ആത്മാർഥതയുടേയും ബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. ഭാര്യയെ കൂടാതെ 2 മക്കളും അനന്തരാവകാശികളുണ്ട്. മർഹൂം മുഹമ്മദ് നാസിർ സാഹിബ് 2015 ഒക്ടോബർ 5 ന് 39–ാമത്തെ വയസ്സിൽ ഹൃദയാഘാതത്തെ തുടർന്നാണ് വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 2001 ആഗസ്റ്റിൽ ജീവിതം വഖ്ഫ് ചെയ്ത് ജമാഅത്തുൽമുബശ്ശിരീനിൽ ചേർന്നു. 2004–ൽ മുഅല്ലിം പഠനം പൂർത്തിയാക്കിയതിനു ശേഷം ഗുജറാത്തിലെ വിവിധ ജമാഅത്തുകളിൽ 11 വർഷം സേവനം ചെയ്തു. പരേതൻ മൂസിയായിരുന്നു. സന്തപ്ത കുടുംബത്തിൽ മാതാവും ഭാര്യയും 2 മക്കളുമാണുള്ളത്.

മർഹൂം ശെയ്ഖ് സയീദ് അഹ്മദ് സാഹിബ് 2015 സെപ്റ്റംബർ 27–ന് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹം വാഗ്ദത്ത മസീഹിന്റെ സ്വഹാബിയായിരുന്ന തഖ്ത് ഹസാറയിലെ ഹദ്റത്ത് ശെയ്ഖ് പീർ മുഹമ്മദ് സാഹിബിന്റെ പൗത്രനായിരുന്നു. ഖിലാഫത്തിനോടുള്ള അനുസരണവും കൂറും അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. അദ്ദേഹത്തിന്റെ ഒരു മകൻ മുനീർ അഹ്മദ് മുനവ്വർ സാഹിബ് ആസ്ട്രേലിയായിൽ മുബല്ലിഗാണ്. ഒരു പൗത്രൻ കമാൽ അഹ്മദും ജീവിതം വഖ്ഫ് ചെയ്ത മുബല്ലിഗാണ്.

ജനാസ നമസ്കാരത്തിനു ശേഷം ഹുദൂർ മസ്ജിദ് ഹാളിലേക്ക് പോയി. ളുഹ്ർ–അസ്ർ നമസ്കാരങ്ങൾ ജംആക്കി നിർവഹിച്ചതിന്നു ശേഷം താമസസ്ഥലത്തേക്കു മടങ്ങി. പ്രോഗ്രാമനുസരിച്ച് 5.30–ന് ഹുദൂർ ഓഫീസിലെത്തി. ജർമൻ അമീർ സാഹിബ്, അഡീഷണൽ വക്കീലുൽ മാൽ സാഹിബ് ലണ്ടൻ, അഡീഷണൽ വക്കീലുത്തബ്ശീർ സാഹിബ് ലണ്ടൻ എന്നിവർ ഓരോരുത്തരായി ഹുദൂറിനെ കണ്ടു. ഹുദൂറിൽനിന്ന് വിവിധ വിഷയങ്ങളിൽ മാർഗദർശനം തേടി.

ശേഷം കുടുംബ മുലാഖാത്ത് ആരംഭിച്ചു. ഇന്ന് വൈകുന്നേരത്തെ ഈ സെഷനിൽ 32 കുടുംബങ്ങളിൽ നിന്നുള്ള 97 അംഗങ്ങളും വ്യക്തിപരമായി 22 പേരും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ കണ്ട് സായൂജ്യമടഞ്ഞു. മൊത്തം 119 പേരാണ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയത്. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം ലഭിച്ചു. വിദ്യാർഥി–വിദ്യാർഥിനികൾക്ക് പേനയും

## തിരുനബിയുടെ തിരുമൊഴികൾ:

**ഇബ്നു ഉമറിൽ നിന്ന്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: 'നബി(സ) ഖുർആൻ ഓതും. സുജൂദുള്ള ഏതെങ്കിലും സൂറത്ത് അവിടന്ന് ഓതിയാൽ സുജൂദ് ചെയ്യും. ഒപ്പം ഞങ്ങളും സുജൂദ് ചെയ്യും.' (മുസ്‌ലിം, ഹദീഥ് 353)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

## തിരുനബിയുടെ തിരുമൊഴികൾ:

**ബറാഉബ്നു ആസിബ്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: 'നബി(സ)തിരുമേനി സ്വുബ്ഹിലും മഗ്‌രിബിലും ഖുനൂത് ഓതാറുണ്ടായിരുന്നു.' (മുസ്‌ലിം, ഹദീഥ് 357)**

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

EDITOR
H.Shamsuddin
Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
POSTAL REG NO GDP- 44/2020-2022 Vol-5 Thursday 12 November 2020 Issue-46

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും ഹുദൂർ നല്കി. ഫ്രാങ്ക്ഫർട്ടിലെ വിവിധ ഹൽഖകളെ കൂടാതെ ജർമനിയിൽ നിന്നുള്ള 27 ജമാഅത്തംഗങ്ങളും ഇവരിൽ പെടുന്നു. ചില കുടുംബങ്ങൾ നീണ്ട ദൂരം യാത്ര ചെയ്താണ് ഇവിടെ എത്തിയത്. ഹംബർഗിൽനിന്നു വന്ന കുടുംബങ്ങൾ 560 കിലോ മീറ്റർ യാത്ര ചെയ്താണെത്തിയത്.

പാക്കിസ്താനിൽ നിന്ന് 2 പേരും സിറിയയിൽനിന്ന് ജർമനിയിൽവന്ന 8 അഹ്മദി കുടുംബങ്ങളും 5 പേർ വ്യക്തിപരമായും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ കണ്ടു. കൂടിക്കാഴ്ചയുടെ ഈ പരിപാടി 8.25 വരെ നീണ്ടു. ശേഷം ഹുദൂർ റസ്സൽ ശെയിം(Russelsheim) ജമാഅത്തിലെ ശെയ്ഖ് മുഹമ്മദ് യഅ്ഖൂബ് സാഹിബിന്റെ ജനാസ നമസ്കരിപ്പിച്ചു. ഒക്ടോബർ 18-ന് 69-ാം വയസ്സിലാണ് അദ്ദേഹം വഫാത്തായത്. അദ്ദേഹത്തിന്റെ പിതാവ് മിയാൻ ഫള്ലുദ്ദീൻ സാഹിബ് ദർവേശ് ഖാദിയാനാണ്. അദ്ദേഹം മൂസ്വിയായിരുന്നു. 1984-ലാണ് ജർമനിയിലെത്തിയത്.

ജനാസ നമസ്കാരത്തിനുശേഷം മസ്ജിദിലെത്തിയ ഹുദൂർ മഗ്രിബ്-ഇശാ ജംഅ്ആക്കി നമസ്കരിപ്പിച്ചു. ശേഷം 8 നിക്കാഹുകൾ ഹുദൂർ വിളംബരം ചെയ്തു.

### നിക്കാഹ് വിളംബരം

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയക്കുശേഷം നിക്കാഹ് ഖുത്ബയുടെ വചനങ്ങൾ ഹുദൂർ പാരായണം ചെയ്തു. തുടർന്ന് ഹുദൂർ പറഞ്ഞു: നിക്കാഹും വിവാഹവും ഒരു ബന്ധമോ കൂടിച്ചേരലോ മാത്രമല്ല, മറിച്ച് ഇത് വലിയൊരു ഉത്തരവാദിത്വമാണ്. ഓരോ മനുഷ്യനും ഓരോ പുരുഷനും ഓരോ സ്ത്രീയും ഓരോ ആൺകുട്ടിയും പെൺകുട്ടിയും താന്താങ്ങളുടെ ഉത്തരവാദിത്വം മനസ്സിലാക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറയുന്നത്, ഒരു ഭർത്താവ് തന്റെ ഭാര്യയോടുള്ള കടമയെ കുറിച്ച് അറിയുകയും എന്നിട്ട് അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യാത്ത കാരണത്താൽ എത്രവലിയ പാപമാണ് ചെയ്യുന്നതെന്ന് അറിഞ്ഞിരുന്നുവെങ്കിൽ ഒരു പക്ഷേ, അവനൊരിക്കലും വിവാഹം തന്നെ കഴിക്കാൻ മുതിരുകയില്ല. അതുകൊണ്ട് വിവാഹം താൻ നിർവഹിക്കേണ്ട ഒരു ഉത്തരവാദിത്വമാണെന്ന കാര്യം ആൺകുട്ടികൾ എപ്പോഴും ഓർക്കേണ്ടതാണ്. അതിനാലാണ് അല്ലാഹു ആവർത്തിച്ച് നിക്കാഹ് ഖുത്ബയിൽ തഖ്വായിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്. കൂടാതെ ഈ ആയത്തുകളിൽ ഒടുവിലത്തെ ആയത്ത് തന്റെ ഭാവിയെ കുറിച്ച് ശ്രദ്ധിക്കണമെന്നും സ്വന്തം പ്രവൃത്തിയിലേക്ക് ദൃഷ്ടി പായിക്കണമെന്നും അതിന്റെ പ്രതിഫലം പരലോകത്തിൽ എന്താണെന്ന് നോക്കണമെന്നും ഉണർത്തുന്നതാണ്.

സ്വന്തം തലമുറയ്ക്കുവേണ്ടി, അവർ നാളെ നിങ്ങൾക്ക് അനുഗൃഹീതമായി തീരാൻ തക്കവിധം ശിക്ഷണം നല്കുക എന്നതാണ് രണ്ടാമത്തെ കാര്യം. നിങ്ങൾക്കുവേണ്ടി ദുആ ചെയ്യുന്നവരായി മാറണം. ആൺകുട്ടിയും പെൺകുട്ടിയും മാതാവും പിതാവും നന്മയിൽ ഉറച്ച് നിന്നെങ്കിലേ ഈ രൂപം സാധ്യമാകുകയുള്ളൂ. പരസ്പരമുള്ള ഉത്തരവാദിത്വങ്ങൾ ഇരുവരും നിർവഹിക്കേണ്ടതാണ്. പിന്നീട് ജനിക്കുന്ന സൽപ്രകൃതക്കാരായ മക്കളെ തങ്ങൾക്കുവേണ്ടി ഭാവിയിൽ ദുആ ചെയ്യുന്നവരാകും വിധത്തിൽ ശിക്ഷണം നല്കി വളർത്തുക.

അതുകൊണ്ട് പെൺകുട്ടിക്കും ഉത്തരവാദിത്വങ്ങളുണ്ടെന്ന് വിവാഹാവസരത്തിൽ ഓർക്കേണ്ടതാണ്. സ്വന്തം വീടിനെ നയിക്കുക, സ്വന്തം വീടിനെ ശ്രദ്ധിക്കുക, കുട്ടികളുടെ ശിക്ഷണം തുടങ്ങിയ കാര്യങ്ങൾ പെൺകുട്ടിയുടെ ഉത്തരവാദിത്വമാണ്. മാതാവിന്റെ കാല്പാദത്തിനു കീഴിൽ സ്വർഗം വെക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് മക്കൾക്ക് നല്ല ശിക്ഷണം നൽകാൻ വേണ്ടിയാണ്. ഇപ്രകാരം മക്കളെ സ്വർഗത്തിന്റെ അവകാശികളാക്കാനാണ്. ഇക്കാര്യം കൊണ്ട് സ്വയവും സ്വർഗത്തിൽ പ്രവേശിക്കാൻ സാധിക്കുന്നവരാകും. അതുകൊണ്ട് ഇരുവിഭാഗവും വിവാഹം കഴിക്കുമ്പോൾ ഇതു വളരെ വലിയ ഒരു ഉത്തരവാദിത്വമാണെന്ന് എപ്പോഴും ഓർക്കേണ്ടതാണ്. അത് പരസ്പരം നിർവഹിക്കേണ്ടതാണ്. ഈ അടിസ്ഥാനത്തിൽ മക്കളോടുള്ള കടമയും നിർവഹിക്കേണ്ടതാണ്. അവരേയും അല്ലാഹുവിനോട് ചേർത്ത് വെക്കേണ്ടതാണ്. അവന്റെ കൽപനയനുസരിച്ച് പ്രവർത്തിക്കുന്നവരും അവന്റെ അധ്യാപനങ്ങളനുസരിച്ച് ചരിക്കുന്നവരും ആക്കേണ്ടതാണ്. ഇപ്രകാരം നിങ്ങളുടെ മക്കൾ നന്മകൾ കരസ്ഥമാക്കുന്നവരായി തീരുമാറാകട്ടെ. സ്വന്തം പരലോകത്തെ നന്നാക്കുന്നവരും നിങ്ങൾക്കുവേണ്ടി ദുആ ചെയ്യുന്നവരും ആയിത്തീരട്ടെ. ഇന്ന് ഇവിടെ ഒന്നു ചേരുന്ന ബന്ധങ്ങൾ ഇക്കാര്യങ്ങൾ ശ്രദ്ധയിൽ വെക്കുന്നവരായിത്തീരാൻ അല്ലാഹു തുണയ്ക്കുമാറാകട്ടെ.

നിക്കാഹ് ഖുത്ബയുടെ ഒടുവിൽ ഹുദൂർ ചുവടെ ചേർക്കുന്ന വധൂവരന്മാരുടെ നിക്കാഹുകൾ വിളംബരപ്പെടുത്തി.

1. ഗുലാം സർവർഗുൽ സാഹിബിന്റെ മകൾ അസീസ ദറഖ്ശന്ദ ഗുലിന്റെ നിക്കാഹ് ഇൽയാസ് അഹ്മദ് മുലബ്ബി സാഹിബിന്റെ മകൻ, മുറബ്ബി സിൽസില അസീസം മഹ്മൂദ് അഹ്മദ് മുലബ്ബി സാഹിബുമായി നടന്നു.
2. ഇംതിയാസ് അഹ്മദ് സാഹിബിന്റെ മകൾ അസീസ ത്വൂബ അഹ്മദിന്റെ നിക്കാഹ് ത്വാരിഖ് അഹ്മദ് സാഹിബ് ബട്ടിന്റെ മകൻ ജാമിഅ അഹ്മദിയ്യ ജർമനിയിലെ അധ്യാപകനായ അസീസം സ്വാദിഖ് അഹ്മദ് ബട്ടുമായി നടന്നു.
3. ഉമയ്ർ സയീദ് സാഹിബിന്റെ മകൾ അസീസ നുദ്റാ റാഞ്ചയുടെ നിക്കാഹ് ഇക്റാമുല്ലാഹ് റാഞ്ചാ സാഹിബിന്റെ മകൻ ജാമിഅ അഹ്മദിയ്യാ ജർമനിയിലെ അധ്യാപകനായ അസീസം അദ്നാൻ അഹ്മദുമായി നടന്നു.
4. ജാവേദ് ഇഖ്ബാൽ സാഹിബ് സഫ്റിന്റെ മകൾ അസീസ മിസ്ബാഹ് ജാവേദിന്റെ നിക്കാഹ് ത്വാഹിർ അഹ്മദ് സാഹിബിന്റെ മകൻ അസീസം അത്ഹർ അഹ്മദ്, വഖ്ഫെ നൗവുമായി നടന്നു.

(തുടരും)

(പേജ് 1ൽനിന്ന്)

ഇതിനോടുള്ള കടമനിറവേറ്റുമെന്ന് വാഗ്ദാനം ചെയ്യുന്ന ആൾക്കായിരിക്കും ഞാനിത് നല്കുക. ധാരാളമാളുകൾ അതു വാങ്ങാൻ എഴന്നേറ്റുനിന്നു. നബി(സ)തിരുമേനി അബൂദുജാന അൻസ്വാരിക്ക് ആ വാൾ നല്കി. യുദ്ധത്തിൽ ഒരിടത്ത് മക്കക്കാരുടെ കുറച്ചു പട്ടാളക്കാർ അബൂദുജാനയെ ആക്രമിച്ചു. അദ്ദേഹം അവരുമായി പോ രാടുകയായിരുന്നു. അപ്പോൾ ഒരു പട്ടാളക്കാരൻ അതിശക്തമായ ആവേശത്തോടെ യുദ്ധത്തിൽ പങ്കെടുക്കുന്നത് അദ്ദേഹം കണ്ടു. അയാൾ വാൾ കൈയിലേന്തുകയും അയാളിലേക്ക് ചാടിവീഴുകയും ചെയ്തു. പക്ഷേ, പിന്നീട് അയാളെ ഒഴിവാക്കി പിന്തിരിഞ്ഞു. എന്തുകൊണ്ടാണ് അയാളെ ഒഴിവാക്കിയതെന്ന് അദ്ദേഹത്തിന്റെ ഒരു സുഹൃത്ത് ചോദിച്ചു. അദ്ദേഹം മറുപടി പറഞ്ഞു: 'ഞാൻ അയാളുടെ അടുത്തുപോയപ്പോൾ അയാളുടെ വായിൽനിന്ന് ഒരു വാക്യം പുറത്തുവന്നു; അതിൽനിന്ന് എനിക്കു മനസ്സിലായി അത് പുരുഷനല്ല സ്ത്രീയാണെന്ന് !' അദ്ദേഹത്തിന്റെ സുഹൃത്ത് പറഞ്ഞു: 'എന്തായാലും അവർ പട്ടാളക്കാരെപ്പോലെ സൈന്യത്തിൽ യുദ്ധം ചെയ്യുകയായിരുന്നല്ലോ? അപ്പോൾ പിന്നെന്തിനാണ് താങ്കൾ അവരെ വിട്ടത്? ഹദ്റത്ത് അബൂദുജാന(റ) പറഞ്ഞു: 'നബി(സ)തിരുമേനി എനിക്കു നല്കിയ വാള് ദുർബലയായ ഒരു സ്ത്രിയുടെ മേൽ വീശുക എന്നത് എനിക്ക് സഹിച്ചില്ല. നബി(സ)തിരുമേനി സ്ത്രീകളെ ആദരിക്കാനും ബഹുമാനിക്കാനും എപ്പോഴും പറയുമായിരുന്നു. ഇക്കാരണത്താൽ സത്യനിഷേധികളായവരിലെ സ്ത്രീകൾ കൂടുതൽ തന്റേടത്തോടെ മുസ്ലിമീങ്ങൾക്ക് നഷ്ടം വരുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ, എന്നിട്ടും മുസ്ലിമീങ്ങൾ ഇക്കാര്യങ്ങൾ സഹിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണുണ്ടായത്. ആ ഒരു സ്ത്രീ മാത്രമെ ഉണ്ടായിരുന്നുള്ളു. അവർ ആരംഭംമുതൽ അവസാനംവരെ യുദ്ധത്തിൽ പങ്കെടുത്തുകൊണ്ടിരുന്നു. വീരമൃത്യു വരിച്ച മുസ്ലിം പട്ടാളക്കാരുടെ മൂക്കും ചെവിയും അരിയുന്നതിൽ അവർ വളരെ കുപ്രസിദ്ധയായിരുന്നു. അതായത് ഹിന്ദ. മക്ക ഫതഹിന്റെ നേരത്ത് അവരെ കൊല്ലാൻ മാത്രമാണ് നബി(സ)തിരുമേനി കല്പിച്ചത്. എന്നാൽ, അവർ മറ്റു സ്ത്രീകളോടൊപ്പം വരികയും മുസ്ലിമാകുകയും ചെയ്തു. നബി(സ), പിന്നീടൊന്നും അവരെ പറഞ്ഞില്ല. കാരണം നബി(സ)തിരുമേനി പറഞ്ഞു:' അവരുടെ എല്ലാ പാപങ്ങളും തൗബ കഴുകിക്കളഞ്ഞിരിക്കുന്നു.' (തഫ്സീറെ കബീർ വാള്യം 2, പേജ് 421- 422, ഖദിയാൻ 2010)

**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**
രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.
**1800 3010 2131**
ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

### തിരുനബിയുടെ തിരുമൊഴികൾ:

**അബൂസയീദിൽ ഖുദ്രി(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങളിൽ ആർക്കെങ്കിലും നമസ്കാരത്തിൽ കോട്ടുവാ ഇടാനുണ്ടായാൽ അവൻ കൈകൊണ്ട് വായ പൊത്തട്ടെ. കാരണം പിശാച് പ്രവേശിക്കുക അതിലൂടെയാണ്.'(മുസ്ലിം, ഹദീഥ് 345)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family, Ahmadiyya Jama-ath Karulai, Kerala**

### തിരുനബിയുടെ തിരുമൊഴികൾ:

**ഹഫ്സ്വ(റ)യിൽ നിന്ന് നിവേദനം. അവർ പറഞ്ഞു: 'പ്രഭാതം വെളിവായാൽ നബി(സ)തിരുമേനി (സ്വുബ്ഹി നമസ്കാരത്തിനുമുമ്പേ സുന്നത്തായി) ലഘുവായ രണ്ട് റക്അത്തല്ലാതെ നമസ്കരിക്കാറുണ്ടായിരുന്നില്ല.'(മുസ്ലിം, ഹദീഥ് 358)**

**ത്വാലിബെ ദുആ:**
**P.P.Raheem & Family, Ahmadiyya Jama-ath Payangadi, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin